# കരയോഗ സൗഹൃദം


സത്യം പരം ധീമഹി


Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 52

വാല്യം - 16 ലക്കം - 5 മേടം - 1199 മെയ് 2024


100 ERNAKULAM KARAYOGAM CENTENARY 1925-2025



16–ാമത് എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് സമ്മാനിക്കുന്ന ചടങ്ങ് ബഹു: ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.







16–ാമത് എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷൻ ഫോർ മില്ലറ്റ് (ATFAM) ന്റെ ഭാരവാഹികൾക്കും അതോടൊപ്പം പ്രത്യേക ജൂറി അവാർഡ് ശ്രീ. കെ.എം. രാജു പുതിയേടത്തിനും ബഹു:ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ സമ്മാനിച്ചു.





പരിസ്ഥിതി അവാർഡിനോടനുബന്ധിച്ച് നടന്ന കലാപരിപാടികളിൽ ആദിവാസികൾ അവതരിപ്പിച്ച നൃത്തത്തിൽ നിന്ന്



## എഡിറ്റോറിയൽ

# പ്ലാസ്റ്റിക് വിപത്ത്

ഇന്ന് ലോകത്ത് മനുഷ്യന് ഒരു തരത്തിലും ഒഴിവാക്കാൻ പറ്റാത്ത ഒരു വസ്തുവായി മാറികഴിഞ്ഞിരിക്കുകയാണ് പ്ലാസ്റ്റിക്. നമ്മുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് നാം ഉപയോഗിക്കുന്ന സാധനങ്ങളിൽ ഏതാണ്ട് പകുതിയോളമെങ്കിലും പ്ലാസ്റ്റിക് വസ്തുക്കളാണ്. അതായത് രാവിലെ നാം ബാത്ത്റൂമിൽ ഉപയോഗിക്കുന്ന ബക്കറ്റിലും മഗ്ഗിലും തുടങ്ങി ക്യാരിബാഗുകളായാലും സാധനങ്ങൾ ഇട്ടുവെയ്ക്കുന്ന ചെറിയ കണ്ടെയ്നറുകൾ മുതൽ മുകളിലോട്ട് വൻമെഷ്യനുകളിൽ വരെ ഉപയോഗിക്കുന്നുണ്ട് പ്ലാസ്റ്റിക്. ഇങ്ങനെ നമ്മുടെ നിത്യജീവിതവുമായി ഇത്രയേറെ ബന്ധപ്പെട്ടു കിടക്കുന്ന പ്ലാസ്റ്റിക്കിന് ഒട്ടേറെ ഗുണങ്ങളും അതിലേറെ ദോഷങ്ങളുമുണ്ട്. തീരെ ഭാരക്കുറവുള്ളതുകൊണ്ട് പ്ലാസ്റ്റിക്നിർമ്മിത വസ്തുക്കൾ കൊണ്ടുനടക്കാനും ഉപയോഗിക്കാനും ഏറെ സൗകര്യപ്രദമാണ്. ഏത് രൂപത്തിലും ഏത് നിറത്തിലും സാധനങ്ങൾ നിർമ്മിക്കാമെന്നത് മറ്റൊരു പ്രത്യേകത. തുരുമ്പെടുക്കില്ല, വാട്ടർ പ്രൂഫാണ് ഏറെക്കാലം ഈടുനില്ക്കും എന്നിവയെല്ലാം പ്ലാസ്റ്റിക്കിന്റെ സവിശേഷതകൾ തന്നെയാണ്. ഈ പ്രത്യേക ഗുണങ്ങളെല്ലാം കൊണ്ട് ഇന്ന് ലോകം മുഴുവനും പ്ലാസ്റ്റിക് ഒഴിച്ചുകൂടാനാവാത്ത ഒരു വസ്തുവായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നാൽ ഇതിന്റെ ഗുണത്തേക്കാൾ എത്രയോ ഇരട്ടി ദോഷങ്ങളാണ് ഈ പ്ലാസ്റ്റിക് വരുത്തിവെയ്ക്കുന്നതെന്നുള്ളത് ഏറെ ചിന്തനീയമാണ്. നാം അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകളും പ്ലാസ്റ്റിക് കവറുകളും ഫുഡ്കൺടെയ്നേഴ്സുമെല്ലാം ഈ മണ്ണിനേയും ജലത്തേയുമെല്ലാം നിർജ്ജിവമാക്കുക

# ഉള്ളടക്കം

വാല്യം 16 | ലക്കം 5 | മെയ് 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ഭൗമദിനാചരണവും 16-ാമത് പരിസ്ഥിതി അവാർഡ് ദാനവും | 7 |
| ബാലലോകം | 9 |
| വാസ്തു. | 10 |
| ക്ഷേത്രങ്ങളിലൂടെ. | 12 |
| കേരളത്തിന്റെ ശക്തേയ പാരമ്പര്യം 1 | 14 |
| നമ:ശിവായ | 18 |
| ആഗോളതാപനവും കൂട്ടവംശനാശവും | 22 |
| ദൃക്ക്ദൃശ്യ വിവേകം | 26 |
| കാൻസർ രോഗം | 31 |
| ആരാണ് അമ്മ | 34 |
| അജ്ഞാതനായ മഹാൻ | 36 |
| നാടകത്രയങ്ങൾ | 40 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

യാണെന്നുള്ള വസ്തുത അതീവ ഗൗരവത്തോടുകൂടി ചർച്ച ചെയ്യപ്പെടേണ്ട വസ്തുതയാണ്. പ്ലാസ്റ്റിക്ക് കത്തിക്കുമ്പോഴുണ്ടാകുന്ന പുക മാരകമായ രോഗങ്ങൾക്ക് കാരണമാകുമെന്നാണ് ശാസ്ത്ര നിഗമനം. നാം വലിച്ചെറിയുന്ന ഈ പ്ലാസ്റ്റിക്കുകൾ മണ്ണിൽ ലയിക്കാതെ കാലങ്ങളോളം അവിടെതന്നെ കിടക്കും. ക്രമേണ മണ്ണുമായി ഉണ്ടാകുന്ന ഉരസലുകളുടെയും ചലനങ്ങളുടെയും ഒക്കെ ഫലമായി ഇത് ചെറിയ ചെറിയ കഷണങ്ങളായി മാറുന്നു. ഇത്തരം ചെറിയ കഷണങ്ങൾ മണ്ണിൽ അലിയാതെകിടക്കുന്നതുകൊണ്ട് മണ്ണിന് സ്വാഭാവികമായുള്ള ജലത്തെ ഉൾക്കൊള്ളുവാനുള്ള ശേഷി നഷ്ടപ്പെടുന്നു. തൽഫലമായി വൃക്ഷലതാദികളുടെ വേരുകൾക്ക് ജലം ആവശ്യത്തിന് വലിച്ചെടുക്കുവാൻ സാധിക്കാതെ വരുന്നു. ഇതു വഴി മണ്ണിന്റെ ഘടനയ്ക്ക് തന്നെ രൂപമാറ്റം സംഭവിക്കുന്നു. ഇത് ഈ പ്രപഞ്ചത്തിന്റെ നിലനില്പിനെ തന്നെ ഏറെ ദോഷകരമായി ബാധിക്കും എന്നുള്ളതിൽ സംശയമില്ല. ഇതിലും അപകടകരമായ വിധിത്തിലാണ് തോടുകളിലും നദികളിലും ഒക്കെ നമ്മൾ വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഈ പ്രകൃതിയെ നശിപ്പിക്കുന്നത്. എവിടെ വലിച്ചെറിഞ്ഞാലും, അതിൽ നല്ലൊരുഭാഗം ചെന്നെത്തുന്നത് തോടുകളിലും നദികളിലുമാണ്. അവിടെ നിന്ന് കടലിലുമെത്തുന്നു. കടലിൽ നേരിട്ട് ഉപേക്ഷിക്കപ്പെടുന്നതും നദികളിലൂടെ ഒഴുകി എത്തുന്നതുമായ പ്ലാസ്റ്റിക്കുകൾ. ടണ്ണുകണക്കിനാണ് കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടുന്നത്. ഇത് വെള്ളത്തിലോ മണ്ണിലോ ലയിക്കാത്ത കാരണം കൊണ്ട് ദിവസം ചെല്ലുന്തോറും കടലിലുള്ള ഈ മാലിന്യകൂമ്പാരം വലുതായിക്കൊണ്ടേ ഇരിക്കുകയാണ്. കടലിലേക്കുള്ള മാലിന്യ നിക്ഷേപം ഇതേരീതിയിൽ തുടരുകയാണെങ്കിൽ താഴ്ന്ന പ്രദേശങ്ങളിലേയ്ക്കൊക്കെ കടൽ കയറുകയും അവിടമൊക്കെ വെള്ളത്തിനടിയിലാവുകയും ചെയ്യുമെന്നു ള്ളത് തീർച്ചയാണ്. ഇതു കൂടാതെ പ്ലാസ്റ്റിക്കുകൾ പൊടിഞ്ഞുണ്ടാകുന്ന മൈക്രോപ്ലാസ്റ്റിക്കുകൾ മത്സ്യങ്ങളുൾപ്പെടെയുള്ള ജലജീവികൾ ഭക്ഷിക്കുകയും അത് അവയ്ക്കെല്ലാം മരണഹേതുവായി ഫലിക്കുകയും ചെയ്യും. ആകെ കൂടി നോക്കിയാൽ പ്ലാസ്റ്റിക്ക് വരുത്തിവെയ്ക്കുന്ന ദുരന്തത്തെ അതിഭീകരം എന്നു തന്നെ പറയേണ്ടിവരും. ലോകത്തിന്റെ നിലനില്പിനെ തന്നെ ദോഷകരമായി ബാധിക്കുന്ന ഈ വിപത്ത് ഒവിവാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ എല്ലാ രാജ്യങ്ങളും കൈക്കൊള്ളണമെന്നാണ് 2018-ൽ ഇന്ത്യ അഥിധേയത്വം നല്കി ആചരിച്ച അന്താരാഷ്ട്ര പരിസ്ഥിതി ദിനാലോചനയോഗത്തിൽ തീരുമാനമെടുത്തത്. പ്ലാസ്റ്റിക് മാലിന്യത്തെ ചെറുക്കു ക എന്നുള്ളതായിരുന്നു ആ സമ്മേളത്തിന്റ ആപ്തവാക്യം. അതുപോലെ 2010 ജനുവരിയിൽ 50 മൈക്രോണിൽ കുറവുള്ള ക്യാരിബാഗുകളും പ്ലാസ്റ്റിക് സാധനങ്ങളും നിരോധിച്ചുകൊണ്ടുള്ള ഒരു ഉത്തരവുണ്ടായി. എന്നാൽ ഇപ്പോൾ അത് പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടോ? അന്വേഷണവിധേയമാക്കേണ്ട ഒരു അടിയന്തിര വിഷയം തന്നെയാണത്.

50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ മാത്രം നിരോധിച്ചാൽ പോരാ. ഒഴിവാക്കാൻ പറ്റാത്ത അത്യാവശ്യസാധനങ്ങളൊഴികെ മറ്റെല്ലാ സാധനങ്ങളും മണ്ണിനേയും ജലത്തിനേയും പൊതുവെ പ്രകൃതിയെ നശിപ്പിക്കാത്ത വസ്തുക്കൾകൊണ്ട് നി ർമ്മിക്കാനും അവ ഉപയോഗിക്കാനും അടിയന്തിരമായി തന്നെ തുടങ്ങണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. അതുപോലെതന്നെ മുഴുവൻ പ്ലാസ്റ്റിക് മാലിന്യവും റീസൈക്കിൾ ചെയ്ത് ഉപയോഗപ്രദമാക്കണം. വരും തലമുറകൾക്കുവേണ്ടി നമ്മുടെ ഈ പ്രകൃതിയെ ഇതുപോലെ കൈമാറണമെങ്കിൽ ഇതെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തേ മതിയാവൂ. കോവിഡിനേയും മറ്റ് മാരകരോഗങ്ങളേയും ഒന്നായി നിന്ന് നാം പ്രതിരോധിച്ചതിലും ശക്തിയായി, സംഘടിതമായി ഈ പ്ലാസ്റ്റിക് വിപത്ത് ഒഴിവാക്കുവാനുള്ള കഠിനശ്രമത്തിലേർപ്പെടാം.! നമ്മുടെ മണ്ണും ജലവും വായുവും സംരക്ഷിക്കാം. ശുഭപ്രതിക്ഷയോടെ

ജയ്ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

*പ്രിയ കരയോഗാംഗങ്ങളെ,*

**ക**ഴിഞ്ഞ ഒരു നൂറ്റാണ്ടിന്റെ കാലാവസ്ഥ പരിശോധിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെട്ടത് ഈ വർഷമാണ് എന്ന് ശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തുന്നു. നമുക്ക് അറിയാവുന്നതുപോലെ, ലോകത്തു മുഴുവനും സംഭവിച്ചുകൊണ്ടിരിക്കുന്ന പാരിസ്ഥിതികാഘാതങ്ങൾ മൂലവും കാലാവസ്ഥാ വ്യതിയാനങ്ങൾ കൊണ്ടും അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെയും ഒക്കെ ഫലമായി ചൂടും തണുപ്പും മഴയും മഞ്ഞുമെല്ലാം കാലം തെറ്റിയും അവയുടെ ലഭ്യതയുടെ അനുപാതത്തിൽ ഏറെ ഏറ്റക്കുറച്ചിലോടും കൂടിയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ലോകഭൗമദിനത്തിൽ ഇത്തരം വിഷയങ്ങൾ ചിന്തിക്കാതെയും പരിഹാരം കാണാതെയും മുന്നോട്ടുപോകാൻ കഴിയില്ല. പരിസ്ഥിതിയുമായി ഇണങ്ങി ചേർന്ന് കാടും, മലയും, ജലാശയങ്ങളും നശിപ്പിക്കാതെയും മലിനപ്പെടുത്താതെയും സംരക്ഷിച്ചുകൊണ്ടും മുന്നോട്ട് പോയേ കഴിയൂ. ഈ ഭൂമി എല്ലാ ജീവജാലങ്ങൾക്കും വൃക്ഷലതാദികൾക്കും പക്ഷിമൃഗാദികൾക്കും മനുഷ്യരെപ്പോലെ തുല്യ അവകാശമുള്ളതാണ്. എന്നാൽ ബുദ്ധിമാനായ മനുഷ്യന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കും സുഖസൗകര്യങ്ങൾക്കും വേണ്ടി പ്രകൃതിയെ നിരന്തരം ചൂഷണം ചെയ്യുന്നു. അതിന്റെ ദുരന്തഫലങ്ങൾ നാം ഇപ്പോൾ അനുഭവിക്കാൻ തുടങ്ങിയിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

2024 ലോകഭൗമദിനത്തിൽ എറണാകുളം കരയോഗം പി. എസ്. ഗോപിനാഥൻ നായർ പതിനാറാമത് പരിസ്ഥിതി അവാർഡുമായി ബന്ധപ്പെട്ട് വളരെ വിപുലമായ പരിപാടികളും ബോധവത്ക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയുണ്ടായി. കൊച്ചിയുടെ വിശ്വപാരമ്പര്യം എന്ന വിഷയത്തെ അധികരിച്ച് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടന്ന സെമിനാറിൽ ഡോ. വി. വേണുഗോപാൽ, അധൂന കുന്നത്ത്, ശ്രുതിൻലാൽ എന്നിവർ പങ്കെടുത്തു. എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ശിൽപ്പശാലയിലും ഉച്ചക്ക് 1 മണി മുതൽ അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സിന്റെ ജൈവ ചെറുധാന്യങ്ങളുടെ പ്രദർശനവും 3 മണി മുതൽ പ്രാദേശിക കാലാവസ്ഥാ ദുരന്തങ്ങളെ നേരിടാൻ യുവജനങ്ങൾക്ക് എന്തു ചെയ്യാൻ ആകും എന്ന വിഷയത്തെകുറിച്ച് വിവിധ കോളേജിലെ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ശില്പശാലയും നടന്നു. തുടർന്ന് 6 മണിക്ക് കൂടിയ പൊതുയോഗത്തിൽ വച്ച് 2024 എറണാകുളം കരയോഗം 16–ാമത് പി.എസ്. ഗോപി നാഥൻ നായർ പരിസ്ഥിതി അവാർഡ് ബഹു. ജസ്റ്റിസ് ഹരിശങ്കർ വി മേനോൻ കേരള ഹൈക്കോടതി 'ATFAM നു' സമ്മാനിച്ചു. അതോടൊപ്പം ഗോത്രസമൂഹത്തിന്റെ തനതായ പാട്ടും നൃത്തവും സംഘടിപ്പിക്കുകയുണ്ടായി. ഇത്തവണത്തെ അവാർഡിന് അർഹരായത് അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷൻ ഫോർ മില്ലററ് ('ATFAM ') ആണ്. പരമ്പരാഗതമായ ചെറുധാന്യങ്ങൾ കൃഷിചെയ്ത്, സംരക്ഷിക്കുന്ന ഗോത്രവിഭാഗങ്ങളെ സംഘടിപ്പിച്ച്, സുരക്ഷിതപോഷകാഹാരം നല്കി സമൂഹനന്മയ്ക്കായി പ്രവർത്തിക്കുകയും പരിസ്ഥിതി സംരക്ഷണത്തിനും ജല സംരക്ഷണത്തിനും, വിത്ത് സംരക്ഷണത്തിനും ജൈവവൈവിധ്യ സംരക്ഷണത്തിനും മുൻതൂക്കം നല്കിക്കൊണ്ടും ഭൂമിയിലെ എല്ലാ ജീവജാലങ്ങളും നമ്മോടൊപ്പം ഉണ്ടാവേണ്ടതാണ് എന്ന പ്രകൃതി തത്ത്വം ജീവിതശൈലിയാക്കി, വന്യമൃഗങ്ങളോട് ഇണങ്ങി ജീവിക്കുന്ന ആദിവാസി സമൂഹം നടത്തുന്ന പ്രകൃതിസംരക്ഷണത്തെ പരിഗണിച്ചാണ് 'ATFAM' ന് ഈ വർഷത്തെ

അവാർഡ് സമ്മാനിച്ചത്. അഡ്വ. എ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. പി. രാമചന്ദ്രൻ (വേണു), ശ്രീ. എസ്. ജയതിലകൻ, ഡോ. ജി. മധു, ശ്രീ. രംഗസ്വാമി, ശ്രീ. സി.കെ. കൃഷ്ണൻ എന്നിവർ സംസാരിച്ചു.

2024 ജൂൺ 23ന് കൂടുന്ന 99-ാമത് വാർഷികപൊതുയോഗത്തിന്റെയും 24-28 കാലയളവിലേയ്ക്കുള്ള ഭരണസമിതിയിൽ ഒഴിവു വരുന്ന സ്ഥാനങ്ങളിലേയ്ക്ക് നടത്തേണ്ട തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നോട്ടീസും അംഗങ്ങളുടെ ശ്രദ്ധക്കായി ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എറണാകുളം കരയോഗത്തിന്റെ ഹെറിറ്റേജ് കമ്മിറ്റിയുടെ പ്രതിമാസ ചർച്ച, മെയ് 18-ാം തീയതി ശനിയാഴ്ച വൈകീട്ട് നാലു മണി മുതൽ ആറു മണി വരെ ടിഡിഎം ഹാളിൽ വയലി ഫോക് ലോർ ഗ്രൂപ്പ്, ഫ്രണ്ട്സ് ഓഫ് ഭാരതപ്പുഴ എന്ന സംഘടനയുടെ ഡയറക്ടറായ ശ്രീ വിനോദ് നമ്പ്യാർ,'പൈതൃകം പഠനത്തിൽ നദികളുടെ പങ്ക്' എന്ന വിഷയത്തിനെക്കുറിച്ച് സംസാരിക്കുന്നു.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം 2024 മെയ് 19 വൈകിട്ട് 4 മണിക്ക് ടി.ഡി.എം. ഹാളിൽ. വേണുനാഗവള്ളി അഭിനയിച്ചതും ഡയറക്ട് ചെയ്തതുമായ സിനിമയിലെ പാട്ടുകൾ.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടി 2024 മെയ് 24 വെള്ളിയാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ വെച്ച് ശ്രീമതി. ഗീതാ പത്മകുമാർ കുച്ചിപ്പുടി അവതരിപ്പിക്കുന്നു.

എറണാകുളം കരയോഗം സാഹിതി യോഗത്തിന്റെ 2024 മെയ് മാസത്തെ പരിപാടി 26-ാം തീയതി ഞായറാഴ്ച വൈകീട്ട് 3.30ന് ടി.ഡി.എം. ഹാളിൽ കൂടുന്നു. മലയാറ്റൂരിന്റെ വേരുകൾ. അവതരണം: ശ്രീമതി വിദ്വൽ പ്രഭ. ജെ.എസ്.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കരയോഗത്തിൽ നടത്തുന്ന എല്ലാ പ്രതിമാസ പരിപാടികളിലേയ്ക്കും നിങ്ങളോരോരുത്തരേയും സ്വാഗതം ചെയ്യുന്നു.

ജനറൽ സെക്രട്ടറി

*****

# നോട്ടീസ്

## കരയോഗം അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗം 99-ാം വാർഷിക പൊതുയോഗവും 2024-28 വർഷത്തേയ്ക്കുള്ള കരയോഗം ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 2024 ജൂൺ മാസം 23-ാം തീയതി ഞായറാഴ്ച ടി.ഡി.എം ഹാളിൽ വെച്ച് നടത്തപ്പെടുന്നു.

ഈ വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ് ചിലവ് കണക്കുകൾ എന്നിവ ജൂൺ മാസത്തെ കരയോഗസൗഹൃദം ലക്കത്തിൽ പ്രസിദ്ധികരിക്കുന്നതാണ്.

കരയോഗം ഭരണസമിതിയിലേയ്ക്ക് ജനറൽസെക്രട്ടറി, ഒരു വൈസ് പ്രസിഡന്റ്, ഒരു അസി.സെക്രട്ടറി, ട്രഷറർ, നാല് ഭരണസമിതി അംഗങ്ങൾ, രണ്ട് വനിതാ സംവരണ അംഗങ്ങൾ ഉൾപ്പെടെയുള്ള 10 സ്ഥാനങ്ങളിലേയ്ക്ക് 2024 - 28 പ്രവർത്തന കാലാവധിക്കുള്ള തിരഞ്ഞെടുപ്പാണ് നടത്തുന്നത്.

തിരഞ്ഞെടുപ്പു സംബന്ധിച്ച് എല്ലാ വിവരങ്ങളും റിട്ടേണിംഗ് ഓഫീസർ യഥാസമയം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ് എന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്നപക്ഷം ജൂൺ മാസം 23-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ടി.ഡി.എം ഹാളിൽ ഏർപ്പെടുത്തുന്നതാണ് എന്ന് അംഗങ്ങളെ അറിയിച്ചുകൊള്ളുന്നു.

കരയോഗം ഭരണസമിതിയ്ക്ക് വേണ്ടി

പി.രാമചന്ദ്രൻ (വേണു)

# ഭൗമദിനാചരണവും 16-ാമത് പരിസ്ഥിതി അവാർഡ് ദാനവും 22-4-2024

**ഈ** വർഷത്തെ ഭൗമദിനാചരണവും, 16-ാമത് പരിസ്ഥിതി അവാർഡ്ദാനവും 2024 ഏപ്രിൽ 22ന് സമുചിതമായി നടത്തപ്പെട്ടു. അന്തർദേശീയ പാരമ്പര്യദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് രാവിലെ 10 മണിമുതൽ കൊച്ചിയുടെ വിശ്വപാരമ്പര്യം എന്ന വിഷയത്തിൽ ശില്പശാല നടന്നു. എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും നടത്തിവരാറുള്ള കൂട്ടായ്മയുടെ ഭാഗമായാണ് ഇത് നടത്തിയത്. കൺവീനർ ഡോ. ബി. വേണുഗോപാൽ ആമുഖപ്രസംഗം നടത്തി. അനുദാ കുന്നത്ത് അവർ തന്നെ സംവിധാനം ചെയ്ത ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. ചേന്ദമംഗലം കൈത്തറിയെ പ്രളയകാലത്തു സംരക്ഷിച്ച് പുനർജ്ജീവിപ്പിച്ച രീതിയും, കൈത്തറി ഉത്പന്നങ്ങൾ എങ്ങനെ ഉണ്ടാക്കുന്നു എന്നതുമായിരുന്നു അതിലെ പ്രതിപാദ്യ വിഷയം. ചേന്ദമംഗലം കൈത്തറിയേയും അതിലെ ജീവനക്കാരെയും പുനരുദ്ധരിയ്ക്കാൻ വേണ്ടി രൂപീകരിച്ച ഫ്രണ്ട്സ് ഓഫ് ചേന്ദമംഗലം എന്ന കൂട്ടായ്മയെ കുറിച്ചും പരാമർശം ഉണ്ടായിരുന്നു. അടുത്ത ഡോക്യുമെന്ററി ARPO എന്ന സംഘടനയിലെ ശ്രുതിൻ ലാലിന്റേതായിരുന്നു. കേരളത്തിൽ അന്യം നിന്നു പോകുന്ന പാരമ്പര്യകലകളേയും നാടൻപാട്ടുകളെയും ശേഖരിച്ച് ജീർണ്ണാവസ്ഥയിൽ ഉള്ള ക്ഷേത്ര സമുച്ചയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലും ഉത്സുകനാണ് പത്രപ്രവർത്തകനായിരുന്ന ശ്രുതിൻലാലും ARPO യും. നമ്മുടെ പൈതൃകം സംരക്ഷിക്കാൻ ഉദ്യമിക്കുന്ന അവരെല്ലാം അഭിനന്ദനാർഹരാണ്.

ഉച്ചയ്ക്ക് 1 മണിമുതൽ അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷന്റെ മില്ലറ്റ് ഉല്പന്നങ്ങളും തേനും ഒക്കെ പ്രദർശിപ്പിച്ചു. എല്ലാം ഉടൻ തന്നെ വിറ്റുപോകുകയും ചെയ്തു. മില്ലറ്റുൽപന്നങ്ങളോട് ജനങ്ങൾക്കുള്ള താലപര്യം വ്യക്തമായിരുന്നു. തുടർന്ന് 3 മണി മുതൽ കൊച്ചി എഫ്എംന്റെ സഹകരണത്തോടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഒരു സെമിനാർ നടത്തുകയുണ്ടായി. പ്രാദേശിക കാലാവസ്ഥാ ദുരന്തങ്ങളെ നേരിടാൻ യുവജനങ്ങളുടെ കാലാവസ്ഥാ ഉച്ചകോടിയാണ് നടത്തപ്പെട്ടത്. ജനറൽ സെക്രട്ടറിയുടെ സ്വാഗതപ്രസംഗത്തിൽ നാമിന്നനുഭവിക്കുന്ന ദുരിതങ്ങൾ നാം തന്നെ ഉണ്ടാക്കിയതാണെന്ന യാഥാർത്ഥ്യം ചൂണ്ടിക്കാട്ടി. നമ്മുടെ കഴിഞ്ഞ വർഷത്തെ പരിസ്ഥിതി അവാർഡ് ജേതാവ് ഡോ. സി.ജി. മധുസൂദനൻ ആയിരുന്നു മോഡറേറ്റർ, 2018 ലെ പ്രളയത്തിനു ശേഷം പുത്തൻവേലിക്കരയിലുണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയുള്ള ഡോക്യുമെന്ററിയോടെ ആയിരുന്നു തുടക്കം. water water every where not a drop to drink എന്ന കവിവാക്യം ഓർത്തുപോയി.

നമ്മൾ തന്നെ സൃഷ്ടിച്ചെടുത്ത പ്രശ്നങ്ങൾ, ഭൂമിയുടെ അവകാശികൾ ആയ പക്ഷിമൃഗാദികളെയും, നമ്മുടെ പരിസ്ഥിതി ആകെത്തന്നെയും അതിഭീകരാവസ്ഥയിൽ എത്തിച്ചിരിക്കുന്നു എന്നദ്ദേഹം ഉദാഹരണ സഹിതം വിവരിച്ചു. ഇന്ന് നാം അനുഭവിക്കുന്ന ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഈ താപം വെറും 7ശതമാനം മാത്രമാണെന്നും, ബാക്കി 93ശതമാനം കടലാണ് ആഗിരണം ചെയ്യുന്നതെന്നും അദ്ദേഹം ഊന്നിപറഞ്ഞു. 10 വർഷത്തിനകം കൊച്ചിയുടെ നില പരുങ്ങലിലാകുമെന്നും ഓർമ്മിപ്പിച്ചു. ദുരന്തങ്ങളെ നമ്മൾ മാടി വിളിയ്ക്കുകയാണ് എന്നും 700 വർഷം മാത്രം പ്രായമുള്ള കൊച്ചിയെ സംരക്ഷിയ്ക്കാൻ യുവതലമുറ എങ്ങനെ ഇടപെടണമെന്നതിനെ കുറിച്ചും തീവ്രമായ ചിന്ത വേണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പുത്തൻവേലിക്കരയിൽ community resource centre എന്ന സംഘടന ഉണ്ടായ തും അതിന്റെ പ്രവർത്തനങ്ങളും ശ്രീ. എൻ. പി. ഷാജൻ വിവരിച്ചു. പ്രളയത്തിന് ഒപ്പം, മുമ്പ്, ശേഷം എന്ന് 3 സ്റ്റേജ് ആയി തിരിച്ച് ശക്തമായ പ്രവർത്തനം അവർ നടത്തുന്നു. ചാലക്കുടി പുഴയുടെ തീരത്ത് ആതിരംപള്ളി മുതൽ അഴീക്കോട് വരെ മഴമാപനം നടത്തു ന്നുണ്ടത്രെ കൂടാതെ ഭൂഗർഭജലനിരപ്പ് അള ക്കാനും ഡോ. മധുവിന്റെ സഹായത്തോ ടെശ്രമിക്കുന്നുണ്ട്. 10-ാം ക്ലാസ്സ് കാരിയായ അരുന്ധതി മഴമാപിനി വച്ച് മഴ അളക്കുന്ന വിവരവും, മഴയെകുറിച്ചുള്ള ഭയവും വിവ രിച്ചു. കാലടികോളേജിൽ II[nd] year BA യ്ക്ക് പഠിക്കുന്ന അഖിൽ ഭൂഗർഭജലവിതാനം അള ക്കുന്നതിൽ വ്യാപൃതനാണത്രെ. 78 രാജ്യങ്ങ ളിലുള്ള 400 പ്രൊജക്റ്റിൽ ഇന്ത്യയിൽ നി ന്ന് പുത്തൻവേലിക്കര പ്രോജക്റ്റിന് മാത്രം സ്ഥാനം കിട്ടിയതിൽ അഭിമാനിക്കുന്ന യുവ സമൂഹത്തിന്റെ പ്രതിനിധിയായാണ് അയാൾ സംസാരിച്ചത്. ഡോ.മധുവിന്റെ ശിഷ്യത്വത്തി ലാണ് ഇതൊക്കെ സാധിച്ചതെന്നും unisef award കിട്ടിയതിൽ സന്തോഷമുണ്ടെന്നും പ്ര ത്യേ കം ഓർമ്മിച്ചു. കല്പണിക്കാരനായ ശ്രീ മുരുകേശൻ കണ്ടൽക്കാട് വച്ചു പിടിപ്പിക്കേ ണ്ടതിന്റെ ആവശ്യകതയും അതിൽ അദ്ദേഹം നടത്തുന്ന പ്രയത്നങ്ങളും വിവരിച്ചു. Cusat Research Student ആയ സൂരജ്, Kajan, Fayiz Muhammed Riyas, തുടങ്ങിയവരെല്ലാം plastic ഉപയോഗത്തിൽ നിന്ന് മുക്തരാവേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞു. SCSM ലെ ഡോ. സൂരജ് ബാബു, Asst. commissioner of forest Smt. Veena Das തണ്ണീർത്തടത്തിൻെറ ആവശ്യകതയും, പ്ലാസ്റ്റിക് ഉപയോഗം തട യേണ്ടതും അതിലൊക്കെ യുവജനങ്ങൾക്ക് ബോധവൽക്കരണം നൽകണമെന്നും അഭി പ്രായപ്പട്ടു. Dr. Jeddy, Sri. Anoop, Sri Rajendra Babu, Dr. Jayaraman എന്നിവരും ഇതേ അഭി പ്രായം തന്നെ പറഞ്ഞു.

വൈകുന്നേരം 6 മണിക്ക് കൂടിയ യോഗ ത്തിൽ മുഖ്യാതിഥി ബഹുമാനപ്പെട്ട ജസ്റ്റി സ് ഹരിശങ്കർ വി. മേനോൻ ആയിരുന്നു. സ്വാഗതപ്രസംഗത്തിൽ ജന.സെക്രട്ടറി ശ്രീ. പി. രാമചന്ദ്രൻ (വേണു) , ശ്രീ ഗോ പിനാഥൻ നായർ പരിസ്ഥിതിയ്ക്കുവേണ്ടി നടത്തിയെ സേവനങ്ങളെയും, ഇന്നത്തെ ആവശ്യകതകളെയും എടുത്തു പറഞ്ഞു. എന്തുകൊണ്ടാണ് ATFAM എന്ന സംഘടയ് ക്ക് അവാർഡ് നല്കുവാൻ കമ്മറ്റി തീരുമാ നിച്ചത് എന്ന് അദ്ദേഹം വിശദമാക്കി. പരമ്പ രാഗതമായ ചെറുധാന്യങ്ങൾ കൃഷിചെയ്ത് സംരക്ഷിക്കുന്ന ഗോത്രവിഭാഗങ്ങളെ സംഘ ടിപ്പിച്ച് സമൂഹത്തിൽ അതിന്റെ പ്രസക്തിയും പ്രാധാന്യവും ബോദ്ധ്യമാക്കി, സമൂഹനന്മ യ്ക്കായി പ്രവർത്തിക്കുന്ന ഗോത്രജനതയ് ക്ക് നേതൃത്വം നല്കി പരിസ്ഥിതി സംരക്ഷ ണത്തിനും ജല സംരക്ഷണത്തിനും വിത്തു സംരക്ഷണത്തിനും ജൈവവൈവിധ്യ സംര ക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്നതു കൊണ്ടാണ് എന്ന് പ്രത്യേകം പരാമർശിച്ചു. ശ്രീ.എസ് ജയതിലകൻ കൺവീനർ, പരി സ്ഥിതി അവാർഡ് കമ്മറ്റി, റിപ്പോർട്ട് സമർ പ്പിച്ചു. മുഖ്യാതിഥി ജസ്റ്റിസ് ശ്രീ. ഹരിശങ്കർ വി. മേനോൻ ATFAMനു വേണ്ടി അതിന്റെ ചെ യർമാൻ ശ്രീരംഗസ്വാമിയ്ക്കും കൂട്ടുകാർക്കും അവാർഡ് സമ്മാനിച്ചു. 2024ലെ ഭൗമദിനത്തി ന്റെ പ്രധാനവിഷയമായ plastic vs planet എന്ന വിഷയത്തിൽ cochin university യിലെ ഡോ. ജി. മധു സംസാരിച്ചു. മനുഷ്യന്റെ ഏറ്റവും വലിയ ശത്രു പ്ലാസ്റ്റിക് ആണെന്ന് അദ്ദേഹം കണക്കുകൾ നിരത്തി ഉദ്ബോധിപ്പിച്ചു. ശ്രീ രംഗസ്വാമി അവരെ അവാർഡിന് തെരഞ്ഞെ ടുത്തതിന് നന്ദി പ്രകാശിപ്പിച്ചു. പരിസ്ഥിതി അവാർഡ് കമ്മറ്റി അംഗം ശ്രീ. സി.കെ കൃ ഷ്ണൻ കൃതജ്ഞത അർപ്പിച്ചു. ശേഷം ഗോ ത്രവർഗ്ഗക്കാരുടെ പരമ്പരാഗതമായ നൃത്തം അവർ അവതരിപ്പിച്ചത് എല്ലാവരെയും ആകർ ഷിച്ചു.

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ഗുരുപറഞ്ഞത്

*പ്രിയപ്പെട്ട കൂട്ടുകാരെ*

**കൊ**ടുക്കും തോറും വർദ്ധിക്കുന്ന ധനം ഏതെന്ന സമസ്യക്കുള്ള സുപ്രസിദ്ധമായ ഉത്തരമാണ് വിദ്യ. വിദ്യകൊടുക്കുന്നതും, വിദ്യകൊണ്ട് നേടുന്നത് മറ്റൊരാളുമായി പങ്കുവെയ്ക്കുന്നതും ഒരു പോലെ ധന്യംതന്നെ.

ഇല്ലായ്മയും, വല്ലായ്മയുമൊന്നും വിദ്യ നേടുന്നതിൽ ബാലകന്മാർക്ക് പ്രതിബന്ധമായിക്കൂടാ. വ്യക്തിക്ക് ജീവിക്കാൻ സഹായകമാവുന്ന ഒരു കർമ്മമാർഗ്ഗം തുറന്നു തരികയെന്നത് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യമാണ്. ഒപ്പം മറ്റു ജീവിതങ്ങളെ ഹനിക്കാത്ത, അവരുടെ സുഖത്തിലും താൽപര്യം തോന്നിക്കുന്ന മനോഗുണം നമ്മുടെ മക്കൾക്ക് വളർത്തിക്കൊടുക്കുന്നതും കൂടിയാവണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

കർമ്മങ്ങളിലൂടെ മാതൃക കാട്ടുന്ന ആചാര്യന്മാർ വേണം നമുക്ക്. പ്രവൃത്തികളിലൂടെ നന്മയും, സംസ്ക്കാരവും കാട്ടിക്കൊടുക്കുന്നവരുടെ ഉപദേശമേ ഫലിക്കൂ. മെഴുകുപാകത്തിലുള്ള ബാലമനസ്സുകളെ നല്ല നിലയിൽ രൂപപ്പെടുത്താൻ നാമെല്ലാം ചുമതലക്കാർ തന്നെ.

അറിവും, അറിവിനൊത്ത നടപടിയുമാണ് വിനയമെന്ന വാക്കുകൊണ്ട് നാമിന്ന് അർത്ഥമാക്കുന്നതും സംസ്ക്കാരമെന്നപേരിൽ നിർദ്ദേശിക്കുന്നതും. വിനയമെന്നതിന് പെരുമാററത്തിലെ താഴ്മയെന്നും, മര്യാദയെന്നും മാത്രമല്ല അർത്ഥം. അതിന് ശരിയായ വിദ്യാഭ്യാസം എന്നുകൂടിയുണ്ട് ഒരർത്ഥം.

ഒരിക്കൽ ഒരു ഗുരുവും ശിഷ്യനും കൂടി യാത്രചെയ്യുകയായിരുന്നു. നടന്ന്, ദൂരങ്ങൾ പിന്നിട്ട് അകലെയൊരു ഗുഹാക്ഷേത്രത്തിലേക്കായിരുന്നു അവരുടെ യാത്ര. വഴിമദ്ധ്യേ അവർ വിജനമായ ഒരു സ്ഥലത്തെത്തി. യാത്രാക്ലേശം മൂലം ഗുരുവിന് നന്നേ ക്ഷീണം തോന്നി. തെല്ലൊന്നിരുന്നു അൽപം വിശ്രമിച്ചിട്ടാവാം ഇനി യാത്ര എന്നു കരുതി ചുറ്റും നോക്കുമ്പോൾ അവിടെ അടുത്തൊന്നും ഇരുന്നു വിശ്രമിക്കാൻ പറ്റിയൊരിടം കണ്ടില്ല.

കുറച്ചുകൂടി നടക്കാം വരൂ,....എന്നു പറഞ്ഞ് ഗുരുശിഷ്യനൊപ്പം നടന്നു നീങ്ങി. പിന്നെയും കുറേ ദൂരവും കൂടി ചെന്നു. ഗുരുവിന് ഒരടിപോലും നടക്കാൻ വയ്യെന്നായി.

ഇനി എന്തായാലും കുറച്ചൊന്നിരുന്നിട്ടാവാം നടത്തം.

ഗുരു പറഞ്ഞു.

തെല്ലകലെ കണ്ട അരയാലിന്റെ ചുവട്ടിൽ അദ്ദേഹം ഇരുന്നു. തൊട്ടടുത്തിരുന്ന് ശിഷ്യൻ ഗുരുവിന്റെ പാദങ്ങൾ ഉഴിഞ്ഞു.

വല്ലാത്ത ദാഹം. കുറച്ചുവെള്ളം വേണമായിരുന്നു. തൊണ്ടയൊക്കെ വരണ്ടു.

ശിഷ്യൻ ഗുരുവിനെ നോക്കി ഗുരു കാതോർത്തു

അഹ് അടുത്തെവിടെയോ ഒരു പുഴയുണ്ട്. പുഴയൊഴുകുന്ന ശബ്ദം ഗുരു പറഞ്ഞു.

ഞാൻ ചെന്നു നോക്കാം. ശിഷ്യൻ പാത്രവുമെടുത്ത് വെള്ളം തേടി പോയി.

പുഴയോരത്തെത്തിയ ശിഷ്യൻ കണ്ടത് കലങ്ങിയൊഴുകുന്ന പുഴയാണ്.

ഒഴിഞ്ഞ പാത്രവുമായി മടങ്ങിവന്ന ശിഷ്യൻ പറഞ്ഞു.

പുഴ വല്ലാതെ കലങ്ങിയിരിക്കുന്നു. ആ ജലം കുടിക്കാൻ പറ്റില്ല.

ഗുരു ഏറെ നേരം മൗനംപൂണ്ടു. പിന്നെ ശിഷ്യനോടു പറഞ്ഞു.

പാത്രവുമായി നീ പുഴയോരത്തേക്കു തന്നെ ചെല്ലൂ. ഏതു പുഴയാണ് കലങ്ങിയാൽ തെളിയാത്തത്

ശിഷ്യൻ വീണ്ടും പുഴയോഗത്തേക്കു ചെന്നു.

അത്ഭുതമായിരിക്കുന്നു. പുഴ കണ്ണീരുപോലെ തെളിഞ്ഞിരിക്കുന്നു. ഗുരു പറഞ്ഞത് എത്രയോ ശരിയാണ്. കലങ്ങിയാൽ തെളിയാത്ത പുഴയില്ല.

ശിഷ്യൻ ജലമെടുത്ത് ഗുരുവിന്റെ സമീപത്തേക്ക് ചെന്നു.

ഗുരുമുഖത്തുനിന്നുള്ള ഉപദേശങ്ങളെല്ലാം അറിവാണ്. ചിലത് കേൾക്കുമ്പോൾ വിചിത്രമായി തോന്നാം. പതിയെ നമുക്കതിലെ ആന്തരാർത്ഥവും പൊരുളും തിരിച്ചറിവാകും.

പഠനമെന്നത് രസകരമായ അനുഭവമാക്കണം നമ്മൾ. പ്രപഞ്ചത്തിലെ എന്തിൽ നിന്നും പഠിക്കാനുണ്ട്. എത്രയൊക്കെ ഉയരത്തിൽ പറന്നാലും ഇരപിടിക്കാൻ താഴേയ്ക്ക് തന്നെ ഇറങ്ങി വരണമെന്ന് പരുന്ത് നമ്മെ പഠിപ്പിക്കുന്നു. അതുപോലെ പടികൾ എത്ര ഉയരത്തിലേക്ക് കയറിയാലും നിലതെറ്റി താഴെ വീഴാൻ ഒരു പടി മതി. ഓരോന്നും സൂക്ഷ്മമായി നിരീക്ഷിച്ചാൽ അവ നമ്മെ പഠിപ്പിക്കുന്ന ഒരു പാഠവും കണ്ടെത്താം. സുഖമായിരിക്കട്ടെ.

*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## വാസ്തുവും പ്രകൃതിയും

**ഭൂ**മി തന്നെയാണ് വാസ്തുവിന്റെ ആധാരം. ഏകദേശം 460 കോടി കൊല്ലമായി സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുന്ന കാന്തശക്തിയാണ് ഭൂമി. ഈ കാന്തത്തിന് വടക്കും, തെക്കും ധ്രുവങ്ങളുണ്ട്. ഒരു കോമ്പസ് ലോകത്ത് എവിടെ വച്ചാലും വടക്ക് വടക്കായിത്തന്നെ കാണിക്കും. ഇതിന് ജാതിയൊ, മതമൊ, ദേശമൊ വ്യത്യാസമില്ല. സൂര്യനും, ഭൂമിയുമാണ് വാസ്തുശാസ്ത്രത്തിന്റെ പ്രധാനതത്ത്വം. വീടുപണിയുമ്പോൾ സൂര്യനെയും, വായുവിനെയും, കാന്തക ശക്തിയെയും എങ്ങനെ ഉപയോഗിക്കാം എന്നുള്ള ശാസ്ത്രമാണ് വാസ്തുശാസ്ത്രം. ചിലർ പറയുന്നുണ്ട് ഇത് ഹിന്ദുക്കളുടെ ശാസ്ത്രമാണ്. എന്നാൽ നാലാം നൂറ്റാണ്ടിൽ ഇതു കണ്ടുപിടിച്ചത് ഹിന്ദുരാജാക്കന്മാരുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരായിരുന്നു. ഇതെല്ലാജാതിമതസ്ഥർക്കും ഗുണം കിട്ടുന്ന ശാസ്ത്രമാണ്.

വീടു പണി തുടങ്ങുന്നതിനുമുമ്പ് സ്ഥലം ശരിയാക്കണം. പണി കഴിഞ്ഞാൽ പലപ്പോഴും യാതൊന്നും ചെയ്യാൻ പറ്റില്ല.

ശ്രീശങ്കരാചാര്യർ തിരുപ്പതിയിൽ ശ്രീചക്രം സ്ഥാപിച്ച്, പൂജാകർമ്മങ്ങൾ ശരിയാക്കി. കാളഹസ്തിയിലും ശ്രീശങ്കരാചാര്യരാണ് ശ്രീചക്രം സ്ഥാപിച്ച് പൂജാകർമ്മങ്ങൾ ശരിയാക്കിയത്. തിരുപ്പതിയിൽ തെക്കും, പടിഞ്ഞാറും മലകളും, വടക്കും, കിഴക്കും ജലം (പുഷ്കരണി)യുമാണ്. അതുകൊണ്ട് അവിടെ വരുന്നവരുടെ എണ്ണവും, വരവും കണക്കുകൾക്കും അപ്പുറത്താണ്. എന്നാൽ കാളഹസ്തിയിൽ പടിഞ്ഞാറ് സ്വർണ്ണമുഖി പുഴയും, കിഴക്ക് മലകളും ആണ്. അതുനിമിത്തം അവിടെ നിത്യനിദാനചിലവുകൾക്ക് വരെ വിഷമമാണ്.

ഉദ്ദേശം 1500 കൊല്ലം പഴക്കമുള്ള വയനാട്ടിലെ തിരുനെല്ലി അമ്പലം വടക്ക് കിഴക്ക് മലയും, തെക്കും, തെക്കുപടിഞ്ഞാറും വളരെ താഴ്ന്നും കിടക്കുന്നു. അടുത്തകാലത്ത് അമ്പലത്തിന്റെ തെക്കുപടിഞ്ഞാറെ മൂലയിലെ വഴി അടക്കുകയും അവിടെ 5 മീറ്റർ ഉയരത്തിൽ മണ്ണിട്ടു നികത്തി മതിൽകെട്ടുകയും ചെയ്തശേഷം കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. അതുകൊണ്ടാണ് സ്ഥലം ശരിയാക്കിയ ശേഷം പണിതുടങ്ങാൻ പറയുന്നത്. ജലം, അഗ്നി, ഭൂമി, വായു, ആകാശം എന്നീ പ്രകൃതിശക്തികളെ വീടിന് അനുകൂലമായി മാറ്റുന്നതാണ് വാസ്തുശാസ്ത്രം. ഉത്തരായണത്തിൽ ഉദയംവരാൻ പാകത്തിന് അടുക്കളയും അസ്തമയം വരാൻ പാകത്തിന് കിടപ്പുമുറികളും ശരിയാക്കണം. കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാറ്റ് കടന്നു പോകത്തക്കവിധത്തിൽ എല്ലാ ജന്നലുകളും വാതിലുകളും വയ്ക്കണം. അഞ്ചാം നൂറ്റാണ്ടിലെ ഗുപ്തസാമ്രാജ്യത്തിൻെറ കാലം മുതൽ 18-ാം നൂറ്റാണ്ടിന്റെ അവസാനം വരെ ധാരാളം പുസ്തകങ്ങളും, പലതരം നിർമ്മിതികളും നടന്നിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ടതും ഇന്നും ധാരാളം ആളുകൾ സന്ദർശിക്കുന്നതുമായ

കമ്പോഡിയയിലെ ക്ഷേത്രങ്ങളാണ്. എല്ലാവിധത്തിലുള്ള വാസ്തു തത്ത്വങ്ങളും അനുസരിച്ചാണ് ഇതു പണിതിട്ടുള്ളത്.

പഴയകാലത്തെ മനസാര ശില്പശാസ്ത്ര തുടങ്ങി എല്ലാം ചേർത്ത് 1927ൽ ആർക്കിടെക്ട്ഓഫ് മനസാര, Hindu Architecture in India and abroad തുടങ്ങി ധാരാളം പുസ്തകങ്ങൾ Prof. P.K. Acharya എഴുതുകയും ഒക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് ലണ്ടൻ സംസ്കൃതത്തിലും (Sanskrit with English) പ്രിൻഡ് ചെയ്തിട്ടുണ്ട്. ഇതിലൊന്നും തന്നെ വീട്ടിലേക്ക് കയറുന്ന ചവിട്ടുപടികളുടെ എണ്ണമൊ, toiletന്റെ സ്ഥാനമൊ, പൂജാമുറിയുടെ സ്ഥാനമോ പ്രത്യേകം പറഞ്ഞിട്ടില്ല. പൂജാമുറിയുടെ കാര്യത്തിൽ നേരിട്ട് ഉദയം അല്ലെങ്കിൽ അസ്തമയം ദൈവത്തിന്റെ മുഖത്തേക്കുവരണം. വാസ്തുനോക്കുവാൻ വരുന്നവരിൽ പലരും ഭേശഹലേ മാറ്റണം. വീട്ടിലേക്കു കയറുന്ന ചവിട്ടുപടികൾ ശരിയാക്കണം എന്നാണ് പറയുന്നത്. ചിലരുടെ അഭിപ്രായത്തിൽ വാസ്തുശാസ്ത്രം അന്ധവിശ്വാസമാണ് എന്നും പറയുന്നു. വാസ്തുമനുഷ്യന് ഉപകാരമുള്ള വലിയ ഒരു ശാസ്ത്രമാണ്. എന്നാൽ കുറച്ച് അന്ധവിശ്വാസങ്ങളുമുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് അളവുകളും കണക്കുകളും.

പഴയകാലത്ത് അളക്കുന്നതിനുവേണ്ടി പ്രത്യേക ആളുകളുണ്ടായിരുന്നു. അവരുടെ കാൽപാദം ഒരടിയായും, കൈയ്യിന്റെ മുട്ടുമുതൽ നടുവിരലിന്റെ അറ്റം വരെ മുഴം. കയ്യിന്റെ മറ്റൊരളവാണ് ചാൺ. പിന്നീട് അടിയും, ഇഞ്ചും, കോലും, വിരലും ഉണ്ടായി. ഇപ്പോൾ എല്ലാം മാറി. മീറ്ററും, സെന്റീമീറ്ററുമായി. വീടു പണിയുമ്പോൾ, വീട്ടുടമസ്ഥന്റെ ചൂണ്ടുവിരൽ മടക്കി അതുവിരലായും അതുപയോഗിച്ച് പലതരം കോലുകളും പണ്ടുണ്ടായിരുന്നു. ജാതി തിരിച്ച് പ്രത്യേക കോലുകളുണ്ടായിരുന്നു. ദേവാലയങ്ങൾക്കും, കുളങ്ങൾക്കും, കുതിരാലയങ്ങൾക്കും രാജവീഥികൾക്കും പ്ര ത്യേകം നീളത്തിലുള്ള കോലുകളുണ്ടായിരുന്നു. ഇപ്പോൾ വീടുപരിശോധിക്കാൻ വരുന്നവർ മുറികളുടെ നീളവും, വീതിയുമളന്ന് പലപ്പോഴും മുറിയുടെ അകത്ത് അളവുശരിയാക്കാൻ വേണ്ടി ഒരു ഭിത്തികെട്ടുന്നതായും കാണുന്നു. കോലുകൾ 20 വിരൽ മുതൽ 30 വിരൽ വരെ ഉണ്ട്. ഉടമസ്ഥന്റെ വിരൽ നോക്കിയിട്ടുവേണം കോലുകൾ ഉണ്ടാക്കാൻ.

കേരളത്തിലെ നല്ല കണക്കുകൾ എന്നു പറയുന്ന അളവുകൾ കർണാടകത്തിലും, തമിഴ്നാട്ടിലും സ്വീകാര്യമല്ല. ഏതൊരു വീടുപണിയുമ്പോഴും മുറികൾ തമ്മിലും, മൊത്തത്തിലും Proportional ആയിരിക്കണം. ഭൂമിയുടെ Magenetic power അനുസരിച്ച് വലിയമുറികൾ തെക്കു വശത്തും, ചെറിയമുറികൾ വടക്കുവശത്തും വരണം. കഴിഞ്ഞ 50 കൊല്ലമായി ഇൻഡ്യമുഴുവനും, പുറത്തും ധാരാളം കെട്ടിടങ്ങളുടെ വാസ്തുപരിശോധിച്ചിട്ടുണ്ട്. ഒരു സ്ഥലത്തും മുറിയുടെ അളവുകൾ നോക്കാറില്ല. വാതിലുകളുടെയും, ജന്നലുകളുടെയും, സ്ഥാനവും, മൂലകളും ശ്രദ്ധിക്കാറുണ്ട്. വാസ്തുനോക്കുന്നത് പൈസയ്ക്കോ, പ്രതാപത്തിനൊ വേണ്ടിയല്ല. ആരോഗ്യത്തിനും, മനസമാധാനത്തിനും വേണ്ടിയാണ്. (For better health and mental peace)

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ

# മാലിമേൽ ഭഗവതിക്ഷേത്രവും അമ്മൂമ്മക്കാവും



ഇന്ദിരാഭായി ഫോൺ : 8078552892

ഭക്തരെ സംബന്ധിച്ച് ക്ഷേത്രവും ക്ഷേത്രദർശനവും പ്രാണവായുപോലെ പ്രധാനമാണ്. അവർക്ക് അവരുടെ മനസ്സിനെ ഈശ്വരനിലേക്കു കുടുതൽ അടുപ്പിക്കുവാൻ ക്ഷേത്രദർശനം അനിവാര്യമാണ്. ക്ഷേത്രദർശനത്തിൽ നിന്നും ലഭിക്കുന്ന ശാന്തിയും സമാധാനവും ഓരോരുത്തർക്കും വ്യത്യസ്തമായ അനുഭവമാണ്. എന്തുകാര്യത്തിനു തുടങ്ങുമ്പോഴും ഭഗവാനേ, ദൈവമേ എന്നിങ്ങനെ മനസ്സുകൊണ്ടെങ്കിലും വിളിക്കാത്തവർ വിരളമാണ്. യഥാർത്ഥ ഭക്തിയോടുകൂടിയാണ് വിളിക്കുന്നത് എങ്കിൽ ആ വിളി ഭഗവാനിലെത്തുകതന്നനെ ചെയ്യും. ഭക്തന്റെ ഭക്തിയിൽ പ്രസാദിച്ച് ഭക്തനോടൊപ്പം വന്ന് ദേശത്തിനും ദേശവാസികൾക്കും അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് വിരാജിക്കുന്ന ഭദ്രകാളിയമ്മ കുടികൊള്ളുന്ന ഒരു ക്ഷേത്രമാണ് മാലിമേൽ ഭഗവതിക്ഷേത്രം. മനുഷ്യൻ ആദ്ധ്യാത്മികമായും സാസംസ്ക്കാരികമായും ഉദ്ധരിക്കപ്പെടുന്ന സ്ഥാനങ്ങളാണ് ക്ഷേത്രങ്ങൾ. എത്ര ചെറിയ ക്ഷേത്രമായാലും ക്ഷേത്ര ചൈതന്യം ആ പ്രദേശമാകെ പ്രസരിക്കും. ഓരോ ക്ഷേത്രങ്ങൾക്കും എന്തെങ്കിലും പ്രത്യേകതകളുള്ളതായും കാണാം. നമ്മുടെ പൂർവ്വികർ തികഞ്ഞ ഈശ്വരഭക്തരായിരുന്നു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ് ഭാരതത്തിലുടനീളം കാണപ്പെടുന്ന അതിപുരാതനമായ ക്ഷേത്രങ്ങൾ.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ കറ്റാനത്തിനടുത്ത് കുറത്തിക്കാട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു ഭദ്രകാളിക്ഷേത്രമാണ് മാലിമേൽ ഭഗവതിക്ഷേത്രം. വളരെ വ്യത്യസ്ഥതയുള്ള ഒരു ഉപദേവത കുടികൊള്ളുന്ന ക്ഷേത്രം കൂടിയാണ് മാലിമേൽ ഭഗവതിക്ഷേത്രം. ആറു നൂറ്റാണ്ടിലേറെ പഴക്കമുള്ള ക്ഷേത്രമാണിത്. ഐതിഹ്യപ്രകാരം ഒരു യോഗിശ്വരനോടൊപ്പം ഒരു പശുക്കിടാവിന്റെ രൂപത്തിൽ ദേവി ഇവിടെയെത്തിയെന്നു വിശ്വസിക്കുന്നു.

മാവേലിക്കരയിലുള്ള ഒരു യോഗിവര്യൻ എല്ലാവർഷവും മുടങ്ങാതെ ശബരിമല ദർശനം നടത്തിയിരുന്നു. ശബരിമലയിലേക്കുള്ള യാത്രാമദ്ധ്യേ അദ്ദേഹം പല ക്ഷേത്രങ്ങളിലും ദർശനം നടത്തുകയും കോഴഞ്ചേരിക്കടുത്തുള്ള അയിരൂരിലെ പുതിയകാവ് ദേവീക്ഷേത്രത്തിൽ ഭജനമിരിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭക്തിയിൽ പ്രസന്നയായ ദേവി ഒരു പശുക്കിടാവിന്റെ രൂപത്തിൽ അദ്ദേഹത്തോടൊപ്പം പോന്നു എന്നും അദ്ദേഹം ക്ഷേത്രം നിർമ്മിച്ച് ദേവിയെ അവിടെ പ്രതിഷ്ഠിച്ചു എന്നുമാണ് ഐതിഹ്യം. നമ്മുടെ വിശ്വാസങ്ങളേയും സങ്കല്പങ്ങളേയും പരിപോഷിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്നവയാണ് നമ്മുടെ ക്ഷേത്രങ്ങൾ. വിശ്വസവും ഭക്തിയും കൂടിച്ചേരുമ്പോൾ മനുഷ്യനുണ്ടാകുന്ന അനുഭവമാണ് ഈശ്വരാനുഗ്രഹം. ഈശ്വരാനുഗ്രഹമുണ്ടെങ്കിലേ നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കുവാനും പ്രതിസന്ധികളെ തരണം ചെയ്ത് ജീവിതവിജയം നേടുവാനും നമുക്ക് കഴിയു

കയുള്ളൂ. വിശ്വാസത്തെ യാഥാർത്ഥമാക്കി നമ്മെ അനുഗ്രഹിക്കുന്ന ഭദ്രകാളിയമ്മ കുടി കൊള്ളുന്ന ക്ഷേത്രമാണ് കുറത്തിക്കാട് മാലി മേൽ ഭഗവതിക്ഷേത്രം.

ഈ ക്ഷേത്രത്തിലെ ഉപദേവസ്ഥാനത്തു കുടികൊള്ളുന്ന അമ്മൂമ്മ ഒരു പ്രത്യേകതയാണ്. ഈ ഉപദേവത വൈദ്യശാസ്ത്രത്തിനു പോലും അത്ഭുതമാണ്. ഗർഭരക്ഷക്കും സുഖപ്രസവത്തിനുമായി ആളുകൾ ആശുപത്രികളേക്കാളും വിശ്വസിക്കുന്ന ഒരു അപൂർവ്വ ദേവസ്ഥാനം അതാണ് അമ്മൂമ്മക്കാവ്. പ്രദേശവാസികൾ മാത്രമല്ല വിദൂരദേശങ്ങളിൽ നിന്നുപോലും കേട്ടറിഞ്ഞ് ധാരാളം ആളുകൾ ഇവിടെയെത്തി പ്രാർത്ഥിച്ച് ഫലം നേടുന്നു. വാലിമേൽ ഭഗവതി ക്ഷേത്രത്തിലെ അമ്മൂമ്മക്കാവിലമ്മയുടെ പ്രധാന വഴിപാടാണ് കല്ലെടുപ്പ്. ഗർഭിണികളായ സ്ത്രീകളോ അവർക്കുവേണ്ടി മറ്റു ബന്ധുക്കളോ മാലി മേൽ ക്ഷേത്രത്തിലെത്തി പ്രാർത്ഥിച്ച് ശേഷം അമ്മൂമ്മക്കാവിലെത്തി തൊഴുത് ഒരു കല്ലെടുത്ത് ഗർഭിണിയെ സൂക്ഷിക്കാനേൽപ്പിക്കുക. ഏഴുമാസം തികയുന്നതിനുമുമ്പാണ് ഈ വഴിപാട് ചെയ്യേണ്ടത്. ഇത് ഗർഭിണിക്കും ഗർഭസ്ഥശിശുവിനും ഒരു സുരക്ഷാകവചമായി പ്രവർത്തിക്കുകയും സുഖപ്രസവം സാദ്ധ്യമാക്കുകയും ചെയ്യും. പ്രസവശേഷം കുഞ്ഞിന്റെ അന്നപ്രാശനത്തിനുശേഷം കുഞ്ഞിനേയും കൊണ്ട് അമ്മൂമ്മക്കാവിലെത്തി അമ്മൂമ്മക്ക് സ്വർണ്ണത്തിലോ വെള്ളിയിലോ ഉള്ള മോതിരം സമർപ്പിച്ച് പ്രാർത്ഥിച്ച് കല്ല് തിരിച്ചേൽപ്പിക്കുന്നു. ഇതാണ് കല്ലെടുപ്പുവഴിപാട്. കാവിലെ അമ്മൂമ്മക്കും ക്ഷേത്രത്തിലെ ഭദ്രകാളിയമ്മക്കും വഴിപാടുകൾ നടത്തി പ്രാർത്ഥിച്ചു മടങ്ങുമ്പോൾ അമ്മയോടും അമ്മൂമ്മയോടും ഭക്തിയേക്കാളുപരി ഒരു ബന്ധമാണ് അനുഭവപ്പെടുക. വിശാലമായ ക്ഷേത്രവളപ്പും അമ്മൂമ്മക്കാവും ക്ഷേത്രത്തിന്റെ പഴക്കവും ക്ഷേത്രനിർമ്മിതിയിലെ പ്രത്യേകതകളും പരിസരമാകെ നിറഞ്ഞ ശാന്തതയും എല്ലാം ഏതൊരുഭക്തനേയും ആകർഷിക്കുന്ന ഒന്നാണ്.

മാലിന്മേൽ ക്ഷേത്രം സ്ഥാപിതമാകുന്നതിനുകാരണക്കാരനായ യോഗീശ്വരനേയും ഉപദേവസ്ഥാനത്തു കുടിയിരുത്തിയിട്ടുണ്ട്. ഗണപതി, മഹാദേവൻ, നാഗങ്ങൾ, നാഗയക്ഷിയമ്മ എന്നീ ഉപദേവസ്ഥാനങ്ങളും ഈ ക്ഷ്ത്രത്തിലുണ്ട്. ഗ്രാമീണസൗന്ദര്യം നിറഞ്ഞു നില്ക്കുന്ന ഒരു ക്ഷേത്രമാണിത്. ക്ഷേത്രദർശനത്തിന്റെ പ്രാധാന്യവും ഗൗരവവും മനസ്സിലാക്കി ക്ഷേത്രദർശനം ചെയ്യുന്നതു തന്നെ ഒരു ഉപാസനയാണ്. ഉപാസനകളോ പൂജാദികളോ ചെയ്യുവാൻ സാധിക്കാത്ത സാധാരണക്കാരായ ആളുകളുടെ ആദ്ധ്യാത്മികമായ ഉന്നതിക്കുവേണ്ടിയാണ് ഗ്രാമങ്ങൾ തോറും ക്ഷേത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. പൂർവ്വികർ തിരഞ്ഞെടുത്ത ക്ഷേത്രദർശനം എന്ന ലളിതസമ്പ്രദായം ശ്രദ്ധാപൂർവ്വം ആചരിക്കുകയാണങ്കിൽ നമുക്കും കുടുംബത്തിനും നാടിനും അഭിവൃദ്ധിയുണ്ടാകും എന്നതിൽ ഒരു സംശയവുമില്ല. ഹൈന്ദവ ധർമ്മത്തിന്റെ ആദ്ധ്യാത്മിക ലക്ഷ്യവും അതുതന്നെയാണ്.

മാലിമേൽ ഭഗവതിയമ്മയുടേയും അമ്മൂമ്മക്കാവിലെ അമ്മൂമ്മയുടേയും അനുഗ്രഹത്താൽ വരും തലമുറകളിലെ കുഞ്ഞുങ്ങൾ സുരക്ഷിതരായി ഭൂമിയിൽ ജനിക്കാനിടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*****

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം 1

എം.ആർ.എസ് മേനോൻ - 9037126220

ഹേലാദാരിതദാരികാസുരശിര:
ശ്രീവിരപാണോന്മദ
ശ്രേണീ ശോണിതശോണിമാധരപുടീം
വീടരസാസ്വാദിനീം
പാടീരാദി സുഗന്ധിയുചുകതടീം
ശാടികുടീരസ്തനീ
ഘോടീവൃന്ദസമാനധാടിയുയുധീം
ശ്രീ ഭദ്രകാളിം ഭജേ

(ഭദ്രകാള്യഷ്ടകം ശ്രീനാരായണ ഗുരുദേവൻ )

അർത്ഥം വെറുമൊരു വിനോദമെന്ന നിലയിൽ ദാരികാസുരന്റെ ശിരസ് പിളർന്നിട്ട് അതിൽ നിന്നുള്ള രക്തം കൊണ്ട് നിരന്തരം വീരപാനം നടത്തുകയാൽ ഉന്മത്തമായി ചുവന്നതായി തീർന്നതും സ്വാഭാവികമായി ചുവപ്പ് നിറമുള്ളതും ആയ അധരപുടങ്ങളോട് കൂടിയതും താംബൂല രസം ആസ്വദിച്ച് കൊണ്ടിരിക്കുന്നവളും കുങ്കുമം മുതലായവ പൂശിയിട്ടുള്ളതിനാൽ സുഗന്ധമായിരിക്കുന്ന മുലക്കണ്ണോട് കൂടിയവളും കൂടാരം പോലുള്ള കുത്തു മുലകളോട് കൂടിയുള്ളതുമായ പെൺകുതിരക്കൂട്ടങ്ങളുടേതിന് തുല്യമായ ധാടിയോട് യുദ്ധം ചെയ്യുന്നവളുമായ ശ്രീ ഭദ്രകാളിയെ ഞാൻ ഭജിക്കുന്നു.

ഭദ്രകാളി കേരളത്തിന്റെ അധിഷ്ഠാന ദേവതയാണ്. ആരാധനയുടെ ആദിരൂപം അമ്മദൈവങ്ങൾ തന്നെയാണ്. തമിഴ് നാട്ടിലെ ആദിദേവതാ സങ്കൽപ്പം കൊറ്റവൈ ആയിരുന്നു. അതിൽ നിന്നാണ് മാരിയമ്മ രൂപം കൊണ്ടത്. കേരളത്തിലെ കരിനീലിയും ചാത്തനുമായിരുന്നു ആദിദേവതാ രൂപങ്ങൾ. കാളിയും ശാസ്താവും ഇതിൽ നിന്ന് പരിണമിച്ചതാണ്. സംഘകാലം മുതൽ ഈ ദേവതകളും നാഗദേവതയുമായിരുന്നു ആദ്യത്തെ ആരാധനാ മൂർത്തികൾ. ക്ഷേത്രങ്ങൾ രൂപം കൊള്ളുന്നതിന് നൂറ്റാണ്ടുകൾ കൾക്ക് മുമ്പ് കാവുകളായിരുന്നു ആദ്യത്തെ ആരാധനാ കേന്ദ്രങ്ങൾ. വീടിനും നാടിനും ഒരു കാവുണ്ടായിരുന്നു. വീടിന്റെ ഒരു ഭാഗത്ത് ഒരു മരക്കൂട്ടമായിരുന്നു കാവ്. കാവിൽ ചില മരങ്ങളിലോ അരുപീകളായ ശിലാരൂപങ്ങളിലോ നാടിന്റെയോ വീടിന്റെയോ രക്ഷകയായി ഒരു അമ്മയെ സങ്കൽപ്പിച്ചു. ആദ്യം ഉണ്ടായ ആരാധനാ രീതി കളമെഴുത്ത് ആയിരുന്നു. ദേവതകളുടെ രൂപം പ്രകൃതിയിൽ നിന്ന് രൂപമെടുത്ത പഞ്ചവർണ്ണപ്പൊടികളിലൂടെ വരച്ച് സ്ത്രോത്രങ്ങളിലൂടെ, പൂജകളിലൂടെ ആരാധിക്കുന്ന രീതി. ഇതിൽ നിന്ന് കളമെഴുത്ത് പാട്ട് രൂപം കൊണ്ടു.ഈ കളമെഴുത്തിൽ ശാസ്താവ്, കാളി, നാഗം എന്നീ മൂന്ന് ദേവതകളെ മാത്രമാണ് ആരാധിച്ചിരുന്നത് എന്നതിൽ നിന്ന് ഇവ മൂന്നുമാണ് ആദി ദേവതാ സങ്കൽപ്പങ്ങൾ എന്ന് വ്യക്തം. ഈ കാവുകളാണ് പിന്നീട് ബ്രാഹ്മണാധിപത്യകാലത്ത് ക്ഷേത്രങ്ങളായി പരിണമിച്ചത്. കേരളത്തിലെ ഏത് ഗ്രാമത്തിനും ഒരു പരദേവത ഭദ്രകാളിയായിരുന്നു. ഓരോ കുടുംബത്തിന്റെയും പരദേവതയും ദദ്രകാളി തന്നെ. മറ്റ് ദേവതാ സങ്കൽപ്പങ്ങളെല്ലാം പിൽക്കാലത്ത് വന്ന് ചേർന്നതാണ്. മറ്റ് മഹാക്ഷേത്രങ്ങളിലും ഒരു ഭഗവതിയുടെ ആദിരൂപം കാണാം. വൈക്കം ക്ഷേത്രത്തിൽ ആദിസങ്കൽപ്പമായി ഒരു കാളി രൂപം ഉണ്ടായിരുന്നു. ആ കാളിക്കാണ് പന്ത്രണ്ട് വർഷത്തിൽ ഒരിക്കൽ വടക്ക് പുറത്ത് പാട്ട് നടത്തുന്നത്. തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ കിഴക്കെ ഗോപുരത്തിൽ ഇടത് വശത്തായി

ചുമരിനോട് ചേർന്ന് ഒരു കണ്ണാടി പ്രതിഷ്ഠ ഉണ്ട്. അവിടെ വർഷത്തിൽ ഒരിക്കൽ തീയ്യാട്ട് നടത്തുന്നുണ്ട്. ഇവിടെ ഭദ്രകാളിയുടെ ആദി സാന്നിദ്ധ്യത്തെയാണ് ഇത് കാണിക്കുന്നത്. ഗുരുവായൂരിനോടൊപ്പം തന്നെ ഇടയിഴത്ത് കാവിലമ്മയുണ്ട്. വെടിയോ കരിമരുന്നു പ്രയോഗമോ അനുവദിക്കാത്ത ഗുരുവായൂരിൽ ഇടയിഴത്ത് കാവ് താലപ്പൊലിക്ക് ഗംഭീരമായ വെടിക്കെട്ട് പതിവുണ്ട്. ഭഗവതിയുടെ താലപ്പൊലിക്കു എഴുന്നള്ളിക്കാനായി ഗുരുവായൂർ അത്താഴപ്പൂജ കഴിഞ്ഞ് നേരത്തെ തന്നെ നടയടക്കും. ഒരു കാവിന്റെ ആദി സാന്നിദ്ധ്യത്തേയാണ് ഇത് കാണിക്കുന്നത്. തൃശ്ശൂർ പൂരത്തിലെ പ്രധാന കക്ഷികളിലൊന്നായ തിരുവമ്പാടി ക്ഷേത്രത്തിൽ കൃഷ്ണനെപ്പോലെ പ്രാധാന്യം ഭഗവതിക്കും ഉണ്ട്.' ബാല ഭദ്രകാളിയാണവിടത്തെ പ്രതിഷ്ഠ. തൃശ്ശൂർപ്പൂരത്തിന് പുറത്തേക്ക് എഴുന്നള്ളിക്കുന്നതും തിരുവമ്പാടിയിലെ കൃഷ്ണനെയല്ല ഭഗവതിയെയാണ്. കൃഷ്ണന്റെ കോലത്തിൽ ഭഗവതിയുടെ തിടമ്പാണ് എഴുന്നള്ളിക്കുന്നത്. പ്രധാനപ്പെട്ട മറ്റൊരു ദേവതയായ പാറമേക്കാവ് ഭഗവതിയും ഭദ്രകാളി തന്നെ.1450 വർഷത്തെ പഴക്കമുള്ള ആറാട്ട്പുഴ പൂരത്തിന് 108 ദേവീദേവന്മാർ ആദ്യകാലത്ത് പങ്കെടുത്തിരുന്നതിൽ ഇപ്പോൾ 23 ദേവീ ദേവന്മാർ ആണ് പങ്കെടുക്കുന്നത്. തൃപ്രയാർ തേവർ ഒഴിച്ച് എല്ലാം ഭഗവതിമാരും ശാസ്താക്കന്മാരും ആണ്. തൃപ്രയാർ ആകട്ടെ ശ്രീരാമ പ്രതിഷ്ഠക്ക് മുമ്പ് ഉണ്ടായിരുന്നത് ശാസ്താവായിരുന്നു. ശ്രീരാമ പ്രതിഷ്ഠക്ക് ശേഷം ശാസ്താവ് ഉപദേവതയായി മാറുകയാണുണ്ടായത്. അപ്പോൾ എങ്ങനെ ശ്രീരാമൻ ചിത്രത്തിൽ വന്നെന്നത് വ്യക്തം. ഇതെല്ലാം വ്യക്തമാക്കുന്നത് കേരളത്തിൽ ഭദ്രകാളി ആരാധനയുടെ പ്രാചീനതയെയാണ്. പലക്ഷേത്രങ്ങളിലും ഭഗവതി എന്ന പേരിൽ ആരാധിച്ച് വരുന്നതെല്ലാം ഭദ്രകാളിയെ തന്നെയാണ് കൊടുങ്ങല്ലൂർ, തിരുമാന്ധാം കുന്ന്, ചെട്ടികുളങ്ങര, ആറ്റുകാൽ, പാറമേക്കാവ് തുടങ്ങിയ ക്ഷേത്രങ്ങളിലെല്ലാം ഭഗവതി എന്ന് പറയുമെങ്കിലും ഭദ്രകാളിയാണ് ദേവത. കാവ് എന്ന പേരിൽ അറിയപ്പെടുന്ന ക്ഷേത്രങ്ങൾ സർവ്വസാധാരണമാണ്. നമ്മുടെ പരിസരങ്ങളിൽത്തന്നെ പുതിയകാവ്, ആദംപിള്ളിക്കാവ്, നടക്കാവ്, പള്ളിപ്പറമ്പ്കാവ്, തേവരക്കാവ്, പോണേക്കാവ്, വളഞ്ഞമ്പലംകാവ് (പെരുമാനൂർകാവ്), അഴകിയകാവ്, തുടങ്ങിയ എത്രയോ കാവുകൾ ഉണ്ട്. കൊച്ചിരാജ്യത്തിന്റെ പരദേവത പഴയന്നൂർ ഭഗവതിയായിരുന്നു. (പലരും ധരിക്കുന്നത് പോലെ ശ്രീ പൂർണ്ണത്രയീശൻ അല്ല) ഇടപ്പള്ളി സ്വരൂപത്തിന്റേത് ോപോണേക്കാവും. കേരളത്തിൽ പേരിൽ ഇന്നും ആയിരക്കണക്കിന് കാവുകൾ ഉണ്ട്. ശബരിമലയുടെ പഴയ പേര് തന്നെ ശബരിമലക്കാവ് എന്നായിരുന്നു. ഈ കാവുകൾ എല്ലാം പിൽക്കാലത്ത് ക്ഷേത്രങ്ങൾ ആയി മാറിയതാണ്. ക്ഷേത്രങ്ങളായി മാറുന്നതിന് മുമ്പ് ഇവിടെ നായന്മാരോ മറ്റ് സമുദായങ്ങളോ ആയിരുന്നു പൂജിച്ചിരുന്നത്. മലബാറിലെ തീയ്യ സമുദായത്തിന്റെയും ധീവര സമുദായത്തിന്റെയും ആരാധനാ മൂർത്തികളായി നിരവധി കാവുകൾ നിലനിന്നിരുന്നു. കേരളത്തിൽ പത്താം നൂറ്റാണ്ടിന് ശേഷം ബ്രാഹ്മണാധിപത്യം നിലവിൽ വന്നതിന് ശേഷമാണ് ഇവ ക്ഷേത്രങ്ങളായി പരിണമിച്ചത്. ഈ കാവുകളിലെല്ലാം നിലനിന്ന ശാക്തേയ പൂജയുടെ അവശിഷ്ടങ്ങളാണ് ഇന്നത്തെ ദേവീ ക്ഷേത്രങ്ങളിലെ ഗുരുതിയും കുമ്പളങ്ങ മുറിക്കലും . ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതി വരെ നമ്മുടെ നാട്ടിലെ കാവുകളിലും കുടുംബങ്ങളിലെ കാവുകളിലും ഗുരുതി നടന്നത് ചിലർക്കെങ്കിലും ഓർമ്മയുണ്ടാവും ഇപ്പോഴും ഇത്തരം പ്രസിദ്ധങ്ങളായ നിരവധി ശാക്തേയ കാവുകൾ ഉത്തര മലബാറിൽ നി

ലനിൽക്കുന്നുണ്ട്. (ഇവയെപ്പറ്റി പിന്നീട് പ രാമർശിക്കാം )

പത്ത് ദേവീ സങ്കൽപ്പങ്ങളെ അടിസ്ഥാന മാക്കിയുള്ള ദശമഹാവിദ്യോപാസനയിൽ വി ദ്യയെന്നത് ദേവിയെന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്. അറിയേണ്ടതാണ് വിദ്യ. അത് ദേവി തന്നെയാണ്. താര, ഷോഡശീ, ഭുവനേശ്വരി, ഭൈരവി, ചിന്നമസ്തക, ധൂമാ വതി, ബഗളാമുഖി, മാതംഗീ, കമല, കാളി എന്നിവയാണ് പത്ത് ദേവിമാർ. ഇവയിൽ പ്ര ധാനം കാളി തന്നെയാണ്. ഭാരതത്തിലെവി ടയും കാളി ഉപാസനക്കാണ് പ്രാധാന്യം. കാളി കാഴ്ചയിൽ ഉഗ്രമൂർത്തിയാണെങ്കിലും ആശ്രയിക്കുന്നവൾക്ക് അഭീഷ്ട വരദായികയാ ണ്. കാളിയുടെ കൈയ്യിലെ ആയുധങ്ങ ളും ശിരസും ആസുരികതക്കെതിരായുള്ള യുദ്ധത്തിന്റെ പ്രതീകങ്ങളാണ്. കാളി യുദ്ധം ചെയ്യുന്നത് പുറത്തെന്നപോലെ മനസ്സിന കത്തുള്ള അസുര ഭാവങ്ങളോടാണ്. മനു ഷ്യമനസ്സിലെ ആസുരികതയെ ജയിച്ചാൽ മാത്രമേ ജ്ഞാനത്തിന് അധികാരിയാവാൻ സാധിക്കൂ. കാളി തിന്മയുടെ മേൽ നന്മയുടെ വിജയത്തെ കാണിക്കുന്നു.

**ശ്രീരാമകൃഷ്ണ ദേവനും കാളിയും**

1836 ഫെബ്രുവരി 17 ന് കൽക്കട്ടക്കടുത്ത് കമാർപുക്കൂർ എന്ന ഗ്രാമത്തിൽ ജനി ച്ച ഗദാധരൻ തന്റെ തീവ്രമായ പ്രേമം കൊണ്ട് മഹാകാളിയെ പ്രത്യക്ഷപ്പെടുത്തി യത് കഴിഞ്ഞ നൂറ്റാണ്ടിലെ ഒരു മഹാ സംഭവമായിരുന്നു. ഈശ്വരദർശനത്തിനുള്ള തീവ്രമായ ആവേശത്തിൽ ഏതാണ്ട് പന്ത്രണ്ട് സംവത്സരക്കാലം ദിവ്യമായ ഒരു ഉന്മത്താ വസ്ഥയിലായിരുന്നു അദ്ദേഹം. റാണി രാസമ ണി ദേവി പണിയിച്ച ദക്ഷിണേശ്വരത്തിലെ കാളിക്ഷേത്രത്തിലെ പൂജാരിയായിരുന്നു അദ്ദേഹം. താൻ പൂജിക്കുന്ന കാളീവിഗ്രഹം അദ്ദേഹത്തിന് വെറുമൊരു ശിലയായിരുന്നില്ല, മറിച്ച് സാക്ഷാൽ ജഗദംബികയായിരുന്നു. ദേവിയുടെ കഴുത്തിൽ മുണ്ഡമാല,അരയി ലാകട്ടെ മനുഷ്യഹസ്തങ്ങൾ കൊണ്ടുള്ള ഒഡ്യാണം, ഇടത് വശത്ത് താഴേകയ്യിൽ അറുത്തെടുത്ത് ശിരസ്സും മുകളിലെ കയ്യിൽ വാളും. വലത് വശത്ത് താഴത്തെ കൈ കൊണ്ട് ദേവി ഭക്തജനങ്ങളെ അനുഗ്രഹി ക്കുന്നു. മുകളിലെ കൈ കൊണ്ട് അഭയദാനം ചെയ്യുന്നു. ഒരേ സമയം ഭയങ്കരിയും അതേ സമയം ഭക്തവത്സലയുമായ കാളിയെയാ ണ് ശ്രീരാമകൃഷ്ണ ദേവൻ പൂജിച്ചിരുന്നത്. അമ്മയെന്ന രൂപത്തിൽ ആരാധിക്കുമ്പോൾ ഈ രൗദ്രഭാവം ശാന്തഭാവമായി മാറുന്നു. അസുരത്വം നമ്മുടെ ഉള്ളിൽത്തന്നെയുള്ള ഭാവമാണ്. ഈ പ്രവണതകളെ ജയിക്കാനുള്ള ഈശ്വരശക്തി നമ്മിൽത്തന്നെയുണ്ട്. ശിവന്റെ മൂന്നാം തൃക്കണ്ണിൽ നിന്ന് ഭദ്രകാളി ജനിച്ച കഥയിലെ മൂന്നാം തൃക്കണ്ണ് ജ്ഞാനചക്ഷു സാണ്. ജ്ഞാനചക്ഷുസിലൂടെ നാം വി വേകബുദ്ധി നേടുമ്പോൾ നമ്മിലെ ആസു രികഭാവം ഇല്ലാതാകുന്നു. ശ്രീരാമകൃഷ്ണ ദേവൻ തന്റെ തീവ്ര പ്രേമം കൊണ്ട് കാളിയെ പ്രത്യക്ഷപ്പെടുത്തിയ കഥ ഇതിന് ഉദാഹ രണമാണ്. രാത്രിയിൽ ആരും അറിയാതെ കാട്ടിലെ ശ്മശാനത്തിൽ പോയി അദ്ദേഹം കാളിയെ ധ്യാനിച്ചിരുന്നു അമ്മയുടെ ദർശനം മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ' ധനവും സ്വത്തുക്കളും സുഖസൗകര്യങ്ങളും എനിക്ക് വേണ്ട അമ്മയുടെ ദർശനം മാത്രം മതി ' എന്നിങ്ങനെ വിലപിച്ച് കൊണ്ട് അദ്ദേഹം കണ്ണീർ വാർക്കും . ഓരോ ദിവസവും സന്ധ്യ സമയത്തെ മണിനാദം കേൾക്കുമ്പോൾ അമ്മയെ കാണാത്ത ഒരു ദിവസം കൂടി പാഴായല്ലോ എന്നോർത്ത് നിലത്ത് കിടന്ന് കരയും. ചിട്ടയോടെ പൂജകൾ നടത്താൻ പോലും അദ്ദേഹത്തിന് സാധിക്കാതെ യായി. ഈ തീവ്രതയുടെ പാരമ്യത്തിൽ അമ്മയെ കാണാത്ത ഈ ജീവിതം എനിക്ക്

വേണ്ട'എന്ന് ചിന്തിച്ച് കൊണ്ട് ഒരു ഭ്രാന്തനെപ്പോലെ അദ്ദേഹം ക്ഷേത്രത്തിലെ വാളെടുത്ത് കഴുത്ത് വെട്ടാൻ ഒരുങ്ങി. ദിവ്യമാതാവ് അദ്ദേഹത്തിന് പ്രത്യക്ഷമായി രണ്ട് ദിവസം ആ ദിവ്യാനുഭൂതിയിൽ കഴിഞ്ഞ് പോയത് അദ്ദേഹം അറിഞ്ഞില്ല. പിന്നീട് അമ്മയുടെ ദിവ്യദർശനം അദ്ദേഹത്തിന് അനുഭവപ്പെട്ടു തുടങ്ങി. അമ്മ അദ്ദേഹത്തോട് സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകാൻ തുടങ്ങുകയും ചെയ്തു. വിധിപ്രകാരം നിവേദ്യം അർപ്പിക്കുമ്പോൾ അമ്മ അത് സ്വീകരിക്കുന്നതായി അദ്ദേഹത്തിന് കാണാൻ കഴിഞ്ഞു. അദ്ദേഹത്തിന് മുമ്പിൽ ശിലാവിഗ്രഹം സാക്ഷാൽ കാളി മാതാവായി മാറി. ഒരു പെൺകുട്ടിയുടെ ആവേശത്തോടെ അമ്മ മട്ടുപ്പാവിന്റെ മുകളിലേക്ക് കയറിപ്പോകുമ്പോൾ അമ്മയുടെ കാൽച്ചിലമ്പൊലി കേൾക്കാൻ കഴിഞ്ഞിരുന്നതും പിന്നാലെ ചെന്ന് നോക്കുമ്പോൾ മുകളിൽ അമ്മ തന്റെ തലമുടി അഴിച്ചിട്ട് ഗംഗയിലേക്ക് നോക്കി നിൽക്കുന്നതും കാണാമെന്നും അദ്ദേഹം പറഞ്ഞു. കാളി ദർശനത്തിന്റെ അസാധാരണവും ദിവ്യവുമായ അനുഭവങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ സാധനയുടെ അവസാന കാലഘട്ടത്തിൽ സന്യാസം നൽകുന്നതിന് എത്തിച്ചേർന്ന തോതാപുരിയുടെ ശിഷ്യത്വം സ്വീകരിച്ചത് പോലും അമ്മയുടെ അനുവാദത്തിന് ശേഷമായിരുന്നു. ശ്രീരാമകൃഷ്ണന്റെ അമ്മയോടുള്ള ഭക്തിയും ഭക്തിയുടെ ബാഹ്യചേഷ്ടകളും തോതാപുരി അംഗീകരിച്ചിരുന്നില്ല. താൻ അനേക വർഷത്തെ തപസ് കൊണ്ട് നേടിയ നിർവ്വികൽപ്പ സമാധി ശ്രീരാമകൃഷ്ണദേവൻ ഏതാനും ദിവസം കൊണ്ട് നേടിയത് തോതാപുരിയെ അത്ഭുതപ്പെടുത്തി. ശ്രീരാമകൃഷ്ണദേവന്റെ ഭക്തി പ്രകടനങ്ങളെ പുച്ഛത്തോടെ മാത്രം കണ്ടിരുന്ന തോതാപുരി കാളിയുടെ സർവ്വവ്യാപിത്വം അനുഭവിച്ചറിഞ്ഞ ശേഷം മാത്രമാണ് അമ്മ ദക്ഷിണേശ്വരത്ത് നിന്ന് വിട്ടയച്ചത്. ഈശ്വരാസ്തിത്വത്തെ ചോദ്യം ചെയ്തിരുന്ന നരേന്ദ്രനെ ഒരൊററ സ്പർശം കൊണ്ട് ഈശ്വരാനുഭൂതിയുടെ ഔന്നത്വത്തിലേക്ക് എത്തിക്കാനും ശ്രീരാമകൃഷ്ണദേവന് കഴിഞ്ഞു.. സമുദ്രവും അതിലെ തിരകളും പോലെ നിരാകാരവും സാകാരവും ഒന്ന് തന്നെയെന്ന് ശ്രീരാമകൃഷ്ണൻ പഠിപ്പിച്ചു. നിശ്ചലഭാവത്തിൽ അത് ബ്രഹ്മമാണെങ്കിൽ അതിന്റെ ചലനമാണ് കാളി. അമ്മ അഥവാ കാളി ഒരു സങ്കൽപ്പമല്ല യാഥാർത്ഥ്യമാണെന്ന് ശ്രീരാമകൃഷ്ണ ദേവന്റെ ജീവിതം നമ്മേ പഠിപ്പിച്ചു. അമ്മയെ ആശ്രയിക്കുക മാത്രമാണ് എല്ലാ ദുഃഖങ്ങളേയും ദുരിതങ്ങളേയും നേരിടാനുള്ള വഴി . (തുടരും .............)

*****

മിനിക്കഥ

# 'അനുഭവപാഠം'

ഉണ്ണി വാരിയത്ത് 9867179480

അയാളെ വിശ്വസിക്കരുതെന്ന് ചിലർ പറഞ്ഞു. പക്ഷേ, അവൻ കേട്ടില്ല.
നേരിട്ടു ബോധ്യപ്പെടാതെ ഒരാളെ വിലയിരുത്തരുതെന്നായിരുന്നു അവന്റെ വാദം.
അതു തെറ്റല്ലല്ലോ. കാരണം, ഉപ്പിനും പഞ്ചസാരയ്ക്കും നിറം വെളുപ്പാണെങ്കിലും, രണ്ടും രണ്ടല്ലേ?
അധികം വൈകാതെ അവനു മനസ്സിലായി അവരാണ് ശരിയെന്ന്. അനുഭവപാഠം തെറ്റില്ലല്ലോ.

# നമ:ശിവായ

ഡോ. കെ. ഹരിഹരൻ - 9847313322

*(തുടർച്ച)*

ഗംഗയ്ക്കു മൂന്നു ധാരകളുണ്ട്. ഒന്ന് സ്വർഗ്ഗത്തിൽ തന്നെ, ബ്രഹ്മദ്രവധാര ദീർഘികയായി പതിച്ചു കൊണ്ടിരിക്കുന്നു. അവിടെ നിന്നും രണ്ടാമത്തെ ധാര ഭൂമിയിലേയ്ക്കു വരുന്നു. മൂന്നാം ധാര പാതാളത്തിലെത്തുന്നു. സ്വർഗ്ഗ ഗംഗാ, ഭൂഗംഗാ, പാതാള ഗംഗ എന്നു മൂന്നു ധാരകൾ ഗംഗയ്ക്ക് അതിനാൽ ത്രിപഥ ഗാമിനിയെന്നും പേരു വന്നു. ത്രിഷു പഥിഷുഗന്തും ശീലംയസ്യാ ഗംഗയ്ക്ക് ഇന്നും മൂന്നു ധാരകളുണ്ട്. രണ്ടാമത്തെ ധാരയാണ് ഭഗവാൻ ശങ്കരൻ തന്റെ ജടയിൽ ധരിക്കുന്നത്. അതിൽ നിന്നും ഒരു ചെറിയ ധാരയെ ഭഗവാൻ പുറത്തേക്കു വിട്ടു. അതിനെകൊണ്ടുവന്ന് ഭഗീരഥൻ പൂർവ്വജരെ ഉദ്ധരിച്ചു അതേ ബ്രഹ്മദ്രവം ഭൂമിയിലെത്തി സിലിലമായീത്തീർന്നു. അതിനാൽ മന്ദാകിനീസലിലം അത് ബ്രഹ്മദ്രവം തന്നെയാണ്. അത് യമുന തുടങ്ങി അനേകം നദികളിലെ ജലത്തോടു ചേരുന്നു. ബ്രഹ്മാണ്ഡപുരാണത്തിൽ ഈ മിശ്രണത്തെ ക്ഷീരതുല്യജലാ എന്നു വിളിക്കുന്നു. ഈ ജലം എത്ര നാൾ വെച്ചിരുന്നാലും അതിൽ കീടാണുക്കൾ ഉണ്ടാകുന്നില്ല.

മന്ദാകിനിയുടെ അർത്ഥം വിയദ്ഗംഗാ ആകാശഗംഗ എന്നാണ്. ആകാശത്തു കാണുന്ന ഈ ആകാശഗംഗ ജലമല്ലെന്നാണ് ആധുനിക ശാസ്ത്രജ്ഞന്മാർ പറയുന്നത്. അവ നക്ഷത്രസമൂഹമാണ്. അതിദൂരത്തായതിനാൽ അവയെ മൂർത്ത രൂപത്തിൽ കാണാതെ അവയുടെ പ്രകാശരശ്മികൾ കൂടി കലർന്ന് വെളുത്ത നിറത്തിൽ കാണുന്നു. എന്നാൽ, അതിൽ സൂക്ഷ്മ രൂപത്തിൽ ബ്രഹ്മദ്രവം ഉണ്ട്. അതുകൊണ്ട്, ഉപലക്ഷിതമായിരിക്കുന്ന ആകാശഗംഗ മരച്ചില്ലകൾക്കിടയിലൂടെ കാണുന്ന ഉപലക്ഷ്മിത ചന്ദ്രനെപ്പോലെയാണ്. ജീവാത്മാവ് ഇവിടെ നിന്നും പരലോകത്തേയ്ക്കു പോകുന്നത് ഉപവേഷ്ടി തനായിട്ടാണ്. ലോകാനുപ്രതിപത്തി പ്രാപ്തിക്കായി ജീവാത്മാവ ജലത്താൽ വേഷ്ടിതനായി ഗമനം ചെയ്യുന്നുവെന്നാണ് ഛാന്ദോഗ്യത്തിൽ നിന്നും നിശ്ചിതമാകുന്നത്. ബ്രഹ്മാണ്ഡത്തിന്റെ പ്രതിബിംബ സഹിതമുള്ള പുണ്യകർമ്മങ്ങളുടെ പരിണാമം തന്നെയാണ് ഈ ഗംഗ. അത് ഇവിടെ നിന്നും കാണാൻ സാധിക്കില്ല, പിന്നീടത് സലിലരൂപത്തിൽ പ്രത്യക്ഷമാകുമ്പോൾ കാണാം. ജലധാരാപ്രിയ ശിവശങ്കരഭഗവാൻ ജലധാരാപ്രിയനാണ്. ഗംഗാ ജലധാരയെങ്കിൽ പിന്നെ പറയാനുമില്ല. മൂന്നു ലോകങ്ങളുടേയും സാരഭൂതമാണ് ഈ ഗംഗ. സമ്പൂർണ്ണ ജഗത്തിന്റേയും സാരം കേവലം കർമ്മമാകുന്നു. കർമ്മവും ഉപാസനയും കൊണ്ടു തന്നെയാണ് ഈ ജഗത്തിന്റെ ഉൽപ്പത്തി. സമഷ്ടി കർമ്മത്താൽ സൃഷ്ടി നടക്കുന്നു. വ്യഷ്ടി കർമ്മത്താൽ ഓരോ വ്യക്തിക്കും സുഖദുഖാദി അനുഭവം ഉണ്ടാകുന്നു. സപ്താന്നരൂപമായ സംസാരത്തെ കർമ്മത്താലും ഉപാസനയാലും പിതാവ് ജനിപ്പിച്ചു നമ്മുടെ ജീവിതാന്ത്യത്തിൽ ധർമ്മം മാത്രമെ നാം സാരമായി കൊണ്ടുപോകുന്നുള്ളൂ. ധനം, ഭൂമി, പശുക്കൾ, ഭാര്യ, പുത്രൻ ഇവയെ ഒന്നും കൊണ്ടുപോകുന്നില്ല. കരിമ്പിന്റെ സാരം ശർക്കരയാണ്. ചന്ദനത്തിന്റെ സാരം സുഗന്ധമാണ്. ഭോജനത്തിന്റെ സാരം രസ-രക്താദി ക്രമത്തിൽ മനസ്സാണ്. അപ്രകാരം ഈ മുഴുവൻ സംസാരത്തിന്റേയും സാരം കർമ്മമാണ്. ഈ കർമ്മത്തിനനുസരിച്ചാണ് അടുത്ത ജന്മത്തിൽ ഉണ്ടാകാവുന്ന സുഖദുഖാദികളുടെ

അടുത്ത സൃഷ്ടി. പാപകർമ്മങ്ങളും സാരമാണെങ്കിലും, ഗംഗയല്ല. ഗംഗ പുണ്യകർമ്മസാരമാണ്. ഈ പുണ്യകർമ്മങ്ങളാലാണ് സകല ദേവന്മാരും അവരുടെ വസുക്കളും പ്രകാശിക്കുന്നത്, പുണ്യാത്മാക്കളായത്. അത് പൂർണ്ണബ്രഹ്മസ്വരൂപവും ആകുന്നു. ഓംകാര ജപവും അതിന്റെ അർത്ഥഭാവനയും ഈശ്വരപ്രണിധാനമാണ്. അതുപോലെ ഗംഗാജലവും ഗംഗാദർശനവും ഗംഗാസ്നാനവും ബ്രഹ്മഭാവനയാണ്. ഗംഗ മൂന്നുലോകങ്ങളിലേയും പാപം കഴുകികളയുന്നവളാണ് എന്തെന്നാൽ ഗംഗ സ്വയം ബ്രഹ്മ സ്വരൂപമായതുകൊണ്ടാണ്.

ചന്ദനചർച്ചിതമായ ഇവിടെ ചന്ദനചർച്ചിതായ എന്നും, പൂർവ്വശ്ലോകത്തിൽ ഭസ്മാംഗരാഗായ എന്നും പറഞ്ഞു. രണ്ടും ഒരുമിച്ചു വേണോ, അതോ രണ്ടും വെവ്വേറെ വേണോ അവസാന വികൽപ്പമാണ് ശരിയെന്ന് തോന്നുന്നു. ശ്മശാനേഷ്വാക്രീഢ സമയത്ത് ചന്ദനലേപനം സാദ്ധ്യമല്ല. അവിടെ ചിതാഭസ്മലേപനമേ സാധിക്കൂ.

പാർവ്വതി വിവാഹസമയം ശങ്കരന്റെ വികടരൂപം കൊണ്ട് മേനാദേവി വിവാഹത്തിന് സമ്മതിച്ചില്ല അവിടെ ചന്ദനാഗരുകസ്തൂരി ചാരുകുങ്കുമ ഭൂഷിതം ചന്ദനലേപം ചെയ്തു എന്നാണ് പറഞ്ഞിരിക്കുന്നത്. പൂജാസമയത്ത് ചന്ദനലേപം ചെയ്യുന്ന രീതിയാണ് മിക്കയിടത്തും കാണുന്നത്. ചന്ദനത്തെ ശ്രീഖണ്ഡമെന്നും പറയും. ഉള്ളിൽ കഴിക്കുന്ന ശ്രീഖണ്ഡം വേറെയുണ്ട്. ഇവിടെ പറഞ്ഞിരിക്കുന്ന ശ്രീഖണ്ഡം ലേപനത്തിനുള്ളതാണ്. ശ്രീ എന്ന് ലക്ഷ്മിയെയാണ് വിളിക്കുന്നത്. ഖണ്ഡം എന്നാൽ ഭാഗം കഷണം ശ്രീയുടെ തന്നെ ഒരു ഭാഗമാണ് ചന്ദനം. മന്ദാകിനീ സലില എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് ചന്ദനചർച്ചിതായ എന്ന് പറഞ്ഞിരിക്കുന്നത് ഈ വിശേഷണം ശിവനായാലും, മന്ദാകിനിസലിലം ചേർത്തരച്ച ലേപചന്ദനത്തിനായാലും ചേരും.

സമുദ്രമനഥന വേളയിൽ മൂന്നു ലോകങ്ങളും ഭസ്മമായി തീരുമാറ് അഗ്നിജ്വാലകൾ വമിക്കുന്ന ഹലാഹല വിഷം ശങ്കരൻ തന്റെ കൈക്കുമ്പിളിൽ ഏറ്റുവാങ്ങി കഴിച്ചു, അപ്പോൾ പാർവ്വതി ശിവന്റെ കഴുത്ത് അമർത്തിപ്പിടിച്ച്, വിഷം ഉദരത്തിലെത്തും മുമ്പ് തടഞ്ഞു. അതിന്റെ താപം എപ്പോഴും മസ്തകത്തിൽ കയറികൊണ്ടിരിക്കും അമൃതിന്റെ വിപരീതമായ വിഷം കുടിച്ചിട്ടും ആ വിഷം ശങ്കരന്റെ കണ്ഠഭൂഷണമായി തീർന്നു. ഹാലാഹല വിഷത്തിന്റെ പ്രഭാവം കാരണം ശങ്കരൻ മഞ്ഞുമലയിലാണ് താമസം. മസ്തകത്തിൽ ഗംഗ ഉപാസകരുടെ സിദ്ധിക്കായി ഭക്തദയാപരവശനായ ശങ്കരൻ ചന്ദനം ധാരണം ചെയ്തു. പ്രഭുവിന്റെ ലീലകൾ പ്രഭുവിന് മാത്രമെ അറിയൂ. ഇതെല്ലാം ലോക സംഗ്രഹാർത്തമാണ്. സ്വയം ബുദ്ധിമുട്ടിയാലും പരഹിതം ചെയ്യണമെന്ന് ഭഗവാൻ ശങ്കരൻ കാണിച്ചുതരുന്നു.

മന്ദാകിനി:-

മന്ദാകിനിയുടെ അർത്ഥം വിയദ് ഗംഗ എന്ന് പറഞ്ഞു സലിലം എന്നാൽ ജലം ചന്ദനത്തിനർത്ഥം ശ്രീവത്സം. ഇവയ്ക്കെല്ലാം ആദ്ധ്യാത്മപക്ഷത്തിലും അർത്ഥമുണ്ട്. ഗംഗയെക്കുറിച്ച് ക്ഷീരതുല്യജലംഗംഗ എന്നാണ് പറഞ്ഞിരിക്കുന്നത്. ഗംഗാജലം പാലിനു തുല്യം. അത്യന്തം സ്വച്ഛമായതിന് പാലിന്റെ ഉപമ വരും. പാലിൽ കഴുകിയെടുത്താൽ കളങ്കരഹിതമാകും. അതായത് പാലുപോലെ വിശുദ്ധമായതാണ് ഗംഗ എന്നു വരും. മന്ദാകിനി എന്നതിന് ആദ്ധ്യാത്മപക്ഷത്തിൽ ആകാശഗംഗ, ജ്ഞാനഗംഗ എന്നാണർത്ഥം. ആകാശം പോലെ വ്യാപിച്ചുകിടക്കുന്നതാണ് ജ്ഞാനഗംഗ. ആകാശത്തിന് ബ്രഹ്മമെന്നും അർത്ഥമുണ്ട്, അതിനാൽ ബ്രഹ്മവിഷയകമായ ജ്ഞാനം എന്നും വ്യാഖ്യാനമാകും.

'സർവ്വം ഖല്വിദം ബ്രഹ്മ' എന്ന ത്രീഭുവന വിഷയക ജ്ഞാനം തന്നെയാണ് ഗംഗ. ഗംഗ അത്യന്തം പവിത്രമാണ്. അതുപോലെ ഈ ജ്ഞാനവും, വേദാന്തശ്രവണം

കൊണ്ടുണ്ടാകുന്ന ജ്ഞാനം, ഗംഗാപ്രവാഹം പോലെയാണ്. പരമപവിത്രമാണ്. ജ്ഞാനം പോലെ പവിത്രമായി വേറൊരു വസ്തുവും ഈ സംസാരത്തിൽ ഇല്ല. ഇവിടെ അടുത്തു തന്നെ ഗയയുമുണ്ട്. ഭക്തിശ്രദ്ധയാണ് ഗയ. ഗയയിൽ ചെന്നിട്ട് ശ്രാദ്ധം കഴിയ്ക്കും. അതിനാൽ ഭക്തിശ്രദ്ധ തന്നെയാണ് ഗയ. അതിനടുത്ത് പ്രയാഗ ഗുരുചരണവും ധ്യാനവും എവിടെ ഒന്നിക്കുന്നുവോ അവിടം പ്രയാഗ ജ്ഞാനഭക്തികളുടെ സംയോഗം തന്നെയാണ് പ്രയാഗ. ഗുരുവിൻ ജ്ഞാനം ഈ ഭക്തശിഷ്യനിലും രണ്ടിന്റേയും സംയോഗം പ്രയാകാശിയിലാണെങ്കിൽ വിശ്വനാഥ ഭഗവാൻ. സാക്ഷിരൂപേണ ശരീരത്തിൽ വിരാജിച്ചിട്ടുള്ള ചൈതന്യം തന്നെയാണ്. വിശ്വേശ്വരനായ വിശ്വനാഥൻ. നമ്മുടെ ദേഹത്തിൽ തന്നെ എല്ലാം സമാഹിതമാണ്. സർവ്വതീർത്ഥ സമായുക്തമാണ്. ജ്ഞാന ഗംഗയെന്ന് പറഞ്ഞത് ഇവിടെ മന്ദാകിനി. മന്ദം അകതി ഇതി മന്ദാകിനി. ഈ ജ്ഞാന ഗംഗയും വളരെ മന്ദഗതിയിൽ വളഞ്ഞു പുളഞ്ഞാണ് സഞ്ചരിക്കുന്നത്. അതിലൂടെ ജ്ഞാനജ്യോതിയായ ജ്ഞാനഗംഗ പിണ്ഡരൂപിയായ ബ്രഹ്മാണ്ഡത്തിനകത്തു കടക്കും. പക്ഷെ അത്യന്തം മന്ദഗതിയിൽ. ജ്ഞാനഗംഗയുടെ ഗതി വേഗം കൂട്ടണമെങ്കിൽ ധാരാളം പ്രയത്നം വേണ്ടിവരും. ത്രേതായുഗത്തിലാണ് ഭഗീരഥൻ ഗംഗയെ ഭൂമിയിലേയ്ക്ക് കൊണ്ടുവന്നത്. അതിന് അദ്ദേഹത്തിന് ഒരു യുഗം വേണ്ടി വന്നു. അതുപോലെ ജ്ഞാന ഗംഗാപ്രാപ്തിക്കും ഭഗീരഥപ്രയ്നം വേണ്ടിവരും. ദീർഘകാലം പ്രയത്നിക്കണം.

സലില ശബ്ദം ബ്രഹ്മത്തെ സൂചിപ്പിക്കുന്നു. സലിലത്തിന് ജലമെന്ന അർത്ഥം നേരത്തെ പറഞ്ഞു. ഇവിടെ സലിലം കാരണബ്രഹ്മം എന്നർത്ഥമാണ്. സലിലം സ്വയമേവ സ്വഛമാണ്. സ്വഛതാകാരിയുമാണ്. അതുപോലെ ബ്രഹ്മം സത്ത് ആണ്, ജഗത്തിൽ സത്ത്വകാരിയുമാണ്. സ്വഛം എന്നാൽ മായാമലരഹിതം എന്നർത്ഥം. ബ്രഹ്മത്തെ അറിഞ്ഞാൽ അത് ജ്ഞാതാവിനേയും സ്വച്ഛമാക്കും. നാരായണാചാര്യൻ സലിലത്തിന് സംഗതം എന്നർത്ഥം എടുത്തിട്ടുണ്ട്. സത്തായബ്രഹ്മം തമസ്സിനാൽ മറയ്ക്കപ്പെട്ടിരിക്കുന്നു. സംഗതമെന്നാൽ സർവ്വാനുഗതം. ഒരേയൊരുസത്തു മാത്രമെ സർവ്വാനുഗതമായുള്ളൂ. സത്ത് മാത്രമാണ് അതിന്റെ സ്വരൂപം. ജലത്തിന്റെ രണ്ടാമത്തെ പേരാണ് ജീവനപ്രാണികളുടെ ജീവനാണ് സലിലം. മന്ദാകിനിയെ ജ്ഞാന ഗംഗയെന്ന് പറഞ്ഞ് ചൈതന്യജ്ഞാനസ്വരൂപമായ ചിദ്രൂപമായാണ് കണ്ടിരിക്കുന്നത്. അതേ പോലെ കാര്യഭാവാപന്നമായി പറഞ്ഞ് അനുഗതസത്താരൂപമായി കണ്ടിരിക്കുന്നു.

ചന്ദനം മൂന്ന് വിധമുണ്ട്. 'ചദി ആഹ്ലാദേ' എന്ന ധാതുവിൽ നിന്നാണ് ചന്ദനമെന്ന പദം വന്നിരിക്കുന്നത്. ഇതിന്റെ യൗഗികാർത്ഥമാണ് ആഹ്ലാദം ആഹ്ലാദകാരി എന്നൊക്കെ. പണ്ടു കാലത്തെല്ലാം പ്രമുഖവ്യക്തികൾ ശരീരം തണുപ്പുള്ളതാക്കാൻ ചന്ദനലേപം നടത്തിയിരുന്നു. ശ്വേതചന്ദനം, രക്തചന്ദനം ഹരിത ചന്ദനം എന്നിങ്ങനെ ചന്ദനം മൂന്നുവിധം. ഹരിതചന്ദനം തന്നെയാണ് ഹരിചന്ദനം. വെളുത്തചന്ദനം, ശ്വേതചന്ദനം എല്ലാവരും ധരിക്കുന്നതാണ്. രക്തചന്ദനം വശീകരിക്കുന്നതിനും, ആഭിചാരത്തിനുമുള്ളതാണ്. രക്തത്തിന് രാഗമെന്നും, ചുവപ്പെന്നും അർത്ഥമുണ്ട്. ഹരിചന്ദനം വിശേഷതയാ ശീതളതാ സുഖം തുടങ്ങിയവയെ കുറിക്കുന്നതാണ്.

ഭഗവാൻ ശങ്കരനും ചന്ദനലേപമുണ്ട്. അതായത്, അദ്ദേഹം പരമശാന്തിയിലും ആനന്ദത്തിലും വർത്തിക്കുന്നു എന്നർത്ഥം. മന്ദാകിനിയെ ധരിക്കുന്നു എന്നാൽ ജ്ഞാനത്തെ സലിലത്തെ ധരിക്കുന്നു എന്നർത്ഥം. അദ്ദേഹത്തിന്റെ ജട ഗംഗാജലത്താലും മഞ്ഞിനാലും നനഞ്ഞിരിക്കുന്നു എന്നതിനർത്ഥം ജീവരൂപിയായ സത്തയെ ധാരണം ചെയ്തിരിക്കുന്നു എന്നും ചന്ദനം ധരിച്ചതിനാൽ ശാന്തിയും ആനന്ദവും ധാരണം ചെയ്തിരിക്കുന്നു എന്നുമാണ് ഫലത്തിൽ ശങ്കരൻ സന്മയനും, ചി

ന്മയനും ആനന്ദമയനുമാകുന്നു. ജ്ഞാനത്തെ സാധാരണയായി അഗ്നിയെന്ന് ഉപമിക്കാറുണ്ട്. ജ്ഞാനാഗ്നി സർവ്വ കർമ്മാണീ ഭസ്മ സാത്കുരുതെ തഥാ എന്ന് ഗീതയിൽ അതി രൂപേണ ജ്ഞാനത്തെ വർണ്ണിക്കുന്നു. അഗ്നി എന്ന് പറയുമ്പോൾ തന്നെ ചൂട് അവിടെ ഉപസ്ഥിതമാണ്. ശബ്ദം അർത്ഥത്തെ ഉപ സ്ഥിതമാക്കും. സത്ത്, അദ്വൈതം, ജ്ഞാനാഗ്നി, ചിത്തം തൂരിയം, ആനന്ദം എന്നൊക്കെ കേൾക്കുമ്പോൾ തന്നെ ബോധം തെളിഞ്ഞു വരും. എന്നാൽ മന്ദാകിനി, ജ്ഞാന ഗംഗ എന്നു കേട്ടാൽ ഒരു ശീതളതയും ശാന്തിയുമൊക്കെ കൈവരും. ജ്ഞാനാഗ്നിയെന്ന ശബ്ദത്തിൽ ഉഷ്ണം അപകടം എന്നെല്ലാം പ്രതീതമാകും. അദ്വൈത സത്തയെന്നു കേട്ടാൽ നമുക്ക് ആദ്യം ഒരു ഏകാന്തതയാണ് പ്രതീതമാകുന്നത്. സലിലം ചന്ദനം എന്നെല്ലാം കേൾക്കുമ്പോൾ തന്നെ ശീതള ശാന്തിയെന്ന അർത്ഥവും പ്രാപ്തമാകും. ഇതു പോലെ തന്നെ മന്ദാകിനിയെന്ന പദം കൊണ്ട് പ്രകാശിക്കുന്നതെന്നും, സലിലമെന്ന പദം കൊണ്ട് സർവ്വതിനും കാരണമായ വ്യാപകസ്വരൂപമെന്നും, ചന്ദനമെന്ന പദം കൊണ്ട് ആഹ്ലാദവും ആനന്ദവും പരമശാന്തിയെന്നുമുള്ള അർത്ഥം മനസ്സിലാക്കിത്തരാൻ വേണ്ടിയാണ് ഋജുവായി സച്ചിതാനന്ദം എന്നു പറയാതെ 'മന്ദാകിനി സലില ചന്ദന' ശബ്ദം കൊണ്ടു പറഞ്ഞത്.

മന്ദാകിനി സലിലം ചനന്ദം എന്നിവയെക്കൊണ്ട് പ്രതിപാദ്യസ്വരൂപത്തിലാണ് പരമശിവൻ വേദങ്ങളിലും സ്മൃതികളിലും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. മന്ദാകിനി ആദിയായവ കൊണ്ട് പ്രതിപാദിതമായ ഗുണങ്ങളാലാണ് വേദങ്ങളിലെ ആ ചർച്ചകൾ ആധിദൈവികപക്ഷത്തിലും ചർച്ചിതം എന്നതിന് ചർച്ച ചെയ്യപ്പെട്ട വിഷയം എന്ന് അർത്ഥമുണ്ടാകും. മന്ദാകിനിയെ പറയുന്നിടത്ത് ശങ്കരനും ചർച്ചാവിഷയമായി. പൂർണ്ണഗംഗ വിയദ് വ്യാപിയാണല്ലോ. ശങ്കരന്റെ ജടയിലെ ഗംഗയെ പുഷതലഘ്വുദുഷ്ട എന്നു പറഞ്ഞ് ചർച്ചയുണ്ട്. സലിലമെന്നും ചർച്ചയുണ്ട്. മന്ദഗതിയിലുള്ള ജ്ഞാനവിഷയത്തെക്കുറിച്ചും ചർച്ച വന്നു. സലില രൂപത്തിലുള്ള അദ്വൈത ബ്രഹ്മത്തെപ്പറ്റിയും ചർച്ച ചെയ്തു. ശിവൻ ആനന്ദാത്രയനോ, അതോ ആനന്ദസ്വരൂപനോ എന്ന ചർച്ച ചെയ്തു. ഇങ്ങനെ ഭഗവാൻ ശങ്കരൻ മന്ദാകിനി ആദിയായവകളാൽ ചർച്ചിതനായി.

വൈദിക മന്ത്രങ്ങളിലെ ഓരോരോ അക്ഷരവും സാഭിപ്രായമുള്ളതാണ്. ബ്രഹ്മണങ്ങളിൽ തന്നെ പലയിടത്തും അങ്ങനെ വ്യാഖ്യാനിച്ചിട്ടുണ്ട്. ബ്രഹ്മണങ്ങളിലെ ഹൃദയം എന്നതിന്റെ വ്യാഖ്യാനം ഇതാണ്. ഹൃദയമെന്നാൽ ബുദ്ധി ഹൃ എന്നതിനർത്ഥം ഇന്ദ്രിയങ്ങളും വിഷയങ്ങളും അവയുടെ കാര്യങ്ങൾ ഉപഹാരരൂപേണ ബുദ്ധിക്ക് സമർപ്പിക്കുമ്പോൾ ഹൃദയം ബ്രഹ്മത്തിനു സമർപ്പിക്കുന്നു ദ എന്നതിനർത്ഥം ഇന്ദ്രിയങ്ങളും വിഷയങ്ങളും അവയുടെ വീര്യത്തെ ബ്രഹ്മത്തിനു നൽകുന്നു. യ എന്നതിനർത്ഥം അത് സ്വർഗ്ഗത്തിലേയ്ക്ക് യാനം (പ്രയാണം) ചെയ്യപ്പെടുന്നു എന്നുമാണ്. സത്യം തുടങ്ങിയ പദങ്ങൾക്കും ഇപ്രകാരം വ്യാഖ്യാനങ്ങളുണ്ട്. ഇപ്രകാരം വേദമന്ത്രങ്ങളിലെ അക്ഷരവ്യാഖ്യാനം ചെയ്യുമ്പോൾ ഈ വിശിഷ്ടക്ഷതങ്ങളെക്കൊണ്ട് ആ മന്ത്രമേതെന്നറിയാം. നാഗേന്ദ്രഹാരായ എന്നിവയിലെ ഓരോരോ അക്ഷരങ്ങൾക്കും അർത്ഥമുണ്ട്. മകാരത്തിന്റെ അർത്ഥമാണ് പറയുന്നത് മന്ദാകിനിയിൽ നിന്നും ചിത്ത്, സലിലത്തിൽ നിന്നും സത് ചന്ദനത്തിൽ നിന്നും ആനന്ദം. അങ്ങനെ മ കാരത്തിനർത്ഥം സച്ചിനാനന്ദമയം എന്ന് നിർണ്ണയിച്ചു. അതുപോലെ, മന്ദാകിനീ ജലം ചാലിച്ച ചന്ദനലേപനത്താൽ ചർച്ചിതം എന്നു ബാഹ്യാർത്ഥവും പറഞ്ഞു. മ എന്നാൽ മഹേശ്വരൻ എന്ന അർത്ഥം സ്പഷ്ടമാണ്. അതിനോട് നന്ദികേശ്വരന്റെയും പ്രഥമന്മാരുടേയും നാഥത്വവും ചേർത്തു. ആദ്യ ശ്ലോകത്തിലും മഹേശ്വരശബ്ദം വന്നു. അവിടെ നിത്യത മുഖ്യം, ദിഗംബരശുദ്ധ മഹേശ്വരരൂപത്വ വിശേഷണമാണ്.

*****

# ആഗോളതാപനവും കൂട്ടവംശനാശവും

എൻ. രാജശേഖരൻ – 9895550719

**ഭൂ**മിയിന്മേലുള്ള ദുരാഗ്രിഹകളായ മനുഷ്യന്റെ അനിയന്ത്രിത ഇടപെടലുകൾ, മനുഷ്യൻ ഉൾപ്പെടെയുള്ള സസ്തനികളുടെ കൂട്ടവംശനാശത്തിൽ കൊണ്ടെത്തിക്കുമെന്ന് ബ്രിട്ടണിലെ ബ്രിസ്റ്റോ സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നു. ഫോസിലുകളുടെ പഠനത്തിൽ നിന്നാണ് ശാസ്ത്രജ്ഞർക്ക് ഇത്തരമൊരു നിഗമനത്തിലെത്തിച്ചേരാനുള്ള തെളിവുകൾ ലഭിച്ചത്. നിലവിലുള്ള ജീവജാലങ്ങളിൽ നാലിൽ മൂന്ന് ഭാഗം ഇല്ലാതാകുമ്പോഴാണ് കൂട്ടവംശനാശം എന്ന് പറയുന്നത്. ആഗോളതാപനവും, അതിന്റെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും സമീപഭാവിയിൽ തന്നെ ആവാസവ്യവസ്ഥകൾ മുഴുവനായും തകർക്കുകയും, ഏതാണ്ട് മുഴുവൻ ജീവജാലങ്ങളും, സസ്യങ്ങൾ ഉൾപ്പെടെ ഇല്ലാതാകുമെന്നും ഗവേഷകർ ചൂണ്ടികാണിക്കുന്നു.

കൂട്ട വംശനാശത്തിനിടയാക്കുന്ന വസ്തുതകൾ ഏതൊക്കെയെന്ന് നോക്കാം.

1. തീവ്രകാലാവസ്ഥാ മാറ്റങ്ങൾ
2. വൻ അഗ്നിപർവ്വത സ്പോടനങ്ങൾ
3. ഉൽക്കാ പതനങ്ങൾ
4. ജനസംഖ്യയിലുള്ള അഭൂതപൂർവ്വമായ വളർച്ച
5. ആവാസവ്യവസ്ഥകളുടെ സർവ്വനാശം
6. അടിക്കടി ഉയരുന്ന സമുദ്രതാപനില.

ഇപ്പോൾ നമ്മുടെ തൊട്ടടുത്ത് എത്തി നിൽക്കുന്ന 6-ാം കൂട്ടവംശനാശത്തിന്റെ പ്രധാനകാരണം ഭൂമിയുടെ മേൽ മനുഷ്യൻ നടത്തിയ ആർത്തിപൂർണ്ണമായ പ്രവർത്തനങ്ങളാകുന്നു. ഇതു തന്നെയാണ് ആന്ത്രോപ്പോസിൻ വംശനാശം മനുഷ്യനിർമ്മിതമായ ഭൗമയുഗം എന്നാണ് ആന്ത്രോപ്പോസിൻ എന്ന വാക്കിനർത്ഥം.

പ്രാണൻ നിലനിർത്തുന്ന ഒരേ ഒരു വാതകം ഓക്സിജനാണെന്ന് നമുക്കെല്ലാം അറിയാം. ഓക്സിജനില്ലാതെ ഒരു നിമിഷം നമ്മുക്ക് ജീവിക്കാൻ കഴിയില്ല. ഭൂമി രൂപം കൊണ്ടസമയത്ത് നീരാവി, മീഥേൻ, കാർബൺഡൈഓക്സൈഡ് എന്നിവയായിരുന്നു അന്ന് അന്തരീക്ഷത്തിൽ കൂടുതലായി ഉണ്ടായിരുന്നത്. തികച്ചും അസഹനീയമായ അന്തരീക്ഷമായിരുന്നു അത്. പിന്നെയാണ് ഓക്സിജൻ അന്തരീക്ഷത്തിൽ സ്ഥാനം പിടിച്ചത്. തൊട്ടു പിറകെ തന്നെ ജീവന്റെ സാന്നിദ്ധ്യവും എത്തി.

എന്നാൽ എക്കാലവും ഓക്സിജന്റെ സാന്നിദ്ധ്യം ഈ അളവിൽ ഭൂമിയിൽ ഉണ്ടായിരിക്കാനിടയില്ലെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നു.

ദി നേച്ചർ എന്ന സൈറ്റിൽ ശാസ്ത്രജ്ഞർ പുറത്തുവിട്ട ഗവേഷണ പഠനങ്ങൾ പ്രകാരം കോടിക്കണക്കിന് വർഷങ്ങൾ കഴിയുമ്പോൾ ഭൂമിയുടെ ഉത്ഭവസമയത്തുണ്ടായത് പോലെ അന്തരീക്ഷത്തിൽ മാറ്റങ്ങൾ ഉണ്ടാകുമെന്ന് അവർ ഉറച്ചു വിശ്വസിക്കുന്നു. ചിലപ്പോൾ ഇങ്ങനെയൊരു മാററത്തിന് കോടിക്കണക്കിന് വർഷങ്ങൾ എടുക്കണമെന്നില്ല. മാറ്റങ്ങൾ ആരംഭിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ എത്തുകയും ചെയ്യും. 2.4 ബില്യൺ വർഷങ്ങൾക്കു മുമ്പുണ്ടായ ഓക്സിഡേഷൻ ഇവന്റ് എന്ന അവസ്ഥയിലേക്കു കാര്യങ്ങൾ എത്തിച്ചേരുകയും അതോടെ ജീവികൾ എല്ലാം തന്നെ ഇല്ലാതാകുകയും ചെയ്യും.

ഇപ്പോൾ തന്നെ ഓക്സിജന്റെ അളവിൽ, ഇന്നത്തേതിൽ നിന്ന് ദശലക്ഷക്കണക്കിന് കുറവുണ്ടാകുമെന്ന് ജോർജിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ക്രിസ് റെയ്ൻ ഹാൻഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. കാർ

ബൺ ഡൈ ഓക്സൈഡിന്റെ അളവിൽ ക്രമാതീതമായി കുറവ് വന്നുകഴിഞ്ഞാൽ പ്രകാശസംശ്ലേഷണം നടത്താൻ കഴിയാതെ സസ്യങ്ങളാകമാനം നശിക്കാനുള്ള സാധ്യത ചൂണ്ടിക്കാണിക്കപ്പെടുന്നു. ഭൂമിയുടെ ചരിത്രത്തിൽ 5 കൂട്ടവംശനാശങ്ങളാണ് ഉണ്ടായിരിക്കുന്നത്. 1982-ൽ ജാക് സെപ്രോസ്കി, ഡേവിഡ് എം റോപ്പ് എന്നീ ശാസ്ത്രജ്ഞരാണ് ഇതുവരെ സംഭവിച്ച 5 കൂട്ടവംശനാശങ്ങളെ തരംതിരിച്ച് എഴുതിയിട്ടുള്ളത്.

ആദ്യകൂട്ട വംശനാശത്തിൽ 85 ശതമാനം ജീവജാലങ്ങളും നശിച്ച് പോയി. ഓർഡോവിഷൻ സെലൂറിയൻ കാലഘട്ടമെന്ന പേരിലാണ് ഈ കാലഘട്ടം അറിയപ്പെട്ടിരുന്നത്. അതി തീവ്രകാലാവസ്ഥാമാറ്റങ്ങൾ ആയിരുന്നു പ്രധാനകാരണം. കാലാവസ്ഥാമാറ്റങ്ങൾ ഭൂമിയെ സമ്പൂർണ്ണമായി ബാധിക്കുകയും തന്മൂലം ഹിമയുഗത്തിന് കാരണമാക്കുകയും ചേയ്തു. അതികഠിനമായ തണുപ്പിനെ അതിജീവിക്കാൻ കഴിയാതെ കടലിലെയും കരയിലെയും 85 ശതമാനം ജീവജാലങ്ങളും ഇല്ലാതായി.

കാലക്രമേണ ഹിമയുഗം മാറിയെങ്കിലും, സമുദ്രനിരപ്പ് വിവരണാതീതമായി വർദ്ധിക്കാനിടയാക്കുകയും, അതിജീവിച്ച 5 ശതമാനം ജീവികൾക്കും പുതിയ സാഹചര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ നശിച്ച് പോകുകയാണുണ്ടായത്. ബാക്കി അവശേഷിച്ച ചുരുക്കം ചില ജീവജാലങ്ങൾ മാറിയ കാലാവസ്ഥകൾക്കനുസൃതമായി മാറി മാറി പുതിയ ജീവിവർഗ്ഗങ്ങൾ ഉണ്ടാകുകയും ചെയ്തു.

**രണ്ടാം കൂട്ടവംശനാശം**

രണ്ടാം കൂട്ടവംശനാശം സംഭവിച്ചത് 37 കോടി വർഷങ്ങൾക്ക് മുമ്പാണ്. ഈ കാലഘട്ടത്തെ ലേറ്റ് ഡിവോണിയൻ കാലഘട്ടമെന്ന് അറിയപ്പെടുന്നു. ഈ കാലഘട്ടത്തിലാകട്ടെ 80 ശതമാനം ജീവജാലങ്ങളും നശിക്കപ്പെട്ടു. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടത്, രണ്ടാം കൂട്ടവംശനാശം, ആദ്യമുണ്ടായ വംശനാശത്തെക്കാൾ വേഗത്തിലാണ് സംഭവിച്ചത് എന്നതാണ്. ഈ കാലഘട്ടത്തിലാണ് കുറ്റിച്ചെടികളും, വൻമരങ്ങളും ഉണ്ടായത്. വൻമരങ്ങളുടെ വരവ് ക്രമേണ വനങ്ങൾ രൂപം കൊടുത്തു. അക്കാലത്തുണ്ടായ കാർബൺഡൈ ഓക്സൈഡിന്റെയും ഓക്സിജന്റെയും വർധനവ് എടുത്ത് പറയേണ്ട ഒന്ന് തന്നെയാണ്.

പക്ഷേ, വൃക്ഷങ്ങളും, സസ്യങ്ങളും നശിക്കാനിടയായതാണ് രണ്ടാമത്തെ കൂട്ടവംശനാശം വൃക്ഷങ്ങളുടെയും, സസ്യങ്ങളുടെയും നാശത്തിന് ശേഷം അവയുടെ അവശിഷ്ടങ്ങൾ ചതുപ്പ് തടാകങ്ങൾ, നദികൾ എന്നിവയിൽ നിക്ഷേപിക്കപ്പെട്ടതോടെ, കാർബൺഡൈ ഓക്സൈഡിറ്റർ അന്തരീക്ഷത്തിലേക്കുള്ള വരവിന് തടസ്സം സൃഷ്ടിക്കപ്പെട്ടു. ഇതാണ് കൽക്കരിപോലുള്ള സംയുക്തങ്ങളെ സൃഷ്ടിക്കാനിടയാക്കിയത്. കാലാവസ്ഥയിൽ പെട്ടെന്നുണ്ടായ ഈ വൻമാറ്റം രണ്ടാം കൂട്ടവംശനാശത്തിനിടയാക്കി.

**മൂന്നാം കൂട്ടവംശനാശം**

പെർമിയൻ-ട്രയാസിക്ക് കാലഘട്ടത്തിലാണ് മൂന്നാം കൂട്ടവംശനാശം സംഭവിച്ചത് മൂന്നാമത്തെ വംശനാശത്തെ പെർമിയൻ ട്രയാഡിക്ക് എക്സിറ്റിങ്ഷൻ ഇവന്റ് എന്നാണ് പറയപ്പെടുന്നത്. 25 കോടി വർഷങ്ങൾക്ക് മുമ്പാണ് ഇത് സംഭവിച്ചത്. ചരിത്രത്തിലെ ഏറ്റവും തീവ്രമായ വംശനാശമാണ് മൂന്നാം കൂട്ടവംശനാശം. ഭൂമിയിലെതന്നെ വലിയ ജീവികളിൽ മൂന്നിലൊന്ന് മാത്രമാണ് അവശേഷിച്ചത്. ഭൂമിയിലെ 96 ശതമാനവും ഇല്ലാതായി. കടൽജീവികളിൽ നാല് ശതമാനം മാത്രമാണ് അവശേഷിച്ചത്. ട്രൈലോബിറ്റുകൾ എന്ന ജീവി വർഗ്ഗം ഒന്നടങ്കം ഇല്ലാതായി. ഭൂമിയിലെ 96 ശതമാനം ജീവികളും ഇല്ലാതായതിനാൽ ഈ വംശനാ ശത്തെ മഹാമരണം എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ മൂന്നാം വംശനാശം വളരെ വേഗത്തിലാണ് സംഭവിച്ചത്.

**നാലാം കൂട്ട വംശനാശം**

ഇരുപത് കോടി വർഷങ്ങൾക്ക് മുമ്പാണ് നാലാമത്തെ കൂട്ടവംശനാശം സംഭവിച്ചത്. ട്രയാസിക്ക്-ജുറാസിക്ക് സംഭവം എന്നറിയപ്പെടുന്ന ഈ കൂട്ട വംശനാശത്തിൽ 75 ശതമാനം ജീവികളും അപ്രത്യക്ഷമായി.

മഹാമരണം എന്ന മൂന്നാം കൂട്ടവംശനാശത്തെ അതിജീവിച്ച ജീവികൾ പിന്നീടുണ്ടായ ആവാസവ്യവസ്ഥകളുമായി ആഴത്തിൽ ഇഴുകിചേർന്നാണ് ദിനോസറുകളും മറ്റും ഉണ്ടായത്. ഇതോടെയാണ് ദിനോസറുകൾ കരയിലെ പ്രബലജീവികളായി മാറിയത്.

അക്കാലത്ത് ഇന്ന് നാം കാണുന്ന ഭൂഖണ്ഡങ്ങളെല്ലാം ഒന്ന് ചേർന്ന് പാൻജിയ എന്ന ഒറ്റ ഭൂഖണ്ഡമായി കിടന്നിരുന്നതാണ്. ട്രിയാസിക്ക് ജുറാസിക് കാലഘട്ടമായിരുന്ന അന്ന് പാൻജിയ ഭൂഖണ്ഡത്തിൽ വലിയ വിള്ളലുകൾ രൂപം കൊള്ളുകയും അവ ക്രമേണ ചെറിയ ഭൂഭാഗങ്ങളായി മാറുകയും ചെയ്തു. ഇതിനെ തുടർന്ന് വൻതോതിലുള്ള അഗ്നിപർവ്വതസ്ഫോടനങ്ങൾ, ലാവാപ്രവാഹങ്ങൾ എന്നിവ ഉണ്ടാകുകയും, ഈ സംഭവങ്ങൾ കടലിലും കരയിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കുക യും ചെയ്തു. അഗ്നിപർവ്വതസ്ഫോടനങ്ങൾ ആഗോളതാപനത്തിനും കാലാവസ്ഥാ മാറ്റങ്ങൾക്കും വഴി തെളിച്ചു. അതൊടെ അടുത്ത കൂട്ട വംശത്തിന് ഇടയാക്കുകയും ചെയ്തു.

**അഞ്ചാംകൂട്ടവംശനാശം**

ഭൂമിയിലെ ഏററവും പ്രശസ്തകൂട്ടവംശനാശമായ അഞ്ചാമത് കൂട്ട വംശനാശം സംഭവിച്ചത് ആറര കോടി വർഷങ്ങൾക്ക് മുമ്പാണ്. ക്രെറ്രേഷ്യസ് പാലിയോജിൻ ഇവന്റ് എന്നാണ് ഇത് അറിയപ്പെടുന്നത്. ക്രെറ്റേഷ്യസ് പാലിയോജിൻ കാലഘട്ടത്തിൽ നടന്ന ഈ അഞ്ചാമത് കൂട്ടവംശനാശത്തിൽ 75 ശതമാനം ജീവികളും നശിക്കപ്പെട്ടു. അതിന്റെ കാരണമാകട്ടെ ചിക്സ്യൂലബ് എന്ന ഛിന്നഗ്രഹത്തിന്റെ ഭൂമിയിലേക്കുള്ള പതനമാണ്. ചെവ്വാഗ്രഹത്തിന്റെയും വ്യാഴത്തിന്റെയും ഇടക്കുള്ള അതിർത്തി സ്ഥിതിചെയ്യുന്ന ഛിന്നഗ്രഹമേഖലയുടെ പുറം അതിർത്തിയിൽ നിന്നാണ് ഈ ഗ്രഹം ഭൂമിയിലേക്ക് പതിച്ചത്. ഭൂമിയിലേക്കു പതിച്ചതാകട്ടെ, മെക്സിക്കോയിലെ യുക്കാട്ടൻ മേഖലയിലെ 145 കിലോമീറ്റർ വിസ്തീർണ്ണമുള്ള ചിക്ക്സുലബ് എന്ന സ്ഥലത്താണ്. അതിനാലാവണം ഇതിനെ ചിക്ക്സ്യുലബ് ഛിന്നഗ്രഹം എന്ന് വിളിക്കുന്നത്. ആറ് മൈൽ വ്യാസമുള്ള ഈ ചെറുഗ്രഹം 50000 മൈൽ വേഗത്തിലാണ് ഭൂമിയിൽ പതിച്ചത്. 100 ദശലക്ഷം മെഗാടൺ ടിഎൻടി ശക്തിയുള്ള സ്പോടനമാണ് തന്മൂലമുണ്ടായത്. അല്പം കൂടി വിശദമായി പറഞ്ഞാൽ മനുഷ്യൻ നാളിതുവരെ നിർമ്മിച്ചിട്ടുള്ള ബോംബുകളുടെ ശക്തിയെക്കാൾ ഒരു ദശലക്ഷം ശക്തിയുള്ള ബോംബുകൾ പതിച്ചാലുള്ള ആഘാതമാണ് ഈ ചെറുഗ്രഹം ഭൂമിയിൽ പതിച്ചപ്പോഴുണ്ടായത്. ഈ സംഭവത്തിന്റെ പ്രത്യാഘാതങ്ങൾ അതിവ്യാപകമായിരുന്നു. ഛിന്ന ഗ്രഹത്തിന്റെ പതനത്തിന്ശേഷം അഭൂതപൂർവ്വമായ തോതിലാണ് വാതകങ്ങൾ, പുക, മറ്റ് അവശിഷ്ടങ്ങളായ പൊടിപടലങ്ങൾ എന്നിവകൊണ്ട് അന്തരീക്ഷമാകെ നിറയുകയും, തന്മൂലം ഭൂമിയിലേക്കുള്ള സൂര്യപ്രകാശം മുഴുവനായും തടസ്സപ്പെടുകയും ചെയ്തു. അതോടെ സംഭവിച്ചത് തികച്ചും ഭയാനകമായ സംഭവങ്ങൾ തന്നെയായിരുന്നു. സസ്യങ്ങളുടെ ഫോട്ടോ സിന്തസിസ് നിന്ന് പോകുകയും ഭൂമിയിലെ ഭക്ഷശൃംഗല ഒന്നാകെ തകരുകയും ചെയ്തു. അന്തരീക്ഷമാകെ നിറഞ്ഞ വാതകങ്ങൾ, പുക, പൊടിപടലങ്ങൾ എന്നിവ അതിതീവ്രകാലാവസ്ഥാ വ്യതിയാനങ്ങൾക്കും, വൻതോതിലുള്ള നാശനഷ്ടങ്ങൾക്കും വഴിതെളിക്കുകയും ചെയ്തു. ക്രെറ്റേഷ്യൻ കാലഘട്ടത്തിൽ സർവ്വാധിപത്യം പുലർത്തി ഭൂമി അടക്കി വാണിരുന്ന ദിനോസറുകളുടെ അന്ത്യം ഈ സംഭവം ഹേതുവായി തീർന്നു.

1908-ലും സൈബീരിയായിലെ ടുംഗുസ്കയിലും ഒരു ഛിന്നഗ്രഹം പതിക്കുകയുണ്ടായി. ഇതിനെ തുടർന്ന് പെട്ടെന്നുണ്ടായ താപവർ

ഢനവിൽ എട്ട് കോടി മരണങ്ങളാണ് സംഭവിച്ചത്.

പിന്നീട് 37 വർഷങ്ങൾ കഴിഞ്ഞ് ഹിരോഷിമ, നാഗസാക്കി എന്നീ നഗരങ്ങളിൽ അമേരിക്ക ബോംബു വർഷം നടത്തിയപ്പോൾ അഞ്ചുലക്ഷത്തോളം ഏക്കർ ഭൂമിയാണ് നശിച്ചത്. റെയിൻ 20 മെഗാടൺ ടിഎൻടി അളവിലുള്ള ഈ സ്ഫോടനത്തിൽ ഏതാണ്ട് മുഴുവൻ റെയിൻഡീർ മാനുകളും കൊല്ലപ്പെട്ടു. ഹിരോഷിമയിൽ വീണ അണുബോംബിന്റെ ആറിരട്ടിശേഷിയുള്ളതായിരുന്നു. നാഗസാക്കിയിൽ വീണ അണുബോംബിനുണ്ടായിരുന്നത്. മനുഷ്യവാസം കുറവായിരുന്നതുകൊണ്ട് മരണമുണ്ടാക്കി എന്ന് മാത്രം.

2013-ൽ റഷ്യയിലെ ചെല്യബിൻസ്കിലും ഒരു ഛിന്നഗ്രഹം ഉഗ്രസ്ഫോടനത്തോടെ പതിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 1600 പേർക്ക് പരിക്കുകൾ പറ്റുകയും, നിരവധി കെട്ടിടങ്ങൾക്ക് വൻ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു.

**ആറാം കൂട്ടവംശനാശം**

ഇനിയിപ്പോൾ ആറാം കൂട്ടവംശനാശത്തിന്റെ സമയമാണ്. ആസന്നമായ ഈ കൂട്ടവംശനാശത്തിന് കാരണക്കാരൻ മറ്റാരുമല്ല മനുഷ്യൻ തന്നെയാണ്. ആഗോളതാപനത്തിന്റെയും തുടർന്നുള്ള തീവ്രകാലാവസ്ഥാ മാറ്റങ്ങളുടെയും ദുരന്തങ്ങൾ പോലെ മുഴുവൻ അനുഭവിക്കാൻ തുടങ്ങി കഴിഞ്ഞു. മണ്ണ്, വായു, സമുദ്രം, പുഴകൾ എന്നിവ മാലിന്യങ്ങൾ കൊണ്ട് നിറച്ചതാണ് കൂടാതെ..... നെൽവയലുകളും, തണ്ണീർതടങ്ങളും, പുഴകളും കായലുകളുമെല്ലാം നികത്തി മരങ്ങളാകെ വെട്ടി നശിപ്പിച്ച്, വനങ്ങളാകെ വെട്ടിതെളിച്ച് കൊണ്ട് ജൈത്രയാത്ര നടത്തുന്ന ഈ മനുഷ്യൻ വീണ്ടുമൊരു കൂട്ടവംശനാശത്തിന് പ്രാരംഭം കുറിച്ച് കഴിഞ്ഞു. ആറാം വംശനാശം ഇതാ വാതിൽപ്പടിയിൽ എത്തിക്കഴിഞ്ഞു.

കടലിനെ ഒന്നാകെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൊണ്ട് നിറച്ചു കഴിഞ്ഞു. കടലിന്റെ അടിത്തട്ട് അതിപ്രാധാന്യമുള്ള ജൈവമേഖലയാണ്. ആ സ്ഥലമാണ്, അതിസൂഖ്,മ പ്ലാസ്റ്റിക്ക് കണങ്ങൾകൊണ്ട് നിറച്ചിരിക്കുന്നത്. ഒരു ചതുരശ്രമീററിൽ 1.9 മില്യൻ പ്ലാസ്റ്റിക്ക് കണക്കുകളാണ് കണ്ടെത്തിയത്. ഭൂമിയെ 400 തവണ ചുറ്റാനുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സമുദ്രത്തിലുണ്ട്. ഒരു കാര്യം വ്യക്തമായി മനസ്സിലാക്കുക. ഭൂമുഖത്ത് ആഗോളതാപനത്താൽ, സംഭവിച്ചുകൊണ്ടിരിക്കുന്നതും, സംഭവിക്കാൻ പോകുന്നതുമായ എല്ലാ വിപത്തുകളും സമുദ്രത്തിലും ഉണ്ടാവുക തന്നെ ചെയ്യും. മറ്റൊരു വിപത്തുകൂടി മനസ്സിലാക്കണം. ദിനംപ്രതി ടൺ കണക്കിന് ഓക്സിജനെ പുറത്ത് വിടുന്ന മൗണ്ട് പ്ലോറോകോക്കസ് എന്ന സമുദ്രത്തിലെ ബാക്ടീരയ ഏതാണ്ട് മുഴുവനായും നശിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ മിനിട്ടിലും 60 ഏക്കറിൽ കൂടുതൽ വനങ്ങൾ നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കാലാവസ്ഥാ മാററങ്ങളുടെ ദുരന്തഫലങ്ങൾ ചെറുജീവികളായ ഷഡ്പദങ്ങളുടെ നിലനില്പിനെ ബാധിച്ച് കഴിഞ്ഞു. ഈ ചെറുജീവികൾക്ക് മാത്രമല്ല മൃഗങ്ങൾ, പക്ഷികൾ തുടങ്ങി എല്ലാത്തരം ജീവജാലങ്ങളെയും ദോഷകരമായി ബാധിച്ചു കഴിഞ്ഞു. അതിനാലാവണം, താഴ്‌വാരകളിൽ നിന്ന് ഉയർന്ന പ്രദേശങ്ങളിലേക്ക് നിലനില്പിന് വേണ്ടി അവ നടത്തുന്ന കൂട്ടപ്പാലായനം തെക്കൻ യൂറോപ്പിലെ ആൽപ്സ് ആപെറ്റൻ എന്നീ പർവ്വത നിരകളിൽ സർവ്വസാധാരണമായി കാണപ്പെടുന്നത്. തങ്ങളുടെ ആവാസവ്യവസ്ഥകൾ പൂർണ്ണമായി ഉപേക്ഷിച്ച് കൊണ്ടുള്ള ഈ കൂട്ടപലായനം ഒരു പ്രദേശത്ത് മാത്രം ഒതുങ്ങി നിൽക്കുന്നതല്ല എന്നോർക്കുക. ആവാസ വ്യവസ്ഥകളെ പാടെ പറിച്ച് നടപ്പെടുന്ന ആഗോളപ്രവണതയാണ് ഇത് കാണിക്കുന്നത്. ആഗോളതാപനത്തെ തുടർന്നുള്ള അതിതീവ്രകാലാവസ്ഥാ മാറ്റങ്ങൾ സൃഷ്ടിക്കുന്ന ബാഹ്യസംഘർഷങ്ങൾ ഈ ചെറുപ്രാണികളെ കുറച്ചൊന്നുമല്ല കഷ്ടത്തിലാക്കുന്നത്.

*(തുടരും)*

*****

# *ദൃക്ക്ദൃശ്യ വിവേകം*( *12* )

സി. നാരായണൻ- 9819456012

ദൃക്ദൃശ്യ വിവേകം' എന്ന ഈ ഗ്രന്ഥത്തിലെ 13, 14 എന്നീ ശ്ലോകങ്ങളിൽ മായക്ക് വിക്ഷേപശക്തി, ആവരണശക്തി എന്നിങ്ങനെ രണ്ടു ഭാവങ്ങളുണ്ടെന്നു കണ്ടു. വിക്ഷേപ ശക്തിയാണ് ജഗത്തിനെ പ്രകടമാക്കുന്നതെന്നും കണ്ടു. യഥാർത്ഥത്തിൽ ഇപ്പറഞ്ഞ രണ്ടു ശക്തികളും പരസ്പരപൂരകങ്ങളാണ്. വേദാന്തത്തിൽ സാധാരണയായി പറയാറുള്ള രജ്ജുസർപ്പദൃഷ്ടാന്തമെടുത്താൽ ഇത് എളുപ്പം മനസ്സിലാവും. കയറു നമ്മുടെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞു നിന്നതാണ് സർപ്പത്തിന്റെ പ്രതീതിക്കു കാരണമായത്. കയറിന്റെ മറഞ്ഞു നിൽക്കൽ അതിന്റെ ആവരണവും , അതിന്റെ സ്ഥാനത്ത് സർപ്പപ്രതീതി വിക്ഷേപവുമാണ്.

വിക്ഷേപശക്തി ബ്രഹ്മത്തിൽ നാമരൂപാത്മകമായ ജഗത്ത് ഉള്ളതു പോലെ കാണിച്ചു തരുന്നു. ആവരണശക്തി, സത്യമായ ബ്രഹ്മവും മിഥ്യയായ ജഗത്തും തമ്മിലുള്ള വ്യത്യാസം മറച്ചുകൊണ്ട്, ജഗത്താണ് സത്യമെന്നുള്ള ഭ്രമം സൃഷ്ടിക്കുന്നു.

വേദാന്തശാസ്ത്ര

പ്രകാരം അസ്തിത്വത്തെയാണ് ബ്രഹ്മമെന്നു വിളിക്കുന്നത്.

നിർവിശേഷമായ ഒരസ്തിത്വത്തിനു പുറമെ മറ്റൊരു നിർവിശേഷ അസ്തിത്വം സാമാന്യബുദ്ധിക്കു നിരക്കാത്തതാണ്. ആയതിനാൽ ഉള്ളതായി ബ്രഹ്മം മാത്രമേയുള്ളൂവെന്നാണ് വേദാന്തമതം. ശുദ്ധഅസ്തിത്വത്തിന് ബാധയോ, മുറിവോ, നിലയ്ക്കലോ സന്ധികളോ ഒന്നും സാദ്ധ്യമല്ല.

വേദാന്തത്തിന്റെ മറ്റൊരു പ്രാഥമിക തത്ത്വം, സൃഷ്ടി മായാകാര്യമാണെന്നാണ്.അതായത്, ബ്രഹ്മത്തിൽ മായയുടെ വിക്ഷേപശക്തി പ്രദർശിപ്പിക്കുന്ന നാമരൂപങ്ങളാണ് ജഗത്ത്. ഈ കാണപ്പെടുന്ന ഭൂമിയും അതിലെ പർവ്വതങ്ങളും സമുദ്രങ്ങളും ആകാശവും സൂര്യനും എണ്ണമറ്റ നക്ഷത്രങ്ങളുമെല്ലാമടങ്ങുന്ന ജഗത്ത്, മായ തന്റെ വിക്ഷേപശക്തിയാൽ പ്രതീതിപ്പെടുത്തുന്ന വെറും നാമരൂപങ്ങളാണ്.

അസ്തിത്വം അല്ലെങ്കിൽ സത് എന്ന ധർമ്മമുള്ളത് ബ്രഹ്മത്തിനു മാത്രമാണെന്നു നാം കണ്ടു. അപ്പോൾ ജഗത്തിനും അതിലെ വസ്തുക്കൾക്കും ഉള്ളതായി തോന്നപ്പെടുന്ന അസ്തിത്വം, ബ്രഹ്മത്തിൽ നിന്ന് കടമെടുത്തതാണ്. ജഗത്ത് ബ്രഹ്മത്തിൽ നിന്ന് അസ്തിത്വം കടമെടുക്കുന്നത്, വള സ്വർണ്ണത്തിൽ നിന്ന് തന്റെ അസ്തിത്വം കടമെടുക്കുന്നതു പോലെത്തന്നെയാണ്.

വള, തന്റെ അസ്തിത്വമാണെന്ന പോലെ നമുക്ക് കാട്ടിത്തരുന്നത് സ്വർണ്ണത്തിന്റെ അസ്തിത്വത്തെയാണ്.

വളയ്ക്ക് സ്വർണ്ണത്തിൽ നിന്ന് വേറിട്ട് സ്വന്തമായൊരസ്തിത്വം ഇല്ലാത്തതു പോലെ , ജഗത്തിന് ബ്രഹ്മത്തിൽ നിന്നു വ്യതിരിക്തമായി ഒരസ്തിത്വമില്ല.

മായയുടെ വിക്ഷേപശക്തിയാലാണ് നാം പുറത്തു കാണുന്ന സ്ഥൂല ജഗത്തുണ്ടായതെന്നു പറഞ്ഞു. അത് മായയുടെ തമോഗുണ പ്രധാനമായ അംശമാണ്. ഇനി മായയുടെ തന്നെ മലിനസത്വഗുണം കൊണ്ട് മറ്റൊരു വസ്തു ഉണ്ടാകുന്നുണ്ട്. അതു സൂക്ഷ്മഭൂതങ്ങളാണ്. അവയാലാണ് അകത്തുള്ള സൂക്ഷ്മശരീരമുണ്ടായിട്ടുള്ളത്. അതും അസ്തിത്വത്തിന് ബ്രഹ്മത്തെത്തന്നെയാണശ്രയിക്കുന്നത്. സൂക്ഷ്മശരീരമെന്നാൽ

അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ, പഞ്ചപ്രാണന്മാർ, മനസ്സ്, ബുദ്ധി എന്നിങ്ങനെ പതിനേഴു ഘടകങ്ങളുടെ സംയുക്തമാണ്. ഇവിടെ ഓർത്തിരിക്കേണ്ട

വസ്തുത, ജഗത്ത് ബ്രഹ്മത്തിൽ നിന്ന് അസ്തിത്വം മാത്രം സ്വീകരിക്കുമ്പോൾ, അന്തഃകരണം, ബ്രഹ്മത്തിൽ നിന്ന് അസ്തിത്വ ത്തെ കൂടാതെ ചൈതന്യവും തന്നിലേക്കാവാഹിക്കുന്നു. തന്റെ സാത്വികാംശം കൊണ്ടുണ്ടായ സൂക്ഷ്മതകൊണ്ടാണ്അന്തഃകരണത്തിനതു സാധിക്കുന്നത്. സൂര്യപ്രകാശം എല്ലാദിക്കിലുമുണ്ടെങ്കിലും കണ്ണാടി പോലുള്ള സ്വച്ഛ മായ പ്രതലങ്ങളിൽ മാത്രം അതു പ്രതിബിം ബിക്കുന്നതു പോലെയാണത്.

അങ്ങനെ, സത്തും ചിത്തുമായ ബ്രഹ്മത്തിന്റെ സത് അംശം മാത്രം ജഗത്തിൽ കാണപ്പെടുമ്പോൾ, അന്തഃകരണത്തിൽ സത്തിന്റെയൊപ്പം ചിത്തും പ്രതിബിംബിക്കുന്നു. ചിത്തെന്നു പറഞ്ഞാൽ ചൈതന്യം, ജ്ഞാനം, ബോധം , അറിവ് എന്നൊക്കെയാണർത്ഥം. അങ്ങനെ പ്രതിബിംബിക്കുമ്പോൾ സംഭവിക്കുന്നതെന്തെന്നാൽ, അനന്തമായ ചൈതന്യം അന്തകരണത്തിൽ വ്യക്തിരൂപം പ്രാപിച്ച പോലെ കാണപ്പെടുന്നു. അതായത് അന്തഃകരണം, സ്വതന്ത്രമായി അറിയാനും ചിന്തിക്കാനുമൊക്കെ കഴിവുള്ള ഒരു സത്തയായി അവതരിക്കുന്നു. അന്തഃകരണത്തിന് മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നീ നാലു ഭാവങ്ങളുണ്ടല്ലോ. അതിൽ ചൈതന്യം പ്രതിഫലിക്കുമ്പോൾ കുറെയൊക്കെ സ്വതന്ത്രമായി സങ്കല്പിക്കാനും ചിന്തിക്കാനും ഓർമ്മിക്കാനുമൊക്കെ കഴിവുള്ള ഒരു വ്യക്തി ജനിക്കുന്നു. സ്വയം അറിയാൻ കഴിവുള്ള അഹങ്കാരം അങ്ങനെ ജ്ഞാതാവായിത്തീരുന്നു.

ശാസ്ത്രഭാഷയിൽ ശരിയായ അറിവിനെ 'പ്രമ' എന്നാണ് വിളിക്കുക. പ്രമ ആരറിയുന്നുവോ അയാളാണ് പ്രമാതാവ്. പ്രമാതാവ് , ഉപയോഗിക്കുന്ന ജ്ഞാനസാധനത്തെ പ്രമാണം എന്നും വിളിക്കുന്നു. അറിയപ്പെടുന്ന വസ്തുവാണ് പ്രമേയം.

അങ്ങനെ ബ്രഹ്മം തന്നെ സ്ഥൂലഭൂതങ്ങളെ ഉപാധിയാക്കി സ്വീകരിച്ച് ജഗത്തെ തന്നെ പ്രമേയമായും, അന്തഃകരണത്തെ ഉപാധിയായി സ്വീകരിച്ച് പ്രമാതാവ് എന്ന വ്യക്തിയായും രൂപമെടുത്തു. ഇതിന്റെ പശ്ചാത്തലത്തിൽ നമുക്ക് ഈ ഗ്രന്ഥത്തിലെ പതിനഞ്ചാമത്തെ ശ്ലോകം പരിശോധിക്കാം.

അന്തദൃക്ദൃശ്യയോ ഭേദം<br>
ബഹിശ്ച ബ്രഹ്മസർഗയോഃ<br>
ആവൃണോത്യപരാശക്തിഃ<br>
സാ സംസാരസ്യ കാരണം ( 15 )

അപരാ = മറ്റേത്. ശക്തി = ആവരണരൂപിണിയായ ശക്തി. അന്തഃ = ഉള്ളിൽ

ദൃക്ദൃശ്യയോഃ = ദ്രഷ്ടാ , ദൃശ്യം എന്നിവയുടെ

ഭേദം = വ്യത്യാസം. ബഹിഃ = പുറത്ത്. ബ്രഹ്മസർഗ്ഗയോഃ = ബ്രഹ്മത്തിന്റേയും ജഗത്തിന്റേയും

ആവൃണോതി = മറയ്ക്കുന്നു. സാ = ആ ശക്തി. സംസാരസ്യ കാരണം = സംസാരത്തിനു കാരണമായി ഭവിക്കുന്നു

(മായയുടെ മറ്റേ ശക്തിയായ ആവരണശക്തി, നമ്മുടെ ഉള്ളിൽ ദ്രഷ്ടാ ദൃശ്യം എന്ന ഭേദത്തേയും, പുറത്ത് ബ്രഹ്മം സൃഷ്ടി എന്ന ഭേദത്തേയും മറയ്ക്കുന്നു )

മായയുടെ ആവരണശക്തി, നമ്മുടെ ഉള്ളിലുള്ള സൂക്ഷ്മശരീരവും സാക്ഷിചൈതന്യവും തമ്മിലുള്ള വ്യത്യാസത്തെ മറയ്ക്കുന്നു. കൂടാതെ, പുറത്ത് സൃഷ്ടമായ ജഗത്തും ബ്രഹ്മവും തമ്മിലുള്ള വ്യത്യാസത്തേയും മറയ്ക്കുന്നു.

നാമോരോരുത്തരും ശരീരമാണ് ഞാനെന്നു വിശ്വസിക്കുന്നുങ്കിലും, സത്യത്തിൽ ഞാനെന്നാൽ ശരീരമല്ലെന്ന് ശാസ്ത്രം പറയുമ്പോൾ, ആ വസ്തുത മനസ്സിലാക്കാൻ അധികം ബുദ്ധമുട്ടാറില്ല. കാരണം, ശരീരം മനസ്സിനു വിഷയമാകുന്നുണ്ട്. പക്ഷേ ഞാനെന്നാൽ ഞാനെന്ന ചിന്തക്ക് ആധാരമായ മനോബുദ്ധിയല്ലെന്നു വിശ്വസിക്കാൻ വിസമ്മതിക്കും. ബുദ്ധിയിലെ നിഗമനങ്ങളും ആശയങ്ങളും മനസ്സിലെ സൗന്ദര്യബോധവും

അഭിരുചിയുമെല്ലാം കൂടിയതാണ് ഓരോരുത്തർക്കും തന്റെ ഞാനെന്ന സത്ത.

ഇതെങ്ങനെയാണ് സംഭവിക്കുന്നതെന്നു നോക്കാം. നാം ഓരോരുത്തരും 'ഞാൻ ഉണ്ട്' എന്നു ധരിക്കുന്നത് , ഞാൻ എന്ന ബോധത്തെ മുൻനിർത്തിയാണല്ലോ. അതായത് , ഞാൻ എന്ന ബോധവും ഞാൻ എന്ന അസ്തിത്വവും ഒന്നു തന്നെ. മറ്റൊരു തരത്തിൽ പറഞ്ഞാൽ , ബോധത്തിനു അനുരൂപമായി അസ്തിത്വവുമുണ്ട്. ഞാനെന്ന ബോധം നിർവിശേഷമായതിനാൽ ഞാനെന്ന അസ്തിത്വവും നിർവിശേഷം തന്നെ.

ഇനി അടുത്ത ഘട്ടത്തിൽ എന്താണു സംഭവിക്കുന്നതെന്നാൽ, ബോധം ബുദ്ധിയിൽ പതിച്ച് ബോധത്തിന്റെ ആഭാസം ഉണ്ടാവുന്നു. ഈ ആഭാസവും ബോധത്തിന്റെ ഒരു രൂപമായതിനാൽ, ഓരോ ആഭാസത്തിനും അനുരൂപമായി ഓരോ അസ്തിത്വവമുണ്ടെന്നു നാം തെറ്റിദ്ധരിക്കുന്നു. ആഭാസം തന്നെ സത്യത്തിൽ ഇല്ലാത്തതാണ് അപ്പോൾ ആഭാസമനുസരിച്ചുള്ള അസ്തിത്വവും ഇല്ലാത്തതു തന്നെയാവണ്ടേ? പക്ഷേ നമുക്കു ബുദ്ധിയിൽ പരിപൂർണ്ണവിശ്വാസമാണ്. ഓരോ ബോധശകലവും ഓരോ അസ്തിത്വമാണെന്നു നാം ഭ്രമിക്കുന്നു. അങ്ങനെ ബുദ്ധിയിൽ ഘടബോധം, വൃക്ഷബോധം, സ്ത്രീ ബോധം എന്നിങ്ങനെ എണ്ണമറ്റ ബോധങ്ങളുണ്ടാവുന്നു. ഘടബോധത്തിൽ നിന്ന് ഘടത്തിന്റെ അസ്തിത്വം അടർത്തിയെടുക്കാനാവില്ലല്ലോ. ഈ അസ്തിത്വാഭാസങ്ങളെ യാണ് നാം ദൃശ്യങ്ങളെന്നു പറയുന്നത്. ബുദ്ധിയിൽ ഘടബോധമുണ്ടാവുമ്പോൾ നാം ഘടമുന്നെു വിശ്വസിക്കുന്ന പോലെ ബുദ്ധിയിൽ 'ഞാൻ' എന്ന ബോധമുണ്ടാവുമ്പോൾ അതനുസരിച്ചൊരു വിശിഷ്യനായ ഞാനും ഉണ്ടെന്നു നാം ഉറച്ചു വിശ്വസിക്കുന്നു. യഥാർത്ഥത്തിൽ ഉള്ളത്, ബുദ്ധിയിലെ പ്രതിഫലനമല്ലാത്ത നിർവിശേഷബോധത്തിനനുരൂപമായ സച്ചിദാനന്ദമായ ഞാനാണ്. പക്ഷേ ആ ഞാനിനെ ബുദ്ധി അറിയുന്നില്ല. പകരം ബുദ്ധിയിൽ പ്രതിഫലിച്ച ബോധത്തിനനുസൃതമായൊരു ഞാനിനെ ബുദ്ധി കാണുകയും വിശ്വസിക്കയും ചെയ്യുന്നു. ആ ഞാനാണ് സംസാരിയായ ഞാൻ.

സച്ചിദാനന്ദമായ ഞാനിനേയും ബുദ്ധിയിൽ പ്രതിഫലിച്ച ദൃശ്യമായ ഞാനിനേയും വേർ തിരിച്ചറിയണം. ദൃശ്യമായ ഞാനിന്റെ ശരീരമാണ് അന്തഃകരണം. അപ്പോൾ അന്തഃകരണ ( അഹങ്കാരം ) മല്ല ശരിയായ ഞാനെന്നു സ്ഥാപിച്ചാൽ, മിത്ഥ്യയായ ആ ഞാൻ ബാധിക്കപ്പെടും ശ്രീമദ് ശങ്കരാചാര്യസ്വാമികൾ ഒരിടത്ത് ആ വസ്തുത സ്ഥാപിക്കാൻ ഏഴു സൂചികകൾ നൽകുന്നു്

1) ഞാനെന്നാൽ ഏകമാണ്. അതായത് താനെന്നാൽ അഖണ്ഡമായ ഒരു ബോധമല്ലാതെ , തന്നെത്തന്നെ ആരും ഭിന്നങ്ങളായ സത്തയായി കണക്കാക്കാറില്ല. അന്തഃകരണമാകട്ടെ ബഹുമുഖമാണ്. അതായത് അന്തഃകരണം ചിലപ്പോൾ കാണുന്നവനായും മറ്റു ചിലപ്പോൾ കേൾക്കുന്നവനായും ഭവിക്കുന്നു. കൂടാതെ സന്തുഷ്ടൻ, ദുഃഖിതൻ, ഭീതൻ, ശാന്തൻ. എന്നിങ്ങനെ വ്യത്യസ്ത സ്വഭാവമുള്ളവനായി കാണപ്പെടുന്നു. അക്കാരണത്താൽ ഞാനും അന്തഃകരണവും ഭിന്നങ്ങളാണ്

2) ഞാനെന്നാൽ ഘടകങ്ങളില്ലാത്തതാണ്. അന്തഃകരണത്തിനു മനസ്സ് ബുദ്ധി പ്രാണൻ ഇന്ദ്രിയങ്ങൾ എന്നീ ഘടകങ്ങളുണ്ട്.

3) അന്തഃകരണം ചലനാത്മകമാണ്. അതായത് ചലിക്കുന്ന സ്വഭാവമുള്ള സത്തയാണ് മരണസമയത്ത് അന്ത:ക്കരണം ഒരു ശരീരമുപേക്ഷിച്ച് മറ്റൊരു ശരീരമെടുക്കുന്നു. എന്നാൽ സർവ്വവ്യാപിയായ ഞാനെന്ന ചൈതന്യം എവിടെയും പോകുന്നുമില്ല വരുന്നുമില്ല

4) അന്തഃകരണത്തെ വിഷയീകരിക്കാനാവും. അത് സാക്ഷി ചൈതന്യത്തിൽ വിളങ്ങുന്നു. എന്നാൽ ഞാനെന്ന സാക്ഷി ചൈതന്യം ഒരിക്കലും ഒന്നിനും വിഷയമാകു

ന്നില്ല. അത് നിത്യം ദ്രഷ്ടാവായി നിലനിൽക്കുന്നു .

5) അന്തഃകരണം വികാരിയാണ്. അത് ചിലപ്പോൾ സ്വസ്ഥമായും മറ്റു ചിലപ്പോൾ അസ്വസ്ഥമായും കാണപ്പെടുന്നു

6 ) ഞാൻ എന്ന ചൈതന്യം വ്യാപകമാണ്. അതായത്, ഞാനായ അസ്തിത്വമാണ് എല്ലാത്തിലും അസ്തിത്വമായി വ്യാപിച്ചിരിക്കുന്നത്.

അന്തഃകരണം സർവ്വവ്യാപകമല്ല

7 ) ഞാൻ സദ് രൂപമാണ്. അതായത് ,ഞാൻ സത്, ചിദ്, ആനന്ദമായ അസ്തിത്വമാണ്. അന്തഃകരണമാകട്ടെ സത്തയില്ലാത്ത

വെറും താൽക്കാലിക രൂപം മാത്രം.

സാക്ഷിചൈതന്യ മായ ഞാനിനെ അവഗണിച്ച് , ബുദ്ധിയിൽ സന്നിഹിതമായ ഞാനിൽ സത്യബുദ്ധി വെക്കുന്നത് സ്വർണ്ണത്തെ ശ്രദ്ധിക്കാതെ വളയുടെ ആകൃതിയും ,അതിലെ കൊത്തുപണികളും മാത്രം നോക്കുന്നതു പോലെയാണ്. നിഷ്ക്കളങ്കയായ ബാലികയെ ഒരു തട്ടിപ്പുകാരന് , അവളുടെ അഞ്ചു പവന്റെ സ്വർണ്ണമാലക്കു പകരം തിളങ്ങുന്ന കൃത്രിമകല്ലുകളുള്ള വില കുറഞ്ഞ മാല കൊടുത്തു പറ്റിക്കാനാവും. നാമെല്ലാം ആ ബാലികയെ പോലെയാണ്. യഥാർത്ഥത്തിലുള്ളതിനെ മറന്നു, ഉണ്ടെന്നു തോന്നപ്പെടുക മാത്രം ചെയ്യുന്നതിനെ വിശ്വസിക്കുന്നു. അത് ദുഃഖത്തിലല്ലേ അവസാനിക്കൂ ?

ശ്ലോകത്തിന്റെ ആദ്യത്തെ വരിയിലെ രാം ഭാഗത്തിൽ പറയുന്നത് , പുറത്തുള്ള ജഗത്തും അതിനധിഷ്ഠാനമായ ബ്രഹ്മവും തമ്മിലുള്ള വ്യത്യാസവും മായയുടെ ആവരണശക്തി മറയ്ക്കുന്നുവെന്നാണ്. ജഗത്ത് പഞ്ചഭൂതങ്ങളാലാണല്ലോ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അതിലെ പൃഥ്വി എന്ന ഭൂതത്തെയെടുക്കുക. നാം 'പൃഥ്വി ഉണ്ട് 'എന്നു പറയുമ്പോൾ പൃഥ്വി ഉള്ളതായി തോന്നപ്പെടുന്നു എന്നു മാത്രമേ അർത്ഥമുള്ളൂ. പൃഥ്വി ഉണ്ട് എന്നതിൽ 'ഉണ്ട്', എന്ന ഭാവം ബ്രഹ്മത്തിന്റെ സത് എന്ന ഭാവമാണ്. അത് പൃഥ്വിയോടു മാത്രമല്ല , ആകാശം മുതലായ മറ്റു നാലു ഭൂതങ്ങളോടും യോജിച്ചു നിൽക്കുന്നു്.

സത്തിനോടു ചേരാതെ ഒന്നിന്നും അസ്തിത്വമില്ല. ആയതുകൊണ്ട് സത് എന്നത് പഞ്ചഭൂതങ്ങളിൽ നിന്ന് വ്യതിരിക്തമാണെന്ന് സ്പഷ്ടമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ , ബ്രഹ്മം തന്നെയാണ് പഞ്ചഭൂതാത്മകമായ ജഗത്തായി കാണപ്പെടുന്നത്.

ഇങ്ങനെ , ബ്രഹ്മം എന്ന സത്ചിത് തത്വവും , വെറും നാമരൂപങ്ങളായ അന്തഃകരണജഗദാദികളും തമ്മിൽ വേർ തിരിച്ചു കാണാത്തതാണ് സംസാരകാരണമെന്നാണ് ആചാര്യർ ഈ ശ്ലോകത്തിൽ പറയുന്നത്.

അതായത്, സ്വർണ്ണവും വളയും ഒരൊറ്റ സത്തയാണെന്നാണ് നമ്മുടെ ധാരണ. അങ്ങനെയാണെങ്കിൽ സ്വർണ്ണത്തിൽ നിന്നു വളയെ അടർത്തി മാറ്റാനാവില്ലല്ലോ. എന്നാൽ വിദഗ്ധനായ ഒരു തട്ടാൻ നിമിഷങ്ങൾകൊണ്ട് വളയെ ഉരുക്കി അരഞ്ഞാണമാക്കി മാറ്റുന്നു.

വള, അരഞ്ഞാണം, നെക്ക്ലസ്സ് എന്നിങ്ങനെ മാറി വരുന്ന രൂപങ്ങളിലൂടെ സ്വർണ്ണം മാറ്റം കൂടാതെ അനുസ്യൂതം നിലനിൽക്കുന്നു. അതു പോലെ ഞാൻ, നീ , അവൻ , ഘടം , പർവ്വതം എന്നീ രൂപങ്ങളിൽ അനുസ്യൂതം ബ്രഹ്മത്തിന്റെ സത് അംശമുണ്ട്

ഇവിടെ ഒന്നോ രണ്ടോ ചോദ്യങ്ങൾ നമ്മുടെ മനസ്സിൽ ഉയരാവുന്നതാണ്. ഒന്നാമതായി , മായ മറയ്ക്കുന്നത് ബ്രഹ്മം എന്ന സത്യത്തെയല്ലേ , എന്തുകൊണ് ബ്രഹ്മവും ജഗത്തും തമ്മിലുള്ള വ്യത്യാസത്തെയാണ് മറയ്ക്കുന്നതെന്നു പറയുന്നത് എന്നാണ് ആദ്യത്തെ ചോദ്യം . പക്ഷേ യാഥാർത്ഥ്യം മായ ബ്രഹ്മത്തെ മറയ്ക്കുന്നില്ല എന്നതാണ്. ബ്രഹ്മമെന്നാൽ സ്വയം ജ്യോതിയായ അസ്തിത്വമാണ്. കടമെടുത്ത അസ്തി ത്വത്തെ മാത്രമേ മറയ്ക്കാനാവൂ. അസ്തിത്വം തന്നെയായ ബ്രഹ്മത്തെ എങ്ങനെ മറയ്ക്കാനാവും? രജ്ജുസർപ്പത്തിന്റെ ദൃഷ്ടാന്തമെടുത്താൽ ഈ

വസ്തുത മനസ്സിലാക്കാനാളെപ്പമാണ്. മന്ദാന്ധകാരത്തിൽ കയറിനെ കണ്ട് പാമ്പാണെന്നു ഭ്രമിക്കുമ്പോൾ, കയറു മറയപ്പെടുന്നില്ല. കയറു തന്നെയാണ് പാമ്പായി കാണപ്പെടുന്നത്. ആ നിലയ്ക്ക് നാം തിരിച്ചറിയേത്, കയറെന്ന സത്യവും പാമ്പെന്ന ഭ്രമവും തമ്മിലുള്ള വ്യത്യാസമാണ്.

സ്വർണ്ണവളയുടെ ദൃഷ്ടാന്തത്തിൽ ഇതു കുറേക്കൂടെ വ്യക്തമാവും. അവിവേകി സ്വർണ്ണവളയെ ഒരു ഒറ്റ സത്തയായാണ് കാണുന്നത്. എന്നാൽ വിവേകി, സ്വർണ്ണത്തിന്മേൽ താൽക്കാലികമായി ആരോപിക്കപ്പെട്ടിട്ടുള്ള രൂപമാണ് വള എന്നിങ്ങനെ സ്വർണ്ണത്തെയും വളയേയും വേർ തിരിച്ചറിയുന്നു.

പിന്നെ നമ്മുടെ മനസ്സിൽ ഉയരാവുന്ന മറ്റൊരു ചോദ്യം, അദ്വൈതം മാത്രം സത്യമെന്നുപദേശിക്കുന്ന ആചാര്യൻ ഇവിടെയെന്താണ് രണ്ടു സത്തകളെ വേർ തിരിച്ചു കാണാൻ പറയുന്നതെന്നാണ്.

അതെന്തുകൊണ്ടെന്നാൽ, അദ്വൈതദർശനമെന്നാൽ ദ്വൈതത്തിന്റെ സത്യാവസ്ഥ അറിയലാണ്. ഒന്നിനെത്തന്നെ ഒന്നായി കാണാൻ ഗുരുവിന്റേയും ശാസ്ത്രത്തിന്റേയും ആവശ്യമില്ലല്ലോ. മിത്ഥ്യയായ ദ്വൈതത്തിന്റെ അടി സ്ഥാനമായി അദ്വൈതം കാണലാണ് ദുഃഖനാശകമായ ജ്ഞാനം. ജഗത്തിലുള്ള വസ്തുക്കൾക്കൊക്കെ സത് എന്ന ഉണ്മയും , രൂപം എന്ന ബാഹ്യഭാവവുമുണ്ട്. നശിക്കുന്നത് രൂപം മാത്രമാണെന്നും, നശിക്കാത്ത സത് വസ്തുവാണ് ഏതൊരു വസ്തുവിന്റേയും യാഥാർത്ഥ്യമെന്നറിയാതെ ദുഃഖനിവൃത്തി സാദ്ധ്യമല്ല. അതുകൊണ്ടാണ് ശാസ്ത്രം രണ്ടിനേയും വേർ തിരിച്ചു കാണാൻ പറയുന്നത്. അദ്ധ്യാരോപം അപവാദം എന്ന പ്രക്രിയയാണിത് ഈ ഗ്രന്ഥത്തിലെത്തന്നെ ഇരുപതാമത്തെ ശ്ലോകത്തിൽ ഈ തത്വം വിശദീകരിക്കുപ്പെടുന്നുണ്ട്.

( തുടരും )

*****

ആഴിതന്നിലുരഗേശനായ മണി-
മെത്തമേലഴകിനോടു ചേർ-
ന്നേഴുരണ്ടുലകമൻപിൽ നേത്രമുന
കൊണ്ടു കാത്തു കലിതാദരം
ചൂഴുമുള്ള മുനിദേവജാതി പുക-
ഴുന്നതും പരിചിനോടു കേ
ട്ടാഴിമാതിനൊടു കൂടിയുള്ള കളി
കോലുമീശ്വരമുപാസ്മഹേ

*മഹാവിഷ്ണുഭഗവാൻ പാലാഴിയിൽ അനന്തനാകുന്ന വിശിഷ്ട മെത്തയിൽ അഴകായി ശയിക്കുന്നു. പതിനാലു ലോകങ്ങളും തന്റെ കടാക്ഷം കൊണ്ടു വേണ്ട വിധം പാലിക്കുന്നു. ചുറ്റും നിന്ന് മുനിമാരും ദേവന്മാരും സ്തുതിക്കുന്നതു കേട്ടുകൊണ്ട് ലക്ഷ്മീദേവിയോടൊത്തു കളിയാടുന്നു. അങ്ങിനെയുള്ള ഭഗവാനെ ഞങ്ങൾ ഉപാസിക്കുന്നു.*

## 7-ാം ചരമ വാർഷികം

## 02–05–2024



**മാങ്കായിൽ സത്യഭാമ രാധാകൃഷ്ണൻ**

**62/4995 ബാലഭവൻ**

**ചിറ്റൂർ റോഡ്, എറണാകുളം 682011**

# കാൻസർ രോഗം

ഡോ. കെ. പ്രസന്നകുമാർ–9847083626

**ഗർഭാശയത്തിലെ കാൻസർ**

ഗർഭാശയത്തിന് പ്രധാനമായും രണ്ടു ഭാഗങ്ങളാണുള്ളത്. ശരീരഭാഗവും കഴുത്തുഭാഗവും. ശരീരഭാഗത്ത് വളരെ അപൂർവ്വമായേ കാൻസർരോഗം ബാധിക്കാറുള്ളൂ. എന്നാൽ കഴുത്തുഭാഗത്തിന്റെ സ്ഥിതി നേരേമറിച്ചാണ്. സ്ത്രീകളിലുണ്ടാകുന്ന കാൻസർരോഗികളിൽ ഒരു വലിയ ശതമാനം (ഏതാണ്ട് 45ശതമാനം) ഗർഭാശയത്തിന്റെ കഴുത്തു ഭാഗത്താണ് ഉണ്ടാകുന്നത്. ലോകത്തിലുള്ള എല്ലാ ജനവിഭാഗങ്ങളിലും കാണുന്ന ഒരു രോഗമാണ് ഇത്.

ശുചിത്വക്കുറവ് ഈ രോഗം വരാനുള്ള ഒരു പ്രധാന കാരണമാണ്.

**രോഗം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ**

സ്ത്രീകളുടെ ശുചിത്വത്തേ പറ്റിയും ചില വസ്തുതകൾ എടുത്തു പറയേണ്ടിയിരിയ്ക്കുന്നു. ആർത്തവകാലത്ത് വേണ്ടത്ര ശുചിത്വം പാലിയ്ക്കാത്ത സ്ത്രീകളുടെ ഇടയിൽ ഗർഭാശയ കാൻസർ വളരെ കൂടുതലായിട്ടുണ്ടാകുന്നു എന്ന് ചില പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അഴുക്കു തുണികൾ ഉപയോഗിയ്ക്കുക, ഗുഹ്യഭാഗങ്ങൾ വൃത്തിയായി സൂക്ഷിക്കാതിരിയ്ക്കുക-ഇവ രോഗകാരണങ്ങളാകാം. മൂത്രവിസർജ്ജനത്തിനുശേഷം, ഗുഹ്യഭാഗങ്ങൾ കഴുകുന്നതിൽ സ്ത്രീകൾ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്. പെൺകുട്ടികളേ ഇക്കാര്യത്തിൽ പ്രത്യേകം പരിശീലിപ്പിയ്ക്കേണ്ടത് അമ്മമാരുടെ കടമയാണ്.

സ്ത്രീകളുടെ വിവാഹപ്രായവും, ഗർഭാശയകാൻസറും തമ്മിൽ ചില ബന്ധങ്ങൾ ഉണ്ടെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വിവാഹപ്രായം കുറഞ്ഞുവരുന്തോറും, കാൻസറിന്റെ നിരക്ക് കൂടി വരുന്നു. വിവാഹപ്രായം കൂടുന്നത്, രോഗം തടയുന്നതിനുള്ള ഒരു മാർഗ്ഗമായി കരുതാ

പ്രസവാനന്തരമുള്ള ശുശ്രൂഷയിലും പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്. പ്രസവത്തിന്റെ ഭാഗമായി ഗർഭാശയത്തിലുണ്ടാകുന്ന മുറിവുകൾ പഴുക്കുകയും, മറ്റും ചെയ്യുന്നത് പിൽക്കാലത്ത് കാൻസറിന് കാരണമാകാം. ആയതിനാൽ തക്കതായ ചികിത്സമൂലം ഇതു തടയേണ്ടതാണ്.

രോഗം തടയുന്നതിനുള്ള മറ്റൊരു മാർഗ്ഗം കൂടെക്കൂടെയുള്ള പരിശോധനയാണ്. പാപ്സ്മിയർ എന്ന ലഘുവായുള്ള പരിശോധനയാണ് നടത്താറുള്ളത്. രോഗത്തിന്റെ വ്യക്തമായിട്ടുള്ള ലക്ഷണങ്ങൾ കാണുന്നതിനു മുൻപുതന്നേ, രോഗം കണ്ടുപിടിയ്ക്കുന്നതിന്, ഇപ്രകാരമുള്ള പരിശോധന സഹായിയ്ക്കുന്നതാണ്. ഈ അവസ്ഥയിൽ രോഗം പരിപൂർണ്ണമായും സുഖപ്പെടുത്തുന്നതിന് സാധിക്കുന്നതാണ്.

35 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളേയാണ് ഇപ്രകാരം പരിശോധനയ്ക്ക് വിധേയരാക്കുന്നത്. രോഗം ആരംഭത്തിൽ തന്നേ, കണ്ടു പിടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അനേകം സർവ്വേകൾ പല രാജ്യങ്ങളിലും നടത്തിയിട്ടുണ്ട്. ശരാശരി 1000ത്തിന് 4 മുതൽ 15 വരേ സ്ത്രീകൾക്ക് ഈ രോഗമുള്ളതായി പരിശോധനയാൽ തെളിഞ്ഞിട്ടുണ്ട്. ജീവിത നിലവാരമനുസരിച്ച് ഈ രോഗനിരക്കും വ്യ

ത്യാസപ്പെട്ടിരിക്കുന്നു. വളരെ ഉയർന്ന നിലവാരത്തിലുള്ളവർക്ക് ഈ രോഗം 1000ത്തിന് 3 ഓ 4ഓ മാത്രമുള്ളപ്പോൾ താഴ്ന്ന നിലവാരത്തിലുള്ളവരുടെ ഇടയിൽ 1000 പേരിൽ, ഇരുപതു പേർക്കുവരേ ഈ രോഗം ഉണ്ടാകാറുണ്ട്. ലോകത്തിന്റെ പലഭാഗത്തും വിപുലമായതോതിൽ സർവ്വേകൾ നടത്തിയിട്ടുണ്ടെങ്കിലും അടുത്തകാലത്ത് കാനഡയിലെ ബ്രിട്ടീഷ്കൊളംബിയയിൽ നടത്തിയസർവ്വേ, എടുത്തുപറയത്തക്ക പ്രാധാന്യം അർഹിയ്ക്കുന്നു. 1947 മുതൽ 14 വർഷത്തേ തുടർച്ചയായുള്ള സർവ്വേയുടെ ഫലമായി, ആ ഭാഗത്തേ പ്രായപൂർത്തിയായിട്ടുള്ള സ്ത്രീകളിൽ 50 ശതമാനം പേരേയും, ഈ പരിശോധനയ്ക്ക് വിധേയരാക്കി. അനേകം കാൻസർ രോഗികളേയും, കാൻസറിൻെറ മുന്നോടിയായിട്ടുള്ള ചില രോഗങ്ങൾ ഉണ്ടായിരുന്നവരേയും ഈ പരിശോധനയിൽ കണ്ടുപിടിക്കുന്നതിനും, ചികിത്സിക്കുന്നതിനും സാധിച്ചു. ഈ സർവ്വേയുടേയും, ചികിത്സയുടേയും ഫലമായി 1955 ൽ ഒരു ലക്ഷത്തിന് 28.4 എന്ന നിരക്കിൽ ആ പ്രദേശത്തുണ്ടായിരുന്നു ഈ രോഗം 1962 ആയപ്പോഴേയ്ക്കും, ലക്ഷത്തിന് 15.5 എന്ന നിരക്കിലേയ്ക്ക് കുറഞ്ഞു. കാൻസർ ചെക്കപ്പിന്റെ പ്രയോജനം വ്യക്തമാക്കുവാൻ ഇതിൽ കൂടിയ ഒരു തെളിവിന്റെ പ്രയോജനം വ്യക്തമാക്കുവാൻ ഇതിൽ കൂടിയ ഒരു തെളിവിന്റെ ആവശ്യമില്ല. 30നും 35നും വയസ്സിനുമേൽ പ്രായമുള്ള വിവാഹിതരായിട്ടുള്ള എല്ലാ സ്ത്രീകളേയും, ഈ പരിശോധനയ്ക്ക് വിധേയരാക്കേണ്ടതാണ്. വലിയ ബുദ്ധിമുട്ടു കൂടാതെ നടത്താവുന്ന ഒരു പരിശോധനയാണിത്. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ഈ പരിശോധന, നടത്തിയിരിയ്ക്കണം. രോലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതുവരേ, കാത്തിരിക്കുന്നത് അപകടകരമാണ്.

രോഗലക്ഷണങ്ങൾ, രോഗത്തിന്റെ അരംഭത്തേയല്ല കുറയിക്കുന്നത് എന്നുള്ള വസ്തുത പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. രോഗലക്ഷണങ്ങൾ പുറമേ കാണുമ്പോഴേയ്ക്കും, രോഗം ആരംഭദിശ കഴിഞ്ഞിരിയ്ക്കും. രക്തം പോക്കാണ് ഈ രോഗത്തിന്റെ പ്രധാനലക്ഷണം. ആർത്തവകാലത്തിനിടയിൽ ഉണ്ടാകുന്ന രക്തം പോക്ക് പ്രത്യേകം സൂക്ഷിയ്ക്കേണ്ടതാണ്. രക്തം കൂടാതെ പഴുപ്പുപോക്കും, ഈരോഗത്തിന്റെ ലക്ഷണമാണ്. രക്തം വാർന്നുപോകുന്നതിനാൽ രോഗിപെട്ടെന്ന് ക്ഷീണിക്കുകയും, വിളർച്ച അനുഭവപ്പെടുകയും ചെയ്യുന്നു. സംഭോഗസമയത്ത് വേദന അനുഭവപ്പെടുക, സംഭോഗത്തിനുശേഷം രക്തം പോവുക എന്നിവയും ഈ രോഗത്തിന്റെ ലക്ഷണങ്ങളാണ്.

**ചികിത്സാവിധികൾ**

ശസ്ത്രക്രിയയും റേഡിയേഷനുമാണ് ഈ രോഗത്തിന്റെ ചികിത്സാവിധികൾ. രോഗത്തിന്റെ ആരംഭദിശയിൽ മാത്രമേ, ശസ്ത്രക്രിയ, ഫലപ്രദമാവുകയുള്ളൂ. ഇവിടേയും ശസ്ത്രക്രിയയുടെ ഫലം തന്നേ റേഡിയേഷൻ ചികിത്സകൊണ്ടാടും ലഭിയ്ക്കുന്നതാണ്, എന്നു തന്നേയല്ല, ശസ്ത്രക്രിയയുടെ അപകടസാധ്യത, റേഡിയേഷൻ ചികിത്സയ്ക്കില്ലതാനും. ഇക്കാരണത്താൽ റേഡിയേഷൻ ചികിത്സയ്ക്കാണ് ഇന്നു കൂടുതൽ പ്രതാരം. രോഗത്തിന്റെ ആരംഭദിശയിലാണെങ്കിൽ, പരിപൂർണ്ണമായി സുഖപ്പെടുത്തുന്നതിന് ഈ ചികിത്സ മതിയാകുന്നതാണ്. രോഗം കുറേക്കൂടി വളർന്ന അവസ്ഥയിലും റേഡിയേഷൻ ചികിത്സ, ഫലപ്രദമായി നടത്തുന്നതിന് സാധിയ്ക്കും. കോബോൾട്ട്, റേഡിയേഷൻ സൂചികളും, ഡീപ്പ് ഏക്സറേ മുതലായ ഉപകരണങ്ങളുമാണ് റേഡിയേഷൻ ചികിത്സയ്ക്ക് ഉപയോഗിയ്ക്കുന്നത്.

*****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## മെയ് 2024 – ജൂൺ 2024

| | | | | |
|---|---|---|---|---|
| 1. | 16-05-2024<br>23-05-2024<br>30-05-2024<br>06-06-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 18-05-2024 | ശനി | ഹെറിറേറജ് –<br>വയലി ഫോക് ലോർ ഗ്രൂപ്പ്, ഫ്രണ്ട്സ് ഓഫ് ഭാരതപ്പുഴ എന്ന സംഘടനയുടെ ഡയറക്ടറായ ശ്രീ വിനോദ് നമ്പ്യാർ, 'പൈതൃകം പഠനത്തിൽ നദികളുടെ പങ്ക്' എന്ന വിഷയത്തിനെക്കുറിച്ച് സംസാരിക്കുന്നു. | 4.00 p.m. - 6.00 p.m. |
| 3. | 19-05-2024 | ഞായർ | അകായിലെ സംഗീതം – സാംസ്ക്കാരിക വിഭാഗം – വേണുനാഗവള്ളി അഭിനയിച്ചതും ഡയറക്ട് ചെയ്തതുമായ സിനിമയിലെ പാട്ടുകൾ | 4.00 p.m |
| 4. | 24-05-2024 | വെള്ളി | ബീം – കുച്ചിപ്പുടി<br>അവതരണം<br>ശ്രീമതി. ഗീതാ പത്മകുമാർ | 6.30 p.m. |
| 5. | 26-05-2024 | ഞായർ | സാഹിതിയോഗം<br>വിഷയം– മലയാറ്റൂരിന്റെ വേരുകൾ<br>അവതരണം – വിദ്വൽപ്രഭ. ജെ. എസ്. | 3.30 p.m |
| 6. | 15-05-2024<br>22-05-2024<br>29-05-2024<br>05-06-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |

### ചൈത്രം

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

# ആരാണ് അമ്മ

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

**ലോ**കത്തെ മാറ്റിമറിക്കുന്ന ഒരു യുവാവിന്റെയോ, യുവതിയുടേയോ വളർച്ചയിൽ അമ്മ വഹിക്കുന്ന പങ്ക് അവർണ്ണനീയമാണ്. ഇന്ന് ടി വി തുറന്നാൽ, പത്രമാദ്ധ്യമങ്ങൾ വായിച്ചാൽ ഭയക്കുന്ന പല കാര്യങ്ങളുമാണ് കാണുന്നതും കേൾക്കുന്നതും. പിറന്നുവീണ കുട്ടികളെ മുതൽ വാർദ്ധ്യകൃത്തിലെത്തിയവരെ വരെ ഒരു പിച്ചാത്തിപിടിയിലോ, ആസിഡു കുപ്പിയിലോ അവസാനിപ്പിക്കുന്ന ക്രൂരമായ പ്രവർത്തികൾ നടക്കുന്നു. ഈ പ്രവർത്തി ചെയ്യുന്നവരേയും അമ്മ വളർത്തിയതല്ലേ? എവിടെയാണ് കുഴപ്പം. പുറത്തേക്കിറങ്ങണ്ട. വീടിനുള്ളിൽ തന്നെ ക്രൂരതയുടെ മുഖം മൂടി അണിഞ്ഞവർ. ഇവിടെയാണ് ഒരു കുട്ടിയുടെ വളർച്ചയിൽ, സ്വഭാവരൂപീകരണത്തിൽ ഒരമ്മയുടെ പങ്കിനേകുറിച്ചോർമ്മിപ്പിക്കുന്നത്. കുട്ടികൾക്ക് മൂല്യാധിഷ്ഠിതമായ ജീവിതചര്യ പറഞ്ഞുകൊടുക്കേണ്ടതും കാണിച്ചു കൊടുക്കേണ്ട തും അമ്മയാണ്. സ്വന്തം ചെറിയമ്മ ധ്രുവനെ ക്രൂരമായി ആക്ഷേപിച്ചു. കാരണം അച്ഛന്റെ മടിയിലിരിക്കണമെന്ന ആഗ്രഹം. ഈ സൗഭാഗ്യങ്ങൾ ലഭിക്കണമെങ്കിൽ പൊയി മഹാവിഷ്ണുവിനെ ഭജിക്കൂയെന്നു പറഞ്ഞു പരിഹസിച്ചു. ദുഖിതനായ ധ്രുവൻ പരിഹാസം സഹിക്കാതെ അമ്മയോടു പരാതിപെട്ടു. ചെറിയമ്മ വേദനിപ്പിക്കുകയല്ല മഹാവിഷ്ണുവിനെ ഭജിക്കുവാനാണ് പറഞ്ഞതെന്നു ധ്രുവനോടു അമ്മ പറഞ്ഞു. ഇന്ന് ആധുനീക കാലത്ത് പ്രശ്നങ്ങൾ വലുതാക്കാൻ ചിലർ ശ്രമിക്കുന്നു.

അന്ധനായ ഭർത്താവിന്റെ കാലടികൾ പിന്തുടരാൻ ഗാന്ധാരി കണ്ണുമൂടിക്കെട്ടി. 101 കുട്ടികളെ ഭർത്താവിന്റെ കുറവുകൾ കൂടി പരിഹരിച്ച്, നേർവഴിക്ക് കാട്ടികൊടുത്ത് വളർത്തേ അമ്മ അന്ധത്വം വരിച്ച് നടന്നതല്ലേ എല്ലാ ദുരോഗ്യങ്ങൾക്കും കാരണം. അതു സംഭവിക്കാത്തതുമൂലം രാജ്യത്തിലും കുടുംബത്തിലും ശകുനിമാരുടെ എണ്ണം വർദ്ധിക്കുന്നു. മക്കളെ ക്രിയാത്മകരായി മാറ്റേണ്ടതമ്മയാണ്. രക്ഷകർത്താക്കളുടെ സ്വപ്നം അടിച്ചേല്പിക്കുകയല്ല. പകരം സ്വപ്നം കാണാനും അത് സാക്ഷാത്ക്കരിക്കുവാനും അവരെ പ്രേരിപ്പിക്കണം. അതിനു വേണ്ട പ്രചോദനം കൊടുക്കണം. പ്രശ്നങ്ങളുണ്ടാകുമ്പോൾ ഹിസ്റ്റീരിയ ബാധിച്ച രോഗികളേപ്പോലെ ബഹളമുണ്ടാക്കുകയല്ല് ചെയ്യേണ്ടത്. ഊർജ്ജസ്വലയായി, പ്രായോഗികമായി, പ്രശ്നത്തെ നേരിടാൻ പഠിപ്പിക്കണം. ബഹുമാനപുരസരം മറ്റുള്ളവരോടു പെരുമാറാനും നല്ലഭാഷാപ്രയോഗം, മൂല്യങ്ങൾ ഇവയൊക്കെ പഠിപ്പിച്ചേ മതിയാകൂ. എപ്പോൾ തുടങ്ങണമെന്നു ചോദിച്ചാൽ ജനിക്കുമ്പോൾ മുതൽ ഒരു പാത്രം ഉണ്ടാകണമെന്നു വിചാരിക്കുമ്പോൾ തന്നെ ആകൃതിയും മറ്റും മനസിൽ ഉണ്ടായിരിക്കണം. ഒരിക്കൽ ഒരു കുട്ടിയോടു മഹാത്മാഗാന്ധിയെ വെടിവെച്ചതാരെന്നു ചോദിച്ചു. താനല്ല എന്നു കുട്ടി പറഞ്ഞു. ടീച്ചർക്കു ദേഷ്യം വന്നു അമ്മയെ വിളിപ്പിച്ചു വിവരം പറഞ്ഞു. അമ്മ പറഞ്ഞു ശരിയാണ് ടീച്ചറെ, അവൻ സത്യമേ പറയൂ. ഇത്തരം കുട്ടികൾ ഭാവിയിൽ അവർ ചെയ്ത കുറ്റം മനസ്സിലാക്കുകയോ ഉത്തരവാദിത്തത്തോടു കൂടി പെരുമാറുകയോ ചെയ്യില്ല. കുട്ടികളെ സമൂഹത്തിന്റെ മുതൽകൂട്ടായി വളർത്തേണ്ടത് അമ്മയാണ്. കുട്ടി ഈ ലോകത്തിന്റെ ഒരു ആവശ്യഘടകമാണെന്നും അങ്ങനെ വരുമ്പോൾ ഉത്തരവാദിത്തം തന്നോടും കുടുംബത്തോടും സമൂഹത്തോടുമുണ്ടെന്നു പഠിക്കണം. ആചാര്യമര്യാദകൾ, പെരുമാറ്റ രീതി, കാഴ്ചപാട് ഇവയൊക്കെ മനസ്സിലാക്കാനുള്ള മാർഗ്ഗവും ശീലിക്കണം.

ഒരു കുട്ടിയുടെ സ്വഭാവം രൂപീകൃതമാകുന്നത് കുഞ്ഞായിരിക്കുമ്പോഴാണല്ലോ. പ്രതികരണശേഷി ഇല്ലാതിരിക്കുന്ന സമയത്ത് കുഞ്ഞിന്റെ മനസ്സിലേക്കു കടന്നുകയറിയ ചില കാര്യങ്ങൾ പിന്നീടു സമയം വരുമ്പോൾ പുറത്തേക്കു വരും. വേണ്ട മാറ്റങ്ങൾ പിന്നീടു ശരിപ്പെടുത്തണം. പൈസ ഇല്ലാത്ത കാലത്ത്

ഒരു നില കെട്ടിടം കെട്ടി. 5 വർഷത്തിനു ശേഷം കുട്ടികൾക്ക് രണ്ടു നിലകൂടി കെട്ടണമെന്നു തോന്നുമ്പോൾ നമ്മൾ പില്ലർ സംഘടിപ്പിക്കുന്നു. അത്തരത്തിലുള്ള ചില മാറ്റങ്ങൾ വലിയവരിൽ ഉണ്ടാക്കാം. അമ്മയുടെ സ്നേഹം, കരുതൽ, പ്രോത്സാഹനം ഇവയൊക്കെ വളരെയധികം മാറ്റങ്ങളാണ് കുട്ടിയിൽ ഉണ്ടാക്കുന്നത്. ചില അമ്മയുടേയും അച്ഛൻെറയും പ്രവർത്തിയിൽ കുട്ടിക്കു അപമാനവും ചിലകുട്ടിയുടെ പ്രവൃത്തി അച്ഛനുമമ്മക്കും അപമാനവും ഉണ്ടാക്കുന്നതുമായിരിക്കും. രണ്ടു കുട്ടികളുണ്ടെങ്കിൽ ഉണ്ടാകുന്ന താരതമ്യപഠനം ഒക്കെ സഹോദരങ്ങൾ തമ്മിലുള്ള അകലത്തിന് കാരണമാകുന്നു. അവരെ സ്നേഹിക്കുന്നുവെന്നവർക്കു തോന്നണം. കഷ്ടപ്പെട്ട് വളർത്തുന്ന രക്ഷിതാക്കളോട് സ്നേഹവും കഷ്ടപാടിൽ വേദനയും കുട്ടികൾക്കു തോന്നണം. ജോലി ചെയ്ത് ഉത്തരവാദിത്വം പഠിക്കാനുമവർ പഠിക്കണം. അമ്മയുടേയും അച്ഛൻ്റേയും ദൃഢമായ ബന്ധമാണ് കുട്ടിയുടെ മാനസിക വളർച്ചക്കാവശ്യം. ഭാഷ, പെരുമാറ്റം, ഇവയൊക്കെ കണ്ടും കേട്ടും കുട്ടി പഠിക്കണം. ഒരിക്കൽ ഈ സെൻ്ററിൽ ഒരാൾ പറഞ്ഞു ഞാൻ മുൻവശത്തേക്കു വരുമ്പോൾ മരുമകൾ എഴുന്നേൽക്കില്ല. അങ്ങനെയായിരിക്കും പഠിപ്പിച്ചു വിട്ടിരിക്കുന്നത്. ഞാൻ ചോദിച്ചു മകനോ ഓ അവനുമെഴുന്നേൽക്കില്ല. പിന്നെ അവനനെൻെറ മകനല്ലേ ഈ വ്യത്യാസം ഇല്ലാതെ നമ്മൾ പെരുമാറുമ്പോൾ അവരതുകണ്ടുപഠിക്കും. പ്രതിസന്ധികളെ നേരിടാനും മറ്റുള്ളവരെ അംഗീകരിക്കുവാനും അച്ഛനമ്മമാരിൽ നിന്നാണ് പഠിക്കേണ്ടത്. ഇങ്ങനെ രാജ്യസ്നേഹമുള്ള മൂല്യാധിഷ്ഠിതമായ ഒരു തലമുറയെ സൃഷ്ടിക്കാൻ അമ്മക്കാണ് സാധിക്കുക.

(കുട്ടി ജനിക്കുമ്പോൾ മുതൽ 6 വയസ്സുവരെയുള്ള വളർച്ച അടുത്തലക്കത്തിൽ).

*****


## 2024 ഏപ്രിൽ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**സത്യനാരായണൻ. ബി**
L/4288 അനുഗ്രഹ
മുല്ലശ്ശേരി കനാൽ റോഡ്
കൊച്ചി-11



**സുനിൽകുമാർ.എസ്. മേനോൻ**
L/5031 കൃപ, ദൈവീകം
പൊന്നേത്ത് ടെബിൾ റോഡ്
കൊച്ചി-20




**കെ.എ. വിശ്വനാഥൻ നായർ**
L/3607 ഇന്ദു,
മാത്യു പള്ളിയിൽ റോഡ്
എറണാകുളം, കൊച്ചി-18



**രാധാകൃഷ്ണ മേനോൻ**
L/0830 വൃന്ദാവനം,
ടെംബിൾ റോഡ്
എളംകുളം



**ശശികുമാർ. കെ.**
L/0986 പറയാത്ത്
കുട്ടൻമേനോൻ റോഡ്
മാണിക്കമംഗലം,
കാലടി - 683574



**ബി. ഗോപകുമാർ**
L/4901 ഗായത്രി
പള്ളിക്കാവ്, ടെബിൾ റോഡ്
കൊച്ചി - 682023



**പാർവ്വതി മനോരഞ്ജിനി**
L/4748 ദേവ്ദീപ
കുഞ്ഞൻബാവാ റോഡ്
പൊന്നുരുന്നി - 682019



**എൻ വി കെ നായർ**
L/4812 പ്രസന്ന വിഹാർ
Marine Drive
എറണാകുളം - 31

# അജ്ഞാതനായ മഹാൻ

യു.എസ്. രവീന്ദ്രൻ - 9496120978

എന്റെ വിവാഹമോചനത്തിനു ശേഷം ഞാനും മകൻ 8 വയസ്സുള്ള വിക്രമും പുതുതായി താമസമാക്കിയ അപ്പാർട്ട്മെന്റ് നല്ലതായിരുന്നു എങ്കിലും മഴയും കാറ്റും നിറഞ്ഞ ജീവിതയാത്രയിലെ വെള്ളപ്പൊക്കത്തിൽ ഒരു ചങ്ങാടത്തിൽ പിടിച്ചു തൂങ്ങി കിടക്കുന്ന പോലെയായിരുന്നു ഞങ്ങളുടെ മാനസികാവസ്ഥ. വിക്രമിന്റെ അച്ഛൻ താമസിച്ചിരുന്ന സ്ഥലത്തു നിന്നും 30 മിനിട്ടോളം യാത്ര ചെയ്യുന്ന ദൂരം മാത്രമേ ഞങ്ങളുടെ അപ്പാർട്ട്മെന്റിലേയ്ക്ക് ഉണ്ടായിരുന്നുള്ളൂ. ആദ്യത്തെ ആഴ്ച വിക്രമിന്റെ വിഷമം മുഴുവൻ മുറിയ്ക്കകത്തുള്ള ഓരോന്നും അടിച്ചു തകർത്തു തീർക്കുകയായിരുന്നു. അവസാനം പൊട്ടിക്കരഞ്ഞുകൊണ്ട് എന്നെ കെട്ടിപ്പിടിച്ചപ്പോൾ ജീവിതത്തിൽ വന്ന മാറ്റം അവനും അംഗീകരിക്കുകയായിരുന്നു. എന്നാൽ അവനിൽ ഉണ്ടായ മാറ്റം വേറൊരു രൂപത്തിൽ അവനെ അലട്ടി. മരണത്തിനോടുള്ള ഭയം. അമ്മേ എനിക്കുറങ്ങാൻ കഴിയുന്നില്ല. മരണത്തെ പറ്റിയുള്ള ആലോചന എപ്പോഴും മനസ്സിൽ വരുന്നു. കണ്ണു തുറന്നുകൊണ്ട് അവന്റെ കളിപ്പാട്ടങ്ങൾ കെട്ടിപ്പിടിച്ചുകൊണ്ട് അവന്റെ കിടപ്പുമുറിയിൽ ഇരുന്ന് എന്നോട് പറയുകയായിരുന്നു.

വിക്രം സ്വയം ഒരു അവിശ്വാസിയായി കരുതിയിരുന്നു. നാലുവയസ്സുള്ളപ്പോൾ അവന്റെ അച്ഛൻ പറഞ്ഞു കൊടുത്തിരുന്നു. ചെകുത്താൻ, ദൈവം എന്നു പറയുന്നതെല്ലാം യാഥാർത്ഥ്യങ്ങളെല്ലെന്നും നമ്മൾ മരിച്ചാൽ വെറും പൊടിയായി തീരുമെന്നും മറ്റും. കിന്റർ ഗാർട്ടനിൽ വിക്രം ഇതെല്ലാം പറയുമ്പോൾ കുട്ടികളെപ്പോലെ മുതിർന്ന വരും പൊട്ടിച്ചിരിക്കുമായിരുന്നു. വിക്രം പറഞ്ഞതിന്റെ വാസ്തവത്തിലുള്ള ചില സംശയങ്ങളോട് കൂടിയാണെങ്കിലും.

വിക്രം വളർന്നുകൊണ്ടിരിക്കയല്ലേ. സമയം എന്ന പ്രതിഭാസത്തെ പറ്റിയുമൊക്കെ വിക്രം എന്തൊക്കെയോ മനസ്സിലാക്കിയിരുന്നു. ഈ ലോകത്ത് ഒന്നും ശാശ്വതമായിട്ടുള്ളതല്ല എന്ന വിചാരം ഉണ്ടായതാവാം മരണത്തെ വിക്രം ഭയപ്പെടാൻ കാരണം. പല പല ചിന്തകൾകൊണ്ട് വിക്രമിന് ഉറക്കം വരാത്ത രാത്രികളിൽ ഞാൻ അവനെ കെട്ടിപ്പിടിച്ച് സാന്ത്വനപ്പെടുത്തുമായിരുന്നു. അങ്ങിനെ രാത്രികൾ പല പല അജ്ഞാതസത്യങ്ങൾക്ക് ഇടം കൊടുക്കാതെ ഞങ്ങൾ തള്ളി നീക്കി.

അങ്ങിനെയിരിക്കുമ്പോൾ എനിക്ക് ഒരു സാമൂഹിക ഗ്രൂപ്പിൽ അംഗമാകാൻ കഴിഞ്ഞു. ആഴ്ചയിൽ രണ്ടുദിവസം ഞങ്ങൾ ഒത്തുകൂടും. പ്രത്യേകിച്ച് വലിയ വലിയ കാര്യങ്ങളെപ്പറ്റി ചർച്ചകളൊന്നും ഉണ്ടാകാറില്ലെങ്കിലും, സമയം ചിലവഴിക്കാൻ ചില തമാശകൾ പറച്ചിലും, പാട്ടും, ഡാൻസും ഒക്കെ ഉണ്ടാകും. മീറ്റിംങ് കഴിഞ്ഞ ശേഷമാണ് ഗ്രൂപ്പ് തിരിഞ്ഞ് സ്വകാര്യ വിശേഷങ്ങൾ പങ്കുവയ്ക്കുക. എനിക്ക് സംസാരിക്കാൻ കൂടുതൽ അടുപ്പം തോന്നിയത് ക്യാൻസർ ബാധിച്ച് ചികിത്സ ചെയ്തുകൊണ്ടിരുന്ന 80 വയസ്സു കഴിഞ്ഞ രാം അപ്പൂപ്പനോടായിരുന്നു. പൊതുവേ രാം അപ്പൂപ്പനെപ്പറ്റി ഗ്രൂപ്പിലുള്ളവർ പറയാറ് അങ്ങേര് ഒരു മുഷിപ്പൻ ആണെന്നും, ആരെന്തുപറഞ്ഞാലും അതിനെ എതിർക്കുന്നവൻ ആണെന്നും മറ്റുമാണ്. ഓരോ മീറ്റിങ്ങിനുശേഷവും അംഗങ്ങൾ പരസ്പരം കൈകോർത്ത് പിടിച്ച് വൃത്താ

കാരത്തിൽ നിൽക്കുമായിരുന്നു. നിർബന്ധ പൂർവ്വമുള്ള ഒരു സ്നേഹപ്രകടനം എനിയ്ക്ക് അസഹനീയമായിരുന്നു എങ്കിലും ഞാനും കൈകോർത്തു വട്ടമിട്ടു നിൽക്കുന്ന ആ പരിപാടിയിൽ പങ്കെടുക്കാറുണ്ട്. എന്നാൽ രാം അപ്പൂപ്പൻ ആർക്കും കൈ കൊടുക്കാതെ, കൈ താഴേയ്ക്കിട്ട്, കൈപ്പത്തി മടക്കിപ്പിടിച്ചുകൊണ്ടാണ് നിൽക്കാറുള്ളത്, വൃത്തത്തിലെ ഒരു മുറിഞ്ഞ കണ്ണിയെപ്പോലെ. ഞാൻ കിന്റർഗാർട്ടനിലെ കുട്ടിയല്ല എന്നു പറയും. ഇത് കേൾക്കുമ്പോൾ വിക്രം അടക്കിപ്പിടിച്ച് ചിരിക്കാറുണ്ട്. കുറച്ചു നാൾകൊണ്ട് വിക്രമും രാം അപ്പൂപ്പനും നല്ല കൂട്ടുകാരായി ദൈവവിശ്വാസത്തെപ്പറ്റിയും അവിശ്വാസികളെപ്പറ്റിയും അവർ തമ്മിൽ സംസാരിക്കാറുണ്ട്. ഒരിക്കൽ രാം അപ്പൂപ്പൻ എന്നോടു പറഞ്ഞു. അവിശ്വാസിയായ ഒരു 80 വയസ്സുകാരനെ ഞാൻ ആദ്യമായിട്ടാണ് കാണുന്നത് ഇതുകേട്ട് രാം അപ്പൂപ്പൻ പൊട്ടിച്ചിരിച്ചു. അവർ സ്ഥിരം കണ്ടുമുട്ടാറുണ്ട്. അന്നന്നത്തെ വിശേഷങ്ങൾ പരസ്പരം ചോദിച്ചറിയാറുണ്ട്. രാം അപ്പൂപ്പൻ പുതുതായി വാങ്ങിയ ക്യാമറയെപ്പറ്റി വിക്രമിനോട് പറഞ്ഞു. ഹാരിപോർട്ടർ വായിച്ചു തീർത്ത വിശേഷങ്ങളും വിക്രം രാം അപ്പൂപ്പനോട് പറഞ്ഞു.

ഒരിക്കൽ രാം അപ്പൂപ്പൻ എന്നോട് പറഞ്ഞു. എന്റെ കാൻസർ രോഗം മൂർച്ഛിച്ചുകൊണ്ടിരിക്കുകയാണ്. താമസിയാതെ ആശുപത്രിയിൽ കിടക്കേണ്ടിവരും. ഞാൻ വിക്രമിനോട് ഈ വിവരം സൂചിപ്പിച്ചു.

വിക്രം നിന്റെ കൂട്ടുകാരപ്പൂപ്പൻ ഇപ്പോൾ ആശുപത്രിയിലാണ്. ഞാൻ കാണാൻ പോകുന്നുണ്ട്.

'അപ്പൂപ്പൻ മരിക്കുവാൻ പോകയാണോ ' വിക്രം ചോദിച്ചു.

'അതെ.'

'ഉടനെ തന്നെ'

'താമസിയാതെ തന്നെ മരിക്കും, ഈ വേനൽ തീരുന്നതിന് മുൻപ്' കണ്ണുനീർ വരാതിരിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഞാൻ വാക്കുകൾ പറഞ്ഞവസാനിപ്പിച്ചത് ഗദ്ഗദത്തോടെയായിരുന്നു. ഒരു പക്ഷേ എന്നെ ക്രൂരയെന്ന് തോന്നിയേക്കാം. എന്റെ മകനെ മരണം ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് മനസ്സിലാക്കികൊടുക്കാനോ കാണിച്ചുകൊടുക്കാനോ ആഗ്രഹിച്ചവളായതുകൊണ്ട് (വിവാഹമോചനത്തിൽ അവസാനിക്കുന്ന പ്രേമം പോലെ).

രാം അപ്പൂപ്പനുമായി വിക്രമിന്റെ ചങ്ങാത്തം വളർത്തിയെടുത്തതു മൂലം അവന്റെ സ്വന്തം മരണത്തിനെപ്പറ്റിയുള്ള ചിന്തയിലുള്ള ഉൽക്കണ്ഠ കുറച്ചു കൊണ്ടുവരുവാൻ എനിക്കു കഴിഞ്ഞു. വിക്രം പറഞ്ഞു. എനിക്ക് രാം അപ്പൂപ്പനെ ഒന്നു കാണണമല്ലോ. ശരി നമുക്ക് ഇന്നു തന്നെ പോകാം. ഞങ്ങൾ ആശുപത്രിയിലേക്ക് യാത്രയായി. രാം അപ്പൂപ്പനു വേണ്ടി വിക്രമിന് എന്തെങ്കിലും സമ്മാനം വാങ്ങിക്കൊണ്ടുപോകണം. അവൻ ആഗ്രഹം അറിയിച്ചു. ഞാൻ പറഞ്ഞു. അപ്പൂപ്പന് കാപ്പി വളരെ ഇഷ്ടമാണ്. നല്ല കാപ്പി ഹോസ്പിറ്റൽ കാന്റീനിൽ നിന്നും വാങ്ങി കൊടുക്കാം, വേറെ എന്താ കൊടുക്കുക. ഒരു ഡ്രാഗൺ കളിപ്പാട്ടം രാം അപ്പൂപ്പനുവേണ്ടി വിക്രം തിരഞ്ഞെടുത്തു. ഒരു കിറുക്കൻ അപ്പൂപ്പനു യോജിച്ചതു തന്നെ. ഞങ്ങൾ തമാശയായി ചിരിച്ചു.

ഹോസ്പിറ്റൽ കിടക്ക മേൽ കിടന്നുകൊണ്ട് വിക്രമിന്റെ സമ്മാനം സന്തോഷപൂർവ്വം രാം അപ്പൂപ്പൻ കൈ നീട്ടി വാങ്ങി. വേറെ ആരോ കൊടുത്ത കുട്ടിച്ചാത്തൻ പാവക്ക് അടുത്തായി ഡ്രാഗണിനേയും വച്ചു. എല്ലാവരും ചിരിച്ചു. ഹോസ്പിറ്റൽ കാന്റീനിൽ നിന്നും അവർ കാപ്പി കുടിച്ചു. കോമൺ റൂമിലിരുന്നു ചീട്ടു കളിച്ചു. വിക്രം ഒരു പേപ്പറിൽ അവന്റെ സ്കോർ കുറിച്ചിട്ടു. വിക്രമിന്

അക്കങ്ങളോടും ചാർട്ടുകളോടും വലിയ താല്പര്യമായിരുന്നു.

'നമുക്ക് ചെസ്സുകളിക്കാം' രാം അപ്പൂപ്പൻ ചോദിച്ചു 'വിക്രം ചെസ്സ് കളിക്കാറുണ്ടോ'?

'ഇല്ല,' അപ്പൂപ്പൻ എന്നെ പഠിപ്പിച്ചാൽ മതിയല്ലോ

'ചെസ്സ് കളിക്കാത്ത കുട്ടികളുണ്ടോ'? തമാശയോടുകൂടി രാം അപ്പൂപ്പൻ പറഞ്ഞു.

എല്ലാ ഞായറാഴ്ചകളിലും ഞങ്ങൾ രാം അപ്പൂപ്പനെ കാണാൻ ആശുപത്രിയിൽ പോകാറുണ്ട്. ചെസ്സുകളിക്കുമ്പോൾ സ്നാക്സ് എന്തെങ്കിലുമൊക്കെ തിന്നുകൊണ്ടിരിക്കും. രാം അപ്പൂപ്പന്റെ പഴയകാല ഓർമ്മകൾ അദ്ദേഹം പങ്കുവയ്ക്കും. എന്നാൽ ഒരിക്കലെങ്കിലും അദ്ദേഹം സ്വന്തം കാൻസർ രോഗത്തെപ്പറ്റി പറയുമായിരുന്നില്ല. എന്നാൽ വിക്രം പലപ്പോഴും രാം അപ്പൂപ്പന്റെ അസുഖത്തെപ്പറ്റി ചോദിക്കുമായിരുന്നു. ഡോക്ടർമാരോ ഞാനോ അവനോട് അങ്ങിനെ ചെയ്യരുതെന്ന് ഉപദേശിക്കേണ്ടതായിരുന്നു എന്നു തോന്നി. രാം അപ്പൂപ്പൻ പൊതുവെ ഉന്മേഷവാനായിരുന്നു. എന്നാൽ കുറച്ചു ദിവസങ്ങൾക്കു ശേഷം നടക്കാൻ ഊന്നുവടിയുടെ സഹായം വേണ്ടി വന്നു. കുറച്ചു ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ, വീൽച്ചെയറിലായി. ഒരാഴ്ച കഴിഞ്ഞപ്പോൾ, ഹോസ്പിറ്റലിൽ നിന്നും സാന്ത്വനപരിചരണകേന്ദ്രത്തിലേക്ക് മാറ്റി.

ഹോസ്പിറ്റലിനെ അപേക്ഷിച്ച് സാന്ത്വന പരിചരണകേന്ദ്രം പൊതുവെ ശാന്ത സമാധാനമുള്ള ഒരിടമായിരുന്നു. ഹോസ്പ്പിറ്റലിലെ ഗൗരവസ്വഭാവമുള്ള വ്യക്തികളും അവർ ധരിച്ചിരുന്ന ഗൗണുകളും പല തരത്തിലുള്ള ഉപകരണങ്ങളും വിക്രമിൽ എന്തൊക്കെയോ അസ്വസ്ഥതകൾ ഉണ്ടാക്കിയിരുന്നു. വെളുത്ത വസ്ത്രധാരികളും, ചെടികളും, മരങ്ങളും, നീരൊഴുക്കും മറ്റും സാന്ത്വനപരിചരണ കേന്ദ്രത്തിന് പ്രകാശമുള്ള ഒരന്തരീക്ഷം നൽകിയിരുന്നു.

ഒരു ദിവസം രാം അപ്പൂപ്പൻ സാന്ത്വനകേന്ദ്രത്തിന് പുറത്തുള്ള ഒരു കഫറ്റീരിയ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു. നമുക്കവിടം വരെ ഒന്നു പോകാം, വിക്രം മോൻ എന്റെ വീൽചെയർ പതുക്കെ തള്ളിയാൽ മതി. എനിക്കവിടെ പോകണമെന്ന് എന്തെന്നില്ലാത്ത ആഗ്രഹമുണ്ട്. ശരി നമ്മൾക്ക് അവിടേയ്ക്ക് പോകാം.

രാം അപ്പൂപ്പൻ ഇരിക്കുന്ന വീൽ ചെയർ പതുക്കെതള്ളികൊണ്ട് വിക്രം നടന്നു. പിന്നാലെ ഞാനും നടന്നു. വീൽചെയർ പെട്ടെന്ന് ഇടത്തോട്ടും വലത്തോട്ടും തിരിക്കുമ്പോൾ രാം അപ്പൂപ്പൻ അസ്വസ്ഥനായിരുന്നെങ്കിലും വിക്രമിന്റെ മുഖത്തു നോക്കി പുഞ്ചിരിക്കുക മാത്രമേ ചെയ്തുള്ളൂ. ഞങ്ങൾ പത്തു മിനിട്ടോളം യാത്ര ചെയ്തു. ഞങ്ങൾക്കിഷ്ടമുള്ള പലഹാരങ്ങൾ രാം അപ്പൂപ്പൻ വാങ്ങിതന്നു. എല്ലാവർക്കും സന്തോഷം നൽകിയ നിമിഷങ്ങളായിരുന്നു അവ.

രാം അപ്പൂപ്പന്റെ ആരോഗ്യം ദിവസം ചെല്ലുന്തോറും മോശമായികൊണ്ടിരിക്കുന്നു. സംസാരിക്കാൻ വയ്യാതായി. അടുത്തയാഴ്ച ഞാനും വിക്രമും ഒരു കാശിയാത്രയ്ക്ക് പ്ലാൻ ഇട്ടിരുന്നു. രാം അപ്പൂപ്പനെ കണ്ട് യാത്ര പറയാൻ പോയി. വീൽചെയറിൽ ഇരുത്തിക്കൊണ്ട് ലിഫ്റ്റിൽ ഞങ്ങൾ സാന്ത്വനകേന്ദ്രത്തിന്റെ റൂഫ് ടോപ്പിലുള്ള ടെറസ്സിലേയ്ക്ക് പോയി. അവിടെ വച്ചു രാം അപ്പൂപ്പന് ഇഷ്ടപ്പെട്ട കാപ്പി ഉണ്ടാക്കിക്കൊടുത്തു. കുറച്ചു നേരം അവിടെയിരുന്നു കാറ്റുകൊണ്ട ശേഷം തിരിച്ച് രാം അപ്പൂപ്പന്റെ മുറിയിൽ കൊണ്ടുചെന്നാക്കി.

എന്നേയും വിക്രമിനേയും ചേർത്തുപിടിച്ച് ആദ്യത്തേയും അവസാനത്തേയും ആയ ആലിംഗനത്തിനും സ്നേഹ സമ്മിശ്രമായ ആ നിമിഷത്തിനു ശേഷം ഞങ്ങൾ യാത്ര പറഞ്ഞു. ഞങ്ങൾ വീട്ടിലേയ്ക്ക് തിരിച്ചു. യാത്രയിൽ മുഴുവൻ വിക്രം കരയുകയായിരുന്നു.

വിക്രമും ഞാനും കാശിയാത്രയിലായിരുന്നു. രാം അപ്പൂപ്പന്റെ ഒരു ബന്ധു ഒരു ഫോണിൽ വിളിച്ചിട്ടെന്നോടു പറഞ്ഞു. രാം അപ്പൂപ്പന് ഇനി നിമിഷങ്ങൾ മാത്രമേയുള്ളൂ. സംസാരശേഷി നഷ്ടപ്പെട്ടു. കുറച്ചു മിനിട്ടുകൾക്കു ശേഷം ഞങ്ങൾ വിചാരിച്ചു ഒരു വോയ്സ് മെയിൽ അയക്കാമെന്ന്. മോനേ, രാം അപ്പൂപ്പനോട് എന്തെങ്കിലും പറയൂ. ഞാൻ വിക്രമിനോട് മൊബൈൽ ഫോൺ ചൂണ്ടിക്കൊണ്ട് പറഞ്ഞു.

ഞാൻ എന്താണ് പറയേണ്ടത്. വിക്രം ചോദിച്ചു.

നിനക്ക് എന്താണ് പറയാനുള്ളത്.

എനിക്കറിയില്ല ഒരു നല്ല യാത്ര ഉണ്ടാകട്ടെ സുഖകരമല്ലാത്ത ഒരു ചിരിയോടെ വിക്രം മൊബൈൽ ഫോണിൽ പറഞ്ഞു. മെസ്സേജ് അയച്ചശേഷം വിക്രം പറഞ്ഞു. രാം അപ്പൂപ്പൻ അവിശ്വാസിയാണ് എങ്ങോട്ടും പോവില്ല.

രണ്ടു വർഷങ്ങൾക്കു ശേഷം വിക്രമിന്റെ അമ്മൂമ്മ മരിച്ചു. അമ്മൂമ്മയുടെ മരണവാർത്ത വിക്രം അതിന്റെ ലാളിത്യത്തോടെ സ്വീകരിച്ചു. രാം അപ്പൂപ്പനിൽ നിന്നും മരണത്തെപറ്റിയുള്ള വേണ്ടത്ര അറിവുകൾ അവന് ലഭിച്ചിരുന്നു. വിക്രമിന് ഉറക്കമില്ലാത്ത രാത്രികൾ ഇപ്പോൾ ഇല്ല. ഞായറാഴ്ചകളിൽ രാം അപ്പൂപ്പനുമായി ചിലവഴിച്ചശേഷം എല്ലാ അനിശ്ചിതത്വങ്ങളേയും ജീവിതയാഥാർത്ഥ്യമാക്കുവാൻ അവൻ പഠിച്ചു. മരണത്തെ ഇപ്പോൾ അവന് പേടിയില്ല. പക്ഷേ എന്തോ വലിയ ഒരാളെ പേടിയാണെന്ന് അവൻ സമ്മതിയ്ക്കുന്നു ആരാണത് അവൻ അവിശ്വാസിയാണെന്ന് എനിയ്ക്കുറപ്പില്ല. അവന്റെ ഫോണിൽ മരിച്ചുപോയ അവന്റെ അമ്മൂമ്മയ്ക്കുള്ള മെസ്സേജ് കണ്ടു.

അമ്മൂമ്മ ഇപ്പോൾ എവിടെയാണ്. ഞാൻ അവനോട് അതിനെപ്പറ്റി ചോദിച്ചപ്പോൾ അവൻ പറഞ്ഞതിങ്ങിനെയാണ്. എനിയ്ക്ക് ദുഖമുണ്ട്. അമ്മൂമ്മയെ നഷ്ടപ്പെട്ടു. പക്ഷേ ഇങ്ങിനെ ചെയ്യുമ്പോൾ എനിയ്ക്ക് കുറച്ചു സമാധാനം തോന്നും.

മറ്റേതു രക്ഷാകർത്താക്കളേയും പോലെ ഞാനും അവന്റെ മാനസികാഘാതങ്ങളെ നേർമ്മപ്പെടുത്താൻ ശ്രമിക്കാറുണ്ട്. അന്ധവിശ്വസങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കാറുമുണ്ട്. മരണത്തെപ്പററിയുള്ള ഭയം ഇല്ലാതാക്കാൻ ശ്രമിക്കാറുണ്ട്. മരിച്ചുപോയ അമ്മൂമ്മയ്ക്കുള്ളമെസ്സേജ് കണ്ടപ്പോൾ അവന് എന്തോ താളപ്പിശക് ഉണ്ടെന്ന് തോന്നിയിട്ടുണ്ട്. എന്നാൽ മനുഷ്യൻ മരിച്ചുപോയാലും മനസ്സുകളിൽ ജീവിച്ചിരിക്കും എന്ന് അവൻ മനസ്സിലാക്കിയിട്ടുണ്ടെന്ന് എനിയ്ക്കറിയാം- മനസ്സമാധാനത്തിനുള്ള ഏക വഴി അജ്ഞാതനായ ആ മഹാനെ പ്രാപിക്കുക മാത്രമാണെന്നും.

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2024 ഏപ്രിൽ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | സുധ മേനോൻ, സുധർമ്മ, അമ്പാടി ലെയിൻ, ചിറ്റൂർ റോഡ്, കൊച്ചി - 11 | 25,000/- |
| 2. | വത്സല ബി. മേനോൻ, KEJRA - 24 കൃഷ്ണസ്വാമി റോഡ്, എറണാകുളം | 25,000/- |
| 3. | പി. ജയരാമൻ, കട്ടിക്കാരൻ ടവർ, പ്രൊവിഡൻസ് റോഡ്, കൊച്ചി - 18 | 15,000/- |
| 3. | അശോക് കുമാർ. കെ, B-705, Purva Venezia, Sandeep Unnikrishnan Road, Bangalore -64 | 5,000/- |

# നാടകത്രയങ്ങൾ

കല്പകം സോമരാജൻ – 9895453072

*തുടർച്ച*

**സീ**താദേവി കുമാരന്മാരെ അശ്വമേധയാഗാശ്വവേധത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നു. വാല്മീകി മഹർഷിയാകട്ടെ ക്ഷണപത്രം കിട്ടിയിട്ടില്ലെങ്കിലും യാഗത്തിൽ പങ്കെടുക്കുവാൻ ലവകുശന്മാരുമൊത്ത് പോകുവാൻ തീരുമാനിക്കുന്നു. സീതയോടും കൂടെ ചെല്ലുവാൻ മുനി ആവശ്യപ്പെടുന്നുണ്ട്. രാമകഥ പാടി അയോദ്ധ്യാനിവാസികളെ കേൾപ്പിക്കുകയാണ് മഹർഷിയുടെ ലക്ഷ്യം. ഹോ! മനുഷ്യൻ എന്തൊരത്ഭുത സൃഷ്ടി. ജീവിതത്തിന്റെ നിഗൂഢവും സുന്ദരവുമായ അന്തർധാരകൾ ഈ വൃദ്ധമനസ്സിനെ ഭാവതരളമാക്കുന്നു. ഇതാണ് മഹാമുനിയുടെ ആത്മഗതം.

അവസാന അങ്കത്തിലും ബ്രാഹ്മണ മേധാവിത്വത്തിന്റെ വശ്യതയിൽ തമോവൃതമായിപ്പോകുന്ന അയോദ്ധ്യാമഹാരാജന്റെ ചെയ്തികളെ നിശിതമായി ചൂണ്ടികാണിക്കുന്ന സന്ദർഭങ്ങൾ ഏറെയാണ്.

ശ്രീ. ശ്രീകണ്ഠൻനായർ കാഞ്ചനസീത എഴുതുന്നത് 1958ലാണ്. നാടകകൃത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ കാഞ്ചനസീത എന്നെ ഏല്പിച്ച സാളഗ്രാമവും കൈയിലടക്കി നടക്കവെ വർഷവും ഗ്രീഷ്മവും ഏകതാളത്തിൽ താണ്ഡവമാടി. ആ താണ്ഡവത്തിന്റെ കളത്തിൽ നിന്നു വീണു കിട്ടിയ ചിലങ്കനാക്ക് ഒരു ത്രിത്വത്തെപ്പറ്റിയുള്ള മോഹമായിരുന്നു. അങ്ങനെ ഏതാണ്ട് പതിനാറു വർഷത്തിനു ശേഷമാണ് സാകേതം രൂപപ്പെടുന്നത്. ഒരു ശാപകഥയുടെ വിവിധ രീതിയിലുള്ള ആവിഷ്ക്കാരമാണ് സാകേതം എന്ന കൃതിയിൽ ഉടനീളം കാണുന്നത്. സ്വഹിതം സഫലീകരിക്കുവാൻ രാജാദശരഥൻ ഒരു കർമ്മപദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. ധർമ്മനിഷ്ഠയുടെ മഹത്വം രാജാവിനുപദേശിക്കേണ്ട കുലഗുരു വസിഷ്ഠമഹർഷി ഉൾപ്പെടെയുള്ള ബ്രഹ്മണ്യ വർഗ്ഗങ്ങൾ രാജാവിന്റെ ഈ പാപ ചിന്താധാരക്ക് കുട പിടിക്കുകയാണ് ചെയ്യുന്നത്. സ്വാത്മരക്ഷക്കോ സ്വയം സമാധാനത്തിനോ എന്തിനെന്നറിയില്ല ഭഗവത് ഗീതയിലെ

അഥ കേന പ്രയുക്തോ
പാപം ചരതി പൂരുഷ
അനിച്ഛിന്നപിവാർഷ്ണേയ
ബലാതിവ നിയോജിതഃ

എന്ന ഭഗവത് വാക്യത്തിന് സമാനമായാണ് രാജചിന്ത. ഇത് മഹാരാജാവ് പട്ടമഹിഷിയോടുള്ള സംഭാഷണത്തിലും നാടകാന്തത്തിൽ സൂത്രധാരനും പ്രതിപാദിക്കുന്നുണ്ട്. മനുഷ്യൻ ഇച്ഛിക്കുന്നില്ലെങ്കിലും ഏതോ അജ്ഞാതശക്തിയുടെ പ്രേരണയാൽ പാപപ്രവൃത്തികൾ ചെയ്തു പോകുന്നതാണെന്നും അതിന്റെ തിക്തഫലങ്ങൾ ജീവിതകാലത്തു തന്നെ അനുഭവിച്ചേ തീരൂ എന്നും ദശരഥ മഹാരാജാവ് കൗസല്യാദേവിയോടു പറയുന്നുണ്ട്.

സാകേതം എന്ന നാടകം തുടങ്ങുന്നതുതന്നെ പഴയ കാല നാടകാനുസാരം സൂത്രധാരൻ പ്രവേശിച്ച് കഥാഭാഗങ്ങൾ സദസ്സിനു പരിചയപ്പെടുത്തുന്നതിലൂടെയാണ്. ദശരഥമഹാരാജാവുൾപ്പെടെ പ്രധാന കഥാപാത്രങ്ങളെല്ലാം ഇവിടെ വിവക്ഷിക്കപ്പെടുന്നു. തുടർന്നുള്ള സംഭാഷണങ്ങളിൽ യുവരാജാവ് ശ്രീരാമചന്ദ്രൻ നാളെ കോസലത്തിൻെറ കിരീടമണിയും എന്ന അത്യാഹ്ലാദം അന്തഃപുരത്തിലും അരമനയിലും ഓളം തല്ലുന്നതു കാണാം. എന്നാൽ രാമൻ ലോകാഭിരാമൻ തന്നെ. പക്ഷെ ഈ ലോകാരാധന എന്നും നിലനിർത്താൻ കഴിയുമോ? ഒരു പക്ഷെ രാമന്റെ പരീക്ഷണം അതായിരിക്കാം എന്ന വസി

ഷ്ഠമഹർഷിയുടെ സൂചനയിൽ ദു:ഖസൂചന ഒളിഞ്ഞിരിക്കുന്നു എന്നും വായിക്കാം. അതു പോലെ രംഗവാസികൾ തമ്മിലുള്ള സംഭാഷണത്തിൽ മഹാരാജാ ദശരഥന്റെ ശപഥവും രാജശിരസ്സിലേറ്റിയിട്ടുള്ള ശൂർദ്രമുനിയുടെ ശാപവുമെല്ലാം വിവക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ നാമിന്നു കർത്തവ്യം മറന്നു മദിച്ചു പോകുന്നു എന്നാണ് രാജാവ് പറയുന്നത്.

എന്നാൽ അടുത്ത് അങ്കം രാമാഭിഷേകത്തിനുള്ള സൂചനകൾ നൽകികൊണ്ടാണ് ആരംഭിക്കുന്നത് മന്ഥര എന്ന കഥാപാത്രത്തിന്റെ വാക്കുകൾ അത്രക്കു രൂക്ഷമാണ്. ഭാഗ്യംകെട്ട് കേകയപുത്രീ നിന്റെ കമിതാവ് ആ കളിക്കിടാവ് ആ വൃദ്ധൻ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പുത്രനെയും വഞ്ചിച്ചു എന്നാണ് മന്ധര പറയുന്നത്. മസ്തിക്കപ്രക്ഷാളനത്തിലൂടെ മന്ധര കൈകേയിയെനിക്കനുകൂലമാക്കുന്നു. മഹാരാജാ ദശരഥനോട് തനിക്കർഹതപ്പെട്ട വരം ചോദിച്ചു വാങ്ങാൻ കൈകേയി തയ്യാറാകുന്നു. തനിക്കു സ്വന്തമായുള്ള സൗന്ദര്യാതിരേകത്തിലും ചടുവചനങ്ങളാലും ദശരഥമന്നനെ ഉന്മത്തനാക്കുന്നു. ആ ഉന്മാദാവസ്ഥയിൽ എന്തും തന്റേതായ എന്തും പ്രാപ്രേയസിക്കുമുന്നിൽ സമർപ്പിക്കാൻ കാത്തു നില്ക്കുന്ന രാജാവിനോട് കേകയപുത്രി വരം ആവശ്യപ്പെടുന്നു. രാമചന്ദ്രനെ പതിനാലു വർഷം വനവാസത്തിനു അയക്കാൻ, ഭരതകുമാരന് രാജകിരീടം നൽകുവാൻ ഇതാണ് ആവശ്യപ്പെടുന്നത്. ക്ഷുഭിതനും ഹതാശയ നുമായ ഭൂപതി രാക്ഷസീയെമെന്നലറുകയാണ് ഈ നിമിഷത്തിൽ. എന്നാൽ ദേവിയും രാക്ഷസിയും തമ്മിൽ അല്പമെങ്കിലും അകലം വേണ്ടേ എന്ന് പുച്ഛസ്വരത്തിൽ പ്രതിവചിക്കുകയാണ് കൈകേയി. വിവശനായ മഹാരാജാവ് താൻ കേകയപുത്രിക്കു നൽകിയിട്ടുള്ള രാജശുല്ക്ക പ്രതിജ്ഞയെ ശ്രീരാമചന്ദ്രനെ അറിയിക്കുന്നു. ഭരതൻ നാടുവാഴട്ടെ നീ കാനനം ധന്യമാക്കട്ടെ. ഇതാണ് ഈ നാടകീയത നിറഞ്ഞു നില്ക്കുന്ന ഈ ഭാരതത്തിലെ ദശരഥ വാക്യം മന്ത്രി സുമന്ദ്രർ കൂസലെന്യേ സ്ഥാനം മറന്ന് ഭഗവതി ഭർത്തൃഘാതകിയും കുലഘാതകിയും ആണെന്നാണ് കൈകേയിയെ അപലപിക്കുന്നത്. രാമകുമാരനാകട്ടെ വളരെ ശാന്തതയോടെ അമ്മയുടെ ഇംഗിതം ശിരസാവഹിക്കുവാൻ തയ്യാറെടുക്കുന്നു.

എന്നാൽ ഈ സന്ദർഭത്തിൽ അല്പമായ ഈർഷ്യ ഭരതനോടു തോന്നുന്ന രീതിയിലുള്ള അന്തർഗതങ്ങൾ ശ്രീരാമചന്ദ്രവചസ്സുകളിൽ ധ്വനിക്കുന്നുണ്ട്. എന്നാൽ വിധി അതിന്റെ നിയതമായ പാതയിൽകൂടിയേ സഞ്ചരിക്കൂ എന്ന് സീതാദേവി രാമചന്ദ്രനെ ആശ്വസിപ്പിക്കുന്നതും കേൾക്കാം. തന്നെ അനുഗമിക്കുന്നതിൽ നിന്ന് സീതാദേവിയെ തടയുന്ന രാമനോട് ഉഴവുചാലിൽ പിറന്നവൾക്ക് ഒരു പക്ഷെ മണിയറയെക്കാൾ പ്രിയം കാട്ടരുവിയുടെ തീരമായിരിക്കും എന്ന് സീത പറയുന്നു. അങ്ങയുടെ നിഴലായി ഞാനും കാണും. ഇതാണ് സീതാഹിതം. വനയാത്രയ്ക്കൊരുങ്ങിയ കുമാരൻമാർക്ക് ധരിക്കുവാനായി മരവുരിയുമായി കൈകേയി എത്തുന്നു. കുമാരൻമാർ, വിശിഷ്യ സീത എന്തിനായി വല്ക്കലം ധരിക്കണം എന്ന് ക്ഷോഭിച്ച് ചോദ്യം ചെയ്യുന്ന വസിഷ്ഠമഹർഷിയുടെ വാക്കുകളുടെ മുന ഒടിയും പ്രകാരമുള്ള യുക്തികളാണ് കൈകേയിയുടെ ഭാഷണങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. യാത്രാ മുഹൂർത്തമടുത്ത സമയത്തും രാജാവ് ഇഷ്ടപത്നിയോട് അവസാന വാക്കായി നാം അപേക്ഷിക്കുന്നു രാമൻ കാടുവാഴുവാനുള്ള കല്പന ഇളക്കുകയില്ലേ എന്ന എത്രയും ഹൃദയദ്രവീകരണമായ വാക്കുകൾ നാടകമുഹൂർത്തങ്ങളെ അതിന്റെ അത്യുന്നതിയിൽ എത്തിക്കുകയാണ് ചെയ്യുന്നത്. നാടകാന്ത്യത്തിൽ ഇത്തരം അനേക സന്ദർഭങ്ങളുണ്ട്. ആത്മബന്ധത്തിന്റെ ചോരയിൽ കുതിർന്ന കിരീടം ഒരു ഇക്ഷ്വാകുവിന്റെ ശിരസ്സിനു ചേരുകയില്ല. കിരീടത്തിന്റെ ഭാരം ഭരതനും കാടിന്റെ ഭംഗി രാമനും അനുഭവിച്ചു

കൊള്ളും. പതിന്നാലു വർഷം പിന്നിട്ടാൽ തങ്ങൾ അയോദ്ധ്യയിൽ മടങ്ങിയെത്തും. ശ്രീയും കീർത്തിയും വർദ്ധിച്ച സാകേതം അന്ന് ഈ കിടാങ്ങളെ സ്വീകരിക്കുമാറാകട്ടെ. ഇത് രാമകുമാരന്റെ വിടവാങ്ങൽ സമയത്തുള്ള സംഭാഷണങ്ങളാണ്. നാടാന്ത്യം അതിദാരുണമായ മുഹൂർത്തങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. ഇതിനിടെ സൂത്രധാരൻ പ്രത്യക്ഷപ്പെട്ട് അയോദ്ധ്യക്കു മേൽ പതിപ്പിച്ചിട്ടുള്ള ഇടിവാളിന്റെ നിജസ്ഥിതി സഭാവാസികളെ ഉത്ബോധിപ്പിക്കുന്നു. ഇരുളുന്ന രംഗം പ്രഭാപൂരിതമാകുമ്പോൾ അയോദ്ധ്യാധിപന്റെ പരസ്പരബന്ധമില്ലാത്ത ജല്പനങ്ങളാണ് കേൾക്കുന്നത്. ഭരതകുമാരനെ അഭിഷേകം ചെയ്യുവാനുള്ള ഒരുക്കങ്ങൾ കൂട്ടാനും ആജ്ഞാപിക്കുന്നുണ്ട്. മുഖം കാണിക്കുവാനെത്തുന്ന സതീർത്ഥ്യനായ ഗുഹനെ കെട്ടിപുണർന്ന് മനസ്സിനെ ആദ്രമാക്കുന്ന ഒരു സ്വരമെങ്കിലും തനിക്ക് നൽകൂ എന്ന് യാചിക്കുകയാണ് മഹാരാജാവ്. വനത്തിലേക്കു പോയ തന്റെ ഓമനകളെ അനുഗമിച്ച് തിരിച്ചെത്തിയ മന്ത്രിയോട് യാത്രാവിശേഷങ്ങൾ തിരക്കുന്നുണ്ട്. അന്ധദമ്പതികളുടെ വിലാപവും അവർ കത്തിയെരിയുന്ന ചിതയും കൺമുന്നിൽ കാണുന്നതായി പുലമ്പുന്നു. പൂർവാധികം തളർന്ന രാജമാനസം സ്വമൃത്യുചിന്തകളിലേക്കു വഴി തിരിയുന്നു. മുന്നിൽ വെളിച്ചം തീരെയില്ല എന്നു പുലമ്പുന്ന രാജാവ് കൗസല്യാദേവിയുടെ കരം ഗ്രഹിച്ച് മുന്നോട്ടു നീങ്ങുന്നു. എന്നാൽ അന്ത്യയാത്രയിൽ കൗസല്യാ കരങ്ങളും ഉപേക്ഷിക്കുന്നു. രാജ്ഞിയോട് നില്ക്കുവാൻ ആജ്ഞാപിക്കുന്നു. അയോദ്ധ്യാധിപന്റെ അവസാനത്തെ ആജ്ഞ അതാണ് രാജകല്പനം. ഔന്നത്യം പാലിക്കുന്ന നാടക മുഹൂർത്തം. അന്ത്യയാത്രയിൽ ആരായാലും ഏകനായി തീരുന്നു എന്ന വ്യംഗ്യം. മഹാവിഷ്ണോ ഇപ്പോൾ എല്ലാം വ്യക്തമായി കാണുവാൻ കഴിയുന്നു. എന്റെ സൂര്യൻ, അണയാത്ത സൂര്യൻ എന്തൊരു വിസ്തൃതശാന്തി. ഇഹത്തിലെ ബന്ധങ്ങളറ്റ ഒരു ജീവന്റെ അവസാന വാക്യം. ശ്രേഷ്ഠമായ നാടക മുഹൂർത്തം. ഈ സമയം സൂത്രധാരൻ പ്രവേശിച്ച് കഥാന്ത്യം പറയുന്നു. ദശരഥമഹാരാജൻ മൃത്യുവിനു കീഴടങ്ങി എന്നു പ്രസ്താവിക്കുന്നു.

ശ്രീകണ്ഠൻ നായരുടെ രാമായണകഥാധിഷ്ഠിതങ്ങളായ നാടകത്രയങ്ങളിൽ രണ്ടാമത്തെ നാടകമാണ് ലങ്കാലക്ഷ്മി. കാഞ്ചന സീതയുടെ രചനക്കു ശേഷം പതിനാറുവർഷം കഴിഞ്ഞാണ് ലങ്കാലക്ഷ്മി പ്രത്യക്ഷപ്പെടുന്നത്. ലങ്കാലക്ഷ്മിയിൽ രാമായണത്തെയല്ല രാവണായനത്തെയാണ് നാടകകൃത്ത് കാട്ടിതരുന്നത്. ചലനമായാണ് ആദ്യം വന്നത്. എന്ന് സീത ഉത്തരാങ്കത്തിൽ ഹനുമാനോടു പറയുന്നുണ്ട്. ഈ പ്രസ്താവം അന്വർത്ഥമാം വിധം നാടകീയത തുളുമ്പുന്ന സന്ദർഭങ്ങളാണ് ഈ നാടകത്തിൽ ഉടനീളം കാണുന്നത്. രാവണായനത്തിലെ ഓരോ സംഭവങ്ങളും ചലനാത്മകങ്ങളും സംഘട്ടനപ്രധാനങ്ങളുമാണ്. സർവനാശം മുന്നിൽ കാണുമ്പോഴും ആ നാശത്തേയും അഭൗമമായ വിജയമാക്കി മാറ്റുന്ന രാവണപ്രഭാവത്തെയാണ് രാവണായനത്തിൽ വായനക്കാരൻ കാണുന്നത്. കാലാനുസൃതമായ നിരീക്ഷണവ്യതിയാനങ്ങൾ നാടകത്തിലൂടെ സഞ്ചരിക്കുമ്പോൾ കാണാം. എന്നാൽ അതൊന്നുമല്ല ചലനാത്മകമായ നാടകീയ മുഹൂർത്തങ്ങളെ സൃഷ്ടിക്കുകയാണ് ഈ കൃതിയിൽ ഗ്രന്ഥകർത്താവ് ചെയ്യുന്നത്. ദുരന്തമഹിമ ആവാഹിക്കുന്നതിലും അനാച്ഛാദനം ചെയ്യുന്നതിലുമാണ് ലങ്കാലക്ഷ്മി എന്ന നാടകം വിജയം കണ്ടെത്തുന്നത്. രണ്ടാം രാക്ഷസസാമ്രാജ്യത്തിന്റെ സൃഷ്ടാവും രക്ഷിതാവും കഥാന്ത്യത്തിൽ നാശകർത്താവുമായി ഭവിക്കുന്ന രാവണരാജന്റെ കഥാമുഹൂർത്തങ്ങളാണ് ലങ്കാലക്ഷ്മിയിൽ വിവരിക്കുന്നത്. ലങ്കാപുരിയുടെ അധീശന്മാരായി വാണിരുന്ന മാല്യവാൻ, വിരൂപാക്ഷൻ, പ്രഹസ്തൻ, വിഭീ

ഷണൻ, കുംഭകർണ്ണൻ, രാവണതേജിസ്സിനേയും അസ്തപ്രഭമാക്കാൻ പോന്ന ധീരയശസ്വിയായ മേഘനാഥൻ തുടങ്ങി വലിയൊരു രാക്ഷസനിരതന്നെ ഈ നാടകത്തിൽ അണിനിരക്കുന്നുണ്ട്. രാവണന്റെ ധർമ്മപത്നിയും ഒപ്പം ഗുരുവുമായ മണ്ഡോദരി, സീത, രാമഭക്തനായ ഹനുമാൻ തുടങ്ങിയ അനേക കഥാപാത്രങ്ങൾ തങ്ങളുടെ പ്രൗഢസാന്നിത്യത്താൽ മിഴിവുറ്റതാക്കുന്നു ലങ്കാലക്ഷ്മി എന്ന നാടകകൃതിയെ. അദ്ധ്യാത്മരാമായണ കഥയിൽ രാമഭക്തിയുടെ പ്രാമുഖ്യത്തിൽ മുങ്ങിപ്പോയ ലങ്കാചരിത്രവും രാക്ഷസപ്രഭാവവും ശ്രീകണ്ഠൻനായരുടെ കൃതികളിൽ പൂർണ്ണാവിഷ്ക്കാരം നേടിയിരിക്കുന്നു. പൂർവാങ്കത്തിൽ ഹനുമാന്റെ ലങ്കാപ്രവേശവും ലങ്കാലക്ഷ്മീ മോക്ഷവുമാണ് പ്രതിപാദ്യം. ശ്രീരാമഭക്തൻ ലങ്കയിൽ കാലുകുത്തുന്നതോടെ ലങ്കയുടെ ഐശ്വര്യ അതായത് ലക്ഷ്മി അപ്രത്യക്ഷമാകുന്നു. എന്ന് വിവക്ഷിക്കാൻ ലങ്കാനാശം ആരംഭിച്ചു എന്നു ചുരുക്കം.

ഒന്നാമങ്കത്തിൽ പ്രധാനമായും ഇന്ദ്രജിത്തിന്റെ അസഹിഷ്ണുതയാണ് പ്രതിപാദിക്കുന്നത്. മാതുലന്മാർ, അച്ഛൻ, രാവണന്റെ സഹോദരന്മാർ തുടങ്ങി പിതൃതുല്യരായ എല്ലാ ശ്രേഷ്ഠരോടും മേഘനാഥൻ തന്റെ ചിന്താധാര തുറന്നു പറയുന്നു. ലങ്ക ഇന്നൊരു പടു കിഴവിയാണ് എന്നാണ് മേഘനാഥൻ പറയുന്നത്. ലങ്കയുടെ ശ്രേയസ്സിനായി യുദ്ധതന്ത്രം തന്നെ പുനർചിന്തനം ചെയ്യണമെന്ന വസ്തുത ഇന്ദ്രജിത്ത് സഭമുമ്പാകെ വെയ്ക്കുന്നു. ലങ്കയുടെ പൂർവ്വചരിത്രവും മാതാക്കളായി എത്തിയിട്ടുള്ള ഇതര അമ്മമാരുടെ വംശീയ പാരമ്പര്യങ്ങളുമെല്ലാം സഭയിൽ സംസാരവിഷയമാകുന്നു. ഇത് നാടകീയ മുഹൂർത്തങ്ങൾക്ക് മാറ്റുകൂട്ടുന്നു. ഉപവനത്തിൽ പാർപ്പിച്ചിരിക്കുന്ന രാമപത്നിയെ രാമനു തിരിച്ചേൽപിക്കുക, അതായത് വധിച്ച് രാമസന്നിധിയിൽ എത്തിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഈ സംഭാഷണം നടക്കെ ലങ്കക്ക് എന്നും അഭിമാനസ്തംഭമായി പരിലസിക്കുന്ന താഴികക്കുടം ഒടിഞ്ഞു നിലം പതിക്കുന്നു. അശുഭസൂചന ഇത്ര വലിയൊരു ശബ്ദം ഇതിനുമുമ്പൊരിക്കലും ലങ്കയിൽ കേട്ടിട്ടില്ല എന്നാണ് രക്ഷസപ്രമുഖർ പറയുന്നത്. വിഷ്ണുവിന്റെ അവതാരമാണ് രാമൻ എന്നു പറയപ്പെടുന്നു എന്ന് വിരൂപക്ഷൻ ഈ സമയം പറയുന്നുണ്ട്. സീതാനിഗ്രഹം രാമലക്ഷ്ണന്മാരുടെ ശക്തി ക്ഷയിപ്പിക്കുമെന്ന് ഒരു വിഭാഗം അഭിപ്രായപ്പെടുമ്പോൾ ജീവിത ജ്ഞാനം നേടിയവർ പറയുന്നത് അവർ പൂർവാധികം ശക്തിയോടെ തിരിച്ചടിക്കുമെന്നതാണ്. ഇവിടെ രാവണ പ്രഭാവം ഉയർത്തികാട്ടുന്നു. നാടക കൃത്ത് മൂവുലകങ്ങളിൽ അമൂല്യമായി ഏതൊന്നുണ്ടോ അതു ലങ്കയിലുണ്ടാവണം പുഷ്പകവിമാനം, ബ്രഹ്മാവിന്റെ പോർചട്ട, സദാശിവന്റെ ചന്ദ്രഹാസം തുടങ്ങി സമസ്തസൗന്ദര്യങ്ങളും സൗഭാഗ്യങ്ങളും സമ്പൽപ്രൗഢികളും സീതയും അതു ലങ്കക്കു തന്നെ വേണം. രാവണൻ സ്ത്രീജിതനല്ല മറിച്ച് ശ്രീജിതനാണ് എന്നാണ് ഉറക്കെ പ്രസ്താവിക്കുന്നത്.

ഇതിൽ നിന്നെല്ലാം ഭിന്നമായി ലങ്കയിൽ കേൾക്കുന്ന ഒരേ ഒരു ശബ്ദം വിഭീഷണന്റേതാണ്. രാമഭക്തനായ വിഭീഷണൻ പല രീതിയിലും രാവണനെ പിൻതിരിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. വിഭീഷണന്റെ ചിന്താധാരകളെ രാവണൻ പുച്ഛിച്ചു തള്ളുന്നു. എന്നാൽ ജീവിക്കുവാൻ മാത്രമല്ല മരിക്കുവാനും ഒരു മൂല്യമുണ്ടാവണമെന്നു പറഞ്ഞ് രാജ്യനിരാസത്തിനൊരുങ്ങുന്ന വിഭീഷണനോട് നീ ആരെ പിരിയുന്നു. നിന്റെ കൂടപ്പിറപ്പിനെ, നിന്റെ സർവസ്വവും എന്നാൽ ജീവനോടെ പൊയ്കൊള്ളുവാൻ നാം അനുവദിക്കുന്നു എന്നാണ് രാവണൻ പറയുന്നത്. വിഭീഷണന് രാജ്യമോഹമാണ് എന്നു തുടങ്ങിയ ഇതരരുടെ അഭിപ്രായങ്ങളൊന്നും രാവണൻ ചെവികൊള്ളുന്നില്ല. ആ കറമ്പിതള്ളയുടെ ഉദരത്തിൽ കിടന്നു നീയും ഇച്ഛാനുസാരം പെ

ായ്ക്കൊൾക എന്നാണ് രാവണന്റെ ആജ്ഞ. ഈ ഭാഗങ്ങളിലൊക്കെ രാവണ രാജാവിന്റെ വ്യക്തി പ്രഭവത്തിൽ ഒരു പൊൻതൂവൽകൂടെ കുത്തുകയാണ് നാടക കർത്താവ്.

രണ്ടാമങ്കത്തിൽ യുദ്ധപ്രസ്താവനകളാണ്. യുദ്ധമുഖത്ത് രാവണൻ തേർത്തട്ടിൽ തളർന്നു നില്ക്കുന്ന സന്ദർഭമുണ്ട്. ഇത് വിഭീഷണൻ തനിക്കു നേരെ ആയുധം പ്രയോഗിക്കുമ്പോഴാണ്. ഓർക്കാപ്പുറത്തുള്ള ഈ ആക്രമണം രാജാവിനെ ഒരു നിമിഷം ചിന്താധീനനാക്കി എന്നാണ് നാടകകൃത്ത് സൂചിപ്പിക്കുന്നത്. ഒരു വംശത്തിനെ നശിപ്പിക്കാൻ ആ വംശത്തിനേ കഴിയൂ എന്നാണ് ഇവിടെ രാവണഭാഷിതം. ഭാവോജ്ജ്വമായ നാടകീയ മുഹൂർത്തങ്ങളാണ് ഇവയെല്ലാം. മറ്റൊരു മുഹൂർത്തം യുദ്ധം ലങ്കയിൽ നടക്കുന്നതിനാൽ തന്റെ പ്രാണപ്രേയസി മണ്ഡോദരി രാവണനെ ശുശ്രൂഷിക്കാൻ എത്തുന്നതാണ്. വീണയിൽ ഹൃദയാർദ്രരാഗങ്ങളാലപിച്ച് ഭർത്താവിനെ സന്തോഷിപ്പിക്കുന്ന മണ്ഡോദരി സ്വാതന്ത്ര്യമെടുത്ത് ബാലികയായ സീതയെ മോചിപ്പിക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. രാവണമാതാവിന്റെ ഹിതവും ഇതു തന്നെയാണെന്ന് അവർ പറയുന്നുണ്ട്. എന്നാൽ രാവണൻ പറയുന്നത് പ്രിയപ്പെട്ട സഖീ നാം നിന്നെ അനുസരിക്കേണ്ടതാണ്, മോഹവുമുണ്ട്. പക്ഷെ നാം സാഹചര്യങ്ങളുടെ തടവറയിലാണ്. ഇനി നാം സീതയെ വിട്ടയച്ചാൽ പടയിൽ തോറ്റു എന്നാണർത്ഥം. അതുപോലെ സഹോദരർ ഉൾപ്പെടെ ഓരോ പോരാളിയുടെ ഇഷ്ടത്തിലും രാവണ ചേഷ്ടിതങ്ങൾ നാടകയീത നിറഞ്ഞു നില്ക്കുന്നതാണ്. വിഭീഷണപത്നി സരമയെ ആശ്വസിപ്പിച്ച് മണ്ഡോദരിയുടെ അടുത്തേക്ക് അയക്കുകയാണ് രാവണൻ ചെയ്യുന്നത്. അതുപോലെ സുപാർശ്വനോട് ചങ്ങാതീ പറയൂ നമ്മുടെ ജീവിതം പാഴായോ എന്നു രാവണൻ തന്റെ ചങ്ങാതിയോട് ഹൃദയം തുറക്കുന്ന സന്ദർഭമുണ്ട്. ഇതെല്ലാം രാവണന്റെ വ്യക്തിപ്രഭാവത്തിന് മുതൽ കൂട്ടായ സന്ദർഭങ്ങളാണ്. ധീരരായ പലരും യുദ്ധത്തിൽ മരിച്ച വാർത്തയറിയുമ്പോഴും നാം ഏകനെങ്കിലും തന്റെ കരുത്തും ഓജസ്സും ഒട്ടും ക്ഷയിച്ചിട്ടില്ല എന്നാണ് രാജാവ് പറയുന്നത്. പ്രിയപുത്രൻ രാക്ഷസവംശത്തിന് നെടുംതൂണായ മേഘനാഥൻ യുദ്ധമുഖത്തേക്കു തിരിക്കുവാൻ നിശ്ചയിക്കുന്ന സമയത്ത് മണ്ഡോദരിയും എത്തിചേരുന്നത് നാടക മുഹൂർത്തത്തിന് മാറ്റുകൂട്ടുന്നു. മാതാപിതാക്കൾ പുത്രനെ അനുഗ്രഹിച്ചു യാത്രയാക്കുന്നു. യുദ്ധഗതികൾ അനുനിമിഷം ശ്രദ്ധിച്ചു പഠിച്ച് അസ്വസ്ഥനായി ഉലാത്തുന്ന രാവണനെയാണ് ഇനിയും കാണുന്നത്. അന്ത്യത്തിൽ അതും സംഭവിക്കുന്നു. ഓമന പുത്രന്റെ വിയോഗം. ഓമനേ...ഈ മുഹൂർത്തത്തിൽ നാം കരയുവാൻ പാടില്ല എന്ന് കൈയെടുത്ത് മണ്ഡോദരിയെ തഴുകി ആശ്വസിപ്പിക്കുന്ന രാജാവിനെയാണ് നാം കാണുന്നത്. ഉജ്ജ്വലമുഹൂർത്തം കൈയെടുത്ത് കൂപ്പേണ്ട രാവണ വ്യ്കതിത്വം ഇവിടെയും കരയാതെ തന്റെ വാക്കുകൾകൊണ്ട് പ്രിയപ്തനി രാവണനെ ഉത്തേജിപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങേക്ക് അങ്ങുതന്നെയാണ് കാവൽ. അതിനാൽ വിജയം കാംക്ഷിച്ചു മുന്നേറുക ഇതാണ് പ്രിയസഖിയുടെ ആശിസ്സുകൾ. അങ്ങ് പൊട്ടാത്ത മാർ ചട്ട അണിയൂ. രാവണ രാജാവിന്റെ ജൈത്രയാത്രകൊണ്ട് ഇവൾ കൺകുളിർക്കട്ടെ. എന്ന് പറഞ്ഞ് ഹോമപൂർത്തീകരണത്തിനായി നികുംഭി എന്ന ഗുഹയിലേക്ക് രാജാവിനെ പ്രവേശിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അംഗദൻ മണ്ഡോദരിയെ ആക്രമിച്ചു പിടിച്ചുകൊണ്ടു പോകുന്നതോടെ രാവണന്റെ യാഗം മുടങ്ങുന്നു. യാഗശാലയിൽ നിന്നു പുറത്തെത്തുന്ന രാവണൻ പോർച്ചട്ട അണിയുന്നു. മണ്ഡോദരിയുടെ രക്തം കൊണ്ടു തിലകം ചാർത്തി പടക്കിറങ്ങുന്നു. മകനേ ജയിച്ചു വാ എന്ന് മല്യവാൻ രാവണനെ അനുഗ്രഹിച്ചയക്കുന്നു.

*****

# തീർത്ഥയാത്ര

പത്മജ മേനോൻ – 8289887472

എല്ലാവരും കയറിയോ...? ഗൈഡ് വിളിച്ച് ചോദിച്ചപ്പോഴാണ് താൻ ചിന്തയിൽ നിന്നുണർന്നത് ഇനി ബസ്സ് യാത്രയാണ് വർഷങ്ങളോളമായി താൻ കാണാൻ കൊതിച്ചിരുന്ന അവിടെ എത്തണം അവിടെ എത്തിയെ മതിയാകൂ എന്നു താൻ തീരുമാനിച്ചുറച്ചു ഋഷികേശിലേക്കുള്ള യാത്ര. തൊട്ടടുത്ത് സീറ്റിൽ ഇരിക്കുന്ന ആളെ ശ്രദ്ധിച്ചപ്പോൾ യാത്ര തുടങ്ങിയതു മുതൽ അയാൾ ഇയർഫോണിൽ എന്തോ കേട്ടുകൊണ്ടിരിക്കുകയാണ്. തന്നെ പോലെ അയാളും എന്തോ ഗഹനമായ ചിന്തയിലാണെന്നു തോന്നുന്നു. പെട്ടെന്നാണ് ആകെ ഒരു ബഹളം വണ്ടി നിറുത്തൂ എന്നു പറഞ്ഞ് ഒരാൾ ഉറക്കെ വിളിച്ചു പറയുന്നു അയാളുടെ കൂടെ വന്ന പ്രായമായ ഒരാൾ നെഞ്ചിൽ കൈവെച്ച് വേദനകൊണ്ട് പുളയുന്നതു കാണാം. തന്നിലുള്ള ഡോക്ടർ സടകുടഞ്ഞ് എഴുന്നേറ്റു ഓടി പോയി പരിശോധിച്ചു. അപ്പോഴാണ് ഇയർഫോൺ എല്ലാം മാറ്റി അയാൾ രോഗിയുടെ അടുത്ത് എത്തിയത്. ഗൈഡ് വിളിച്ചു പറയുന്നുണ്ടായിരുന്നു. അമ്മാ––മാറുങ്കോ ഇത് പെരിയ കാർഡിയോളജിസ്റ്റ് ഡോ. ഹരിശങ്കർ താൻ അത്ഭുതത്തോടെ നോക്കി. ഇന്ത്യയിൽ അറിയപ്പെടുന്ന കാർഡിയോളജിസ്റ്റാണ്. ഒരു സ്വകാര്യ ഹോസ്പിറ്റലിലാണ് ജോലി ചെയ്യുന്നത് എന്നെല്ലാം കേട്ടിട്ടുണ്ട്. ഇപ്പോഴാണ് നേരിൽ കാണുന്നത്. ഇനി ഭയമേ വേണ്ടയ് ഇന്ത ഡോക്ടറുടെ പക്കത്ത് എത്തിയാൽ താനെ, എല്ലാമെ ശരിയായി വരുവെ, ഇന്ത ഡോക്ടർ കടവുൾ മാതിരി. ഗൈഡ് തന്റെ ഭാഷയിൽ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. പെട്ടെന്ന് അടുത്തുള്ള ഹോസ്പിറ്റലിൽ എത്തിക്കൂ എന്നു ഡോ. ഹരിശങ്കർ പറഞ്ഞപ്പോൾ വണ്ടി വേഗത്തിൽ തന്നെ ഹോസ്പിറ്റലിൽ എത്തിച്ചു. അവിടെയുള്ളവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി കുറച്ചു മണിക്കൂറുകൾക്കു ശേഷം ഡോക്ടർ തിരിച്ചു വന്നു. ഇനി ഭയപ്പെടാനില്ലാ എന്നു പറഞ്ഞ് സീറ്റിൽ വന്നിരുന്നു. അപ്പോൾ താൻ സ്വയം പരിചയപ്പെടുത്തി ഞാനും ഒരു ഡോക്ടറാണ്. ഗൈനക്കോളജിയാണ് ഗവർമെന്റ് സർവ്വീസ് എന്നു പറഞ്ഞപ്പോൾ ആ മുഖത്ത് കഷ്ടപ്പെട്ട് ഒരു ചിരി വരുത്തുന്നുണ്ടായിരുന്നു. പിന്നീട് താൻ ഉറക്കത്തിൽ വീണുപോയി. ഹലോ... ഡോക്ടർ എന്നു പറഞ്ഞ് തന്നെ തൊട്ടുവിളിച്ചപ്പോൾ താൻ ഞെട്ടി ഉണർന്നു ഡോക്ടർ ഹരിശങ്കറാണ് വിളിക്കുന്നത് ക്ഷമിക്കണം 'എന്താ ഡോക്ടറുടെ പേര്' എന്നു ചോദിച്ചപ്പോൾ സത്യത്തിൽ തനിക്കു ദേഷ്യം വന്നു. പേര് ചോദിക്കുവാനാണോ ഇദ്ദേഹം തന്നെ തൊട്ടുണർത്തിയത്...? താൻ അല്പം നീരസത്തോടെ പറഞ്ഞു 'ദേവിക' എന്ന്. ഡോ. ഹരിശങ്കർ ചോദിച്ചു 'എനിക്ക് ദേവികയുടെ ഫോൺ ഒന്നു തരാമോ...? എന്റെ ഫോണിന്റെ ചാർജ്ജ് കഴിഞ്ഞിരിക്കുന്നു. ഒന്ന് അത്യാവശ്യമായി നെറ്റ് നോക്കണമായിരുന്നു' എന്നു പറഞ്ഞപ്പോൾ താൻ തന്റെ ഫോൺ കൊടുത്ത് വീണ്ടും പാതി മയക്കത്തിലായി ചാഞ്ഞ് കിടന്നു. കുറെ നേരം കഴിഞ്ഞ് ഉണർന്നപ്പോൾ തന്റെ ബാഗിന്റെ മുകളിൽ ഫോൺ വെച്ചിട്ടുണ്ട് ഡോ. ഹരിശങ്കറും നല്ല ഉറക്കത്തിലാണ്. താമസിയാതെ ഞങ്ങൾ ഋഷികേശിൽ എത്തി. എല്ലാവർക്കും ഉത്സാഹമായി. ക്ഷേത്രദർശനം മാത്രമല്ല അവിടെത്തെ ക്ഷേത്രത്തിൽ മോഹിനി മാതയുടെ പ്രഭാഷണം ഉണ്ട്. അത് കേൾക്കണം ഗൈഡ് വിളിച്ച് പറയുന്നുണ്ടായിരുന്നു. മോഹിനിമാതായുടെ spiritual talk പ്രമാദമായിരിക്ക് ഉങ്കളുടെ നാട്ടുകാരി താൻ. മലയാളി പാലക്കാട്ടുകാരി മലയാളവും തമിഴും കലർന്ന

ഗൈഡിന്റെ സംസാരം കേൾക്കാൻ നല്ല രസമുണ്ട്. ക്ഷേത്രദർശനം കഴിഞ്ഞ എല്ലാവരും പ്രഭാഷണം കേൾക്കാനായി ഹാളിൽ എത്തി. ഭക്തരുടെ ഇടയിലൂടെ നടന്നു വരുന്നു മോഹിനിമാതാ എല്ലാവരും എഴുന്നേറ്റപ്പോൾ താനും അറിയാതെ എഴുന്നേറ്റു പോയി അരികിലൂടെ മാതാ കടന്നുപോയപ്പോൾ തന്റെ രോമകൂപങ്ങൾ എഴുന്നേറ്റു നിന്നു. ലോകർക്കു മുഴുവ നും. ഇവർ ദൈവ അവതാരമാണ് പക്ഷേ തന്റെ കണ്ണുകളിൽ നിന്നു വരുന്ന പകയുടെ തീജ്വാല അവർക്ക് നേരെ പാഞ്ഞു. സ്ത്രീയെ പറ്റിയും, സ്ത്രീത്വത്തെ പറ്റിയും സ്ത്രീയുടെ കർത്തവ്യത്തെപറ്റിയും അവർ വാചാലയായപ്പോൾ ഞങ്ങളുടെ മുമ്പിൽ മാത്രമാണ് നിങ്ങൾ അപഹാസ്യകഥാപാത്രം, മറ്റുള്ളവർക്ക് വലിയ മോഹിനി മാതാവ് ആണെന്ന് അവൾ തിരിച്ചറിഞ്ഞു. പക്ഷേ നിങ്ങൾ മൂന്നു ദിവസത്തെ പ്രഭാഷണം പൂർത്തിയാക്കില്ലയെന്ന് മനസ്സിൽ ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ട് താൻ ഹാളിൽ നിന്ന് ഇറങ്ങി നടന്നു. രണ്ടാമത്തെ ദിവസം താൻ പ്രഭാഷണത്തിന് ഒന്നും പോയില്ല. വെറുതെ അവിടെയെല്ലാം കറങ്ങി നടന്നു. മൂന്നാം ദിവസം രാവിലെയാണ് തനിക്ക് മോഹിനിമാതായെ കാണാനുള്ള അനുവാദം കിട്ടിയത്. മൂന്നാം ദിവസം അതിരാവിലെ തന്നെ താൻ എഴുന്നേറ്റ് കുളിച്ച് ഒരുങ്ങി വാതിൽ തുറന്ന് പുറത്തേയ്ക്ക് ഇറങ്ങി പലരും അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുന്നു. താൻ അവരോട് കാര്യം തിരക്കി അപ്പോഴാണ് ഒരാൾ പറഞ്ഞത് മോഹിനിമാതാ ദിവംഗതയായി എന്ന്. താൻ വീഴാതെയിരിക്കാൻ വാതിലിൽ പിടിച്ചു, എന്തായിരിക്കും സംഭവിച്ചിട്ടുണ്ടാവുക ഒരു രൂപവുമില്ല. മെല്ലെ റൂമിൽ പോയി കണ്ണുകളടച്ച് ഇരുന്നു.

അപ്പോഴാണ് ഡോ. ഹരിശങ്കർ തന്റെ റൂമിലേയ്ക്ക് വന്നത്. വന്ന ഉടനെ വാതിൽ അടച്ച് കുറ്റിയിട്ട ശേഷം തന്നോട് പറഞ്ഞു ക്ഷമിക്കണം. ഡോ. ദേവികയുടെ ദൗത്യം ഞാൻ ഏറ്റെടുത്തതിന്, അവൾ ഒന്നും മനസ്സിലാകാതെ അയാളെ തുറിച്ചു നോക്കി. അന്ന് ഫോൺ വേണം നെറ്റ് നോക്കാൻ എന്നു പറഞ്ഞു ദേവിയുടെ ഫോൺ വാങ്ങിച്ചില്ലേ അപ്പോഴാണ് മോഹിനിമാതയുടെ ഫോട്ടോ ഫോണിൽ കണ്ടത്. ജിജ്ഞാസയോടെ നോക്കിയപ്പോൾ താൻ തന്റെ ഫയൽ ലോക്ക് ചെയ്തിരുന്നില്ല. അതുകൊണ്ട് എല്ലാം ഞാൻ വായിച്ചു, തെറ്റ് ആണെന്നറിഞ്ഞിട്ടും രണ്ടാളുടെയും ലക്ഷ്യം ഒരാളാണന്ന് മനസ്സിലായി. തനിക്ക് അമ്മയോടുള്ള സ്നേഹവായ്പകൾ ഞാൻ ഓരോ വരികളിലും വായിച്ച് അറിഞ്ഞു. പിന്നീട് എപ്പോഴാണ് അത് പകയായി മാറിയത്. ലോകം മുഴുവനും അറിയുന്ന മോഹിനി മാത തന്റെ അമ്മയാണെന്ന് അറിഞ്ഞപ്പോൾ തനിക്ക് ഉണ്ടായ വികാരം എന്തായിരുന്നു. ദേവിക പറഞ്ഞു അമ്മയുടെ ചൂട് പറ്റി ഉറങ്ങേണ്ട ബാല്യത്തിൽ ഒറ്റക്ക് ഒരു മുറിയിൽ കിടക്കുമ്പോൾ അമ്മയെ ഓർത്ത് കരഞ്ഞ് കരഞ്ഞാണ് ഞാൻ ഉറങ്ങിയിരുന്നത്. അന്ന് എല്ലാം അമ്മ മരിച്ചുപോയി എന്നായിരുന്നു കരുതിയിരുന്നത്. പിന്നീട് കൗമാരത്തിൽ അമ്മയുടെ കരുതലും ശ്രദ്ധയും എല്ലാം വേണ്ട സമയത്ത് അത് ഒന്നും ലഭിക്കാതെ എന്ത് ചെയ്യണമെന്നറിയാതെ ഞാൻ വാവിട്ട് കരഞ്ഞിട്ടുണ്ട്. അപ്പൊഴെല്ലാം അച്ഛൻ അമ്മയുടെ സ്ഥാനത്ത് നിന്ന് പറഞ്ഞ് തന്നിരുന്നെങ്കിലും അതിനെല്ലാം ഒരു അവ്യക്ത ഉണ്ടായിരുന്നു. യൗവ്വനത്തിൽ ജീവിതത്തെ ഗൗരവത്തോടെ കാണാൻ തുടങ്ങിയപ്പോൾ അമ്മ എന്ന സ്ത്രീ ഞങ്ങളെ ഉപേക്ഷിച്ച് പോയതാണെന്ന് മനസ്സിലായപ്പോൾ എനിക്ക് അവരോട് തീർത്താ തീരാത്ത പകയായി മാറി. സ്വാർത്ഥതാൽപരയമനുസരിച്ച് മദിച്ച് ജീവിച്ച് ഇപ്പോൾ മാതാവായി വേദാന്തം പറഞ്ഞ് നടക്കുന്നു. അവർക്ക് അതിന് എന്ത് യോഗ്യതയാണ് ഉള്ളത്. എന്റെ ചുടുകണ്ണുനീർ അവരുടെ ദേഹത്ത് വീണാൽ അവർ വെന്ത് വെണ്ണീറാകും. വികാരവിക്ഷേഭത്താൽ ഡോ. ദേവിക കിതക്കുന്നുണ്ടായിരുന്നു. അവരെ കാണാനും പകരം

വീട്ടാനുമാണ് ഞാൻ ഇവിടെ എത്തിയത് അപ്പോഴെക്കും....

രണ്ടാളുടെയും ലക്ഷ്യം ഒന്നായതുകൊണ്ട് ആ ദൗത്യം ഞാൻ ഏറ്റെടുക്കാം എന്നു കരുതി കാരണം ദേവികയെ കാത്തിരിക്കുന്ന ഒരച്ഛനുണ്ട് വീട്ടിൽ എന്നെ കാത്തിരിക്കാൻ ആരും ഇല്ല. ഈ മോഹിനിമാതാ എൻെറ ആരും അല്ല. എന്റെ അച്ഛനെ തട്ടിയെടുത്തു കൊണ്ടുപോയ ഒരു ക്രൂരമുഖമാണ് അവർക്ക് ഉള്ളത്. നിഷ്കളങ്കയായ എന്റെ അമ്മ എപ്പോഴും പറയുമായിരുന്നു എന്നെക്കാൾ എന്തൊക്കെയോ യോഗ്യത ആ സ്ത്രീക്ക് ഉണ്ട് അതുകൊണ്ടാണല്ലോ....അമ്മയുടെ നിരാശ സങ്കടക്കടലായി മാറുന്നതു കണ്ട് വളർന്ന എനിക്ക് അച്ഛനെന്ന വ്യക്തിയോടും ആ സ്ത്രീയോടും പകവീട്ടണമെന്ന ചിന്ത ചെറുപ്പം മുതലേ ഉടലെടുത്തു. പഠിച്ച് വലുതായി അറിയപ്പെടുന്ന കാർഡിയോളജിസ്റ്റായി ആയിരക്കണക്കിനു ആളുകളുടെ ജീവൻ രക്ഷിച്ച്പ്പൊഴെല്ലാം തന്റെ മനസ്സ് പറയുന്നുണ്ടായിരുന്നു രണ്ടാളോട് എനിക്ക് പകരം വീട്ടണം എന്ന്. വിധിവൈപര്യത്താൽ അച്ഛൻ എന്ന മനുഷ്യൻ വേണ്ടസമയത്ത് ചികിത്സ കിട്ടാതെ അറ്റാക്കിൽ മരിച്ചു എന്നറിഞ്ഞു. അങ്ങനെ പ്രമുഖ കാർഡിയോളജിസ്റ്റിൻെറ അച്ഛൻ ചികിത്സ കിട്ടാതെ മരിച്ചതും വിധിയുടെ വിളയാട്ടമായിരുന്നു.

രണ്ടാം ദിവസം വൈകുന്നേരം ഞാൻ മോഹിനിമാതയെ കാണാൻ പോയി. എനിക്ക് കാണാൻ ഒരു തടസ്സവുമില്ലായിരുന്നു.അവരോടുള്ള പക എന്ന ചിന്തവിട്ട് അവരെ തന്റെ ജീവിതത്തിലേക്ക് കൊണ്ടുവരണം എന്ന ആഗ്രഹത്തോടെ ഞാൻ സംസാരിച്ചു. അവർ അവരുടെ തെറ്റ് തിരുത്തി വരുമെന്ന പ്രത്യാശയുണ്ടായിരുന്നെങ്കിലും അവർ അതിന് തയ്യാറായില്ല. അവർക്ക് ഒരു മകൾ മാത്രമല്ലെന്നും അനേകായിരം മക്കൾ ഉണ്ടെന്നും അവർ ലോകത്തിന്റെ തന്നെ അമ്മയാണെന്നും എല്ലാം പറഞ്ഞു. ഒടുവിൽ ഞാൻ പറഞ്ഞു ഞങ്ങൾ രണ്ടാളും നിങ്ങളോട് പകരം വീട്ടാനാണ് ഇവിടെ എത്തിയത് പരസ്പരം അറിയാതെ ഞങ്ങൾ ഇവിടെ എത്തിയതാണ്. നിങ്ങൾക്ക് രണ്ട് ഓപ്ഷനുകൾ ഉണ്ട്. ഒന്ന് നിങ്ങൾ നിങ്ങളുടെ കർത്തവ്യം ചെയ്യാനായി തിരികെ പോകണം അവിടെയും സദ്ചിന്തയോടെ സത്സംഗങ്ങൾ ഉണ്ടാക്കാവുന്നതെയുള്ളൂ. 2-ാമത്തെ ഓപ്ഷൻ നിങ്ങൾ ജീവിക്കണമോ വേണ്ടയോ എന്ന് സ്വയം തീരുമാനിക്കുക. നാളെ വൈകുന്നേരം വരെ സമയമുണ്ട് ആലോചിക്കൂ എന്നു പറഞ്ഞ് ഞാൻ തിരിച്ച് വന്നു.

രാവിലെ എന്റെ വാതിലിൽ മുട്ട് കേട്ട് ഉണർന്നുചെന്നപ്പോൾ മാതായുടെ പ്രൈവറ്റ് സെക്രട്ടറിയാണ് മാതാ എഴുന്നേൽക്കുന്നില്ല മിണ്ടുന്നില്ല എന്നൊക്കെ പറഞ്ഞു ഞാൻ ഓടിപോയി നോക്കിയപ്പോൾ മരിച്ചിട്ട് കുറച്ച് സമയം ആയിരിക്കുന്നു. ഞാൻ വിധിയെഴുതി സൈലന്റ് അറ്റാക്ക് ആണെന്ന് എന്തായാലും നമ്മൾ ചെയ്യേണ്ടത് ദൈവം അവരെകൊണ്ട് തന്നെ ചെയ്യിപ്പിച്ചു. അമ്മയുടെ ചിതക്ക് തീ കൊളുത്തുമ്പോൾ നീതി ലഭിക്കാതെ അമ്മ മറഞ്ഞുപോയത് ഓർത്ത് മനസ്സ് മുഴുനും വിങ്ങിപ്പൊട്ടുകയായിരുന്നു. എന്റെ അമ്മയുടെ കണ്ണുനീരിന്റെ ഫലമായിരിക്കാം ഇങ്ങനെയൊക്കെ സംഭവിച്ചത്. തിരിച്ച് മടക്കയാത്രയിൽ മുന്നിലിരിക്കുന്ന ഒരാൾ ഉറക്കെ നെററിലൂടെ പേപ്പർ വായിക്കുന്നുണ്ടായിരുന്നു. അനേകായിരം പേരുടെ ജീവൻ രക്ഷിച്ച ഡോ. ഹരിശങ്കറിന് മോഹിനി മാതയുടെ ജീവൻ രക്ഷിക്കാനായില്ല. അദ്ദേഹത്തിന്റെ ആതുര സേവനത്തിൽ ആദ്യത്തെ പരാജയം എന്ന്. അപ്പോൾ ഹരിശങ്കർ ദേവികയോട് പറഞ്ഞു ഇത് എന്റെ പരാജയമല്ല എന്റെ വിജയമാണ്. കാത്തിരുന്ന വിജയം എന്നു പറയുമ്പോൾ ദേവികയുടെ മുഖത്തും ഒരു പുഞ്ചിരി വിരിയുന്നുണ്ടായിരുന്നു.

*****

*ഗാന്ധിസൂക്തം*

# മാതൃകാപുരുഷൻ

ഹൃദയത്തെ മഥിച്ചുകൊണ്ടിരിക്കുന്ന പല ആഗ്രഹങ്ങളും ത്യജിച്ച് ആത്മസംതൃപ്തി നേടിയ വ്യക്തിയേയാണ് സ്ഥിരപ്രജ്ഞൻ അഥവാ സമചിത്തൻ എന്നു വിളിക്കുന്നത്. സന്തോഷത്തിൽ അയാൾ മതിമറക്കാറില്ല, പ്രതികൂല സാഹചര്യത്തിൽ തളരാറുമില്ല. സുഖവും ദുഖവും നാമനുഭവിക്കുന്നത് പഞ്ചേന്ദ്രിയങ്ങളിൽ കൂടിയാണ്. അതിനാൽ അയാൾ ആമ പുറംതോടിനുള്ളിലേക്ക് ഉൾവലിയുന്നതുപോലെ, തന്റെ പഞ്ചേന്ദ്രിയങ്ങളെ ബാഹ്യലോകത്തുനിന്നും ഉള്ളിലേക്ക് വലിക്കുന്നു. ആമ തല ഉള്ളിലേക്കു വലിക്കുന്നത് അപകടം മണത്തറിയുമ്പോഴാണ്. എന്നാൽ ഭൗതിക വസ്തുക്കൾ എപ്പോഴും അപകടകരം തന്നെ. ഏതു സമയവും ഇന്ദ്രിയങ്ങളെ നിയന്ത്രിക്കേണ്ടതുണ്ട്. ഇതാണ് യഥാർത്ഥ സംഘർഷം. ചിലർ ആത്മപീഡനം നടത്തിയും ഉപവാസം കഴിച്ചും ഒക്കെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കാറുണ്ട്. ഒരു പരിധിവരെ വിജയിക്കാറുമുണ്ട്. ഉപവാസം നടത്തുന്നിടത്തോളം കാലം ഇന്ദ്രിയങ്ങളെ അടക്കാൻ കഴിയും. എന്നാൽ വിഷയങ്ങളോടുള്ള മനസ്സിന്റെ കാമന ഉപവാസം കൊണ്ടു മാത്രം ഇല്ലാതാക്കാൻ കഴിയില്ല. ഉപവാസം മുറിയുമ്പോൾ മനസ്സിന്റെ മോഹം വീണ്ടും ഉണർന്നെന്നും വരും. ഈശ്വരാനുഗ്രഹം ഇല്ലാതെ ഇന്ദ്രിയ നിഗ്രഹം സാധ്യമല്ല. വികാരങ്ങൾക്ക് വീര്യമുണ്ട്. സൂക്ഷിച്ചില്ലെങ്കിൽ അവ നമ്മെ ഏതു നിമിഷവും കീഴടക്കും. ഇക്കാര്യത്തിൽ നാം സദാ ജാഗ്രത പുലർത്തണം. സ്വന്തം ആത്മാവിൽ കുടിയിരിക്കുന്ന ഈശ്വര ചൈതന്യത്തെ തിരിച്ചറിയുകയും ആരാധന നടത്തുകയും ചെയ്ത് നമുക്കീ ലക്ഷ്യം നേടാനാവും. ഈശ്വരനെ തൻെറ ലക്ഷ്യമായി കാണുകയും സ്വന്തം ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് ഈശ്വരനു മുന്നിൽ ആത്മസമർപ്പണം ചെയ്യുകയും ചെയ്യുന്ന വ്യക്തിയെയാണ് 'യോഗി' എന്നു വിളിക്കുക. നേരേ മറിച്ച് സ്വന്തം വികാരങ്ങളുടെ അടിമയായി ഭൗതിക വസ്തുക്കളെല്ലാം അറിഞ്ഞും ആസ്വദിച്ചും കഴിയുന്ന ഒരാൾക്ക് മറ്റൊന്നും തന്നെ ചിന്തിക്കാൻ സാധ്യമല്ല. ഭൗതികവസ്തുക്കളോടുള്ള അടുപ്പത്തിൽ നിന്നുണ്ടാവുക ആഗ്രഹങ്ങളാണ്, ആഗ്രഹം സാധിക്കാതെ വരുമ്പോൾ അയാൾക്ക് അസ്വസ്ഥതയും കോപവും ഉണ്ടാവുന്നു. കോപം മനുഷ്യനെ ഭ്രാന്തനാക്കുന്നു. തിരിച്ചറിവിനുള്ള കഴിവ് നഷ്ടപ്പെടുന്നു. അവന്റെ ഓർമ്മശക്തി നശിച്ച് സ്ഥിരബുദ്ധിയില്ലാതെ ദുരന്തത്തിലേക്കു നീങ്ങുന്നു. തോന്നുംപടി ജീവിക്കുന്ന ഒരു മനുഷ്യൻ ദിശാബോധമില്ലാത്ത ഒരു കപ്പൽ പോലെയാണ്. തിരമാലകളിൽ ചാഞ്ചാടി ഏതെങ്കിലും പാറക്കൂട്ടത്തിൽ ചെന്ന് ഇടിച്ചു തകരാനാവും വിധി. മനുഷ്യൻ ആഗ്രഹങ്ങളെ ഉപേക്ഷിക്കുകയും വികാരങ്ങളെ നിയന്ത്രിക്കുകയും വേണം. കണ്ണുകൾ കാണേണ്ടത് പവിത്ര വസ്തുക്കളാണ്. കാതുകൾ കേൾക്കേണ്ടത് ദേവസ്തുതികളാണ്, അഥവാ നിസ്സഹായരുടെ നിലവിളിയാണ് കൈകാലുകൾ മനുഷ്യസേവനത്തിനുള്ളവയാണ്. സത്യത്തിൽ ഇന്ദ്രിയങ്ങളും അവയവങ്ങളും എല്ലാം കർമ്മം ചെയ്യാനുള്ളതാണ്. ഈശ്വരാനുഗ്രഹം നേടാൻ യത്നിക്കുകയാണ് അവയുടെ ധർമ്മം. ഈശ്വരകാരുണ്യം നേരിയാൽ പിന്നെ ദുഖങ്ങളില്ല. ഇള വെയിലിൽ മഞ്ഞുരുകുന്നതുപോലെ ഈശ്വരകാരുണ്യത്തിൽ വേദനകൾ അപ്രത്യക്ഷമാകുന്നു. സ്ഥിരബുദ്ധി ലഭിക്കുന്നു. എന്നാൽ മനസ്സിന് ഉറപ്പില്ലാത്ത ഒരാൾക്ക് എങ്ങിനെയാണ് നല്ല ചിന്തകൾ ഉണ്ടാവുക നല്ല ചിന്തകളില്ലെങ്കിൽ സമാധാനം ഇല്ല, സമാധാനം ഇല്ലെങ്കിൽ സന്തോഷവും ഇല്ല. സ്ഥിത പ്രജ്ഞൻ കാര്യങ്ങൾ വ്യക്തമായി പകൽവെളിച്ചംപോലെ കാണുമ്പോൾ ചഞ്ചലമാനസൻ ലോകത്തിൽ പരിഭ്രാന്തനായി പ്രബുബ്ധനായി കാഴ്ചശക്തി നഷ്ടപ്പെട്ടവനെപ്പോലെ നിലകൊള്ളുന്നു. അജ്ഞാനിയുടെ കണ്ണിൽ പവിത്രമായി കാണപ്പെടുന്നതെല്ലാം ജ്ഞാനിയായ ഒരാൾക്ക് മനസ്സിന് പിടിച്ചു എന്നു വരില്ല. നദികൾ അനുസ്യൂതമായി സമുദ്രത്തിൽ പതിക്കുന്നു. പക്ഷേ സമുദ്രത്തിന് തെല്ലുമില്ല ചലനം. അതുപൊലെ ഭൗതിക വസ്തുക്കൾ ഒന്നും തന്നെ യോഗിയുടെ മനസ്സിനെ ഉലയ്ക്കാൻ പര്യാപ്തമാവുന്നില്ല. മോഹങ്ങൾ ഉപേക്ഷിച്ച ഒരാളിന് അഹങ്കാരമില്ല, സ്വാർത്ഥതയില്ല. അയാൾ തികച്ചും വ്യത്യസ്ഥനാണ്. അയാൾക്കുള്ളതാണ് സമാധാനം. പരിപൂർണ്ണ മനുഷ്യനാകുന്നു അയാൾ. അവസാന നിമിഷത്തിലെങ്കിലും അത്തരമൊരു സ്വത്വത്തിലേക്കുയരാൻ കഴിഞ്ഞാൽ മനുഷ്യനു മോചനം ലഭിക്കും.

*ഗീതാ വ്യാഖ്യാനം, (1960), പുറം 11–13*

# 1199 ഇടവമാസ ഫലം

ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ

Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു



(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) പൊതുവേ അനുകൂലമായ സമയമാണ് സാമ്പത്തികമായി മെച്ചപ്പെടും വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം നടക്കും. വിദ്യാർത്ഥികൾക്ക് ഉന്നത വിജയം നേടുവാൻ സാധിക്കും. മെയ് 23, 24 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി മന്ത്രജപം നടത്തുന്നതും നല്ലതാണ്



( ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) പൊതുവേ മാസം അനുകുലമായിരിക്കും. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പണം ചിലവഴിക്കേണ്ടി വരും വീട് വാങ്ങാനോ പുതുക്കി പണിയാനോ ആഗ്രഹിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. മെയ് 25, 26 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്തപുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. പഞ്ചാക്ഷരി മന്ത്രാജപവും ശിവ ക്ഷേത്ര ദർശ്ശനവും നടത്തുക .




(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) മാനസിക സംഘർഷങ്ങൾ അനുഭവിക്കുമെങ്കിലും ബുദ്ധിപരമായനിക്കങ്ങളിലൂടെ പ്രശ്നങ്ങളെ പരിഹരിക്കും . വിദ്യാ ലാഭവും വാഹന ലാഭവും പ്രതീക്ഷിക്കാം. വസ്തു സംബന്ധമായ തർക്കങ്ങളിൽ പങ്കാളിയാകേണ്ടി വരും. മെയ് 27, 28 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. വ്യാഴാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്ര ദർശനവും വിഷ്ണു സഹസ്ര നാമജപവും നടത്തുക,



(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം) അശ്രദ്ധമൂലം കർമ്മരംഗത്ത് നഷ്ടങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കണം.സ്വന്തമായി ആർജിച്ച ധനം തടസ്സം കൂടാതെ കൈവശം വന്ന് ചേരും പുതുതായി വാഹനനം വീട് തുടങ്ങിയവ വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് അതിന് അവസരം ഉണ്ടാകും മെയ് 29, 30 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്ത തിനാൽ പുതുസംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശാസ്താ ക്ഷേത്രദർശനവും മന്ത്രജപവും ചെയ്യുന്നത് നല്ലതാണ്.



(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) വിവാഹിതരാകാൻ ശ്രമിക്കുന്നവർക്ക് അനുകുല കാലമാണ്. അലസത മാറ്റി കാര്യമായ പരിശ്രമം നടത്തിയാൽ അനുകൂല ഫലം ലഭിക്കും കർമ്മരംഗത്ത് പ്രവൃത്തിക്ക് അനുസരിച്ചുള്ള പ്രതിഫലം ലഭിക്കുവാൻ പ്രയാസമായിരിക്കും. ജൂൺ 1 ,2 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ദേവീ ഗണപതി പ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തുന്നതും ക്ഷേത്രത്തിൽ ദർശ്ശനം നടത്തുന്നതും നല്ലതാണ്.



(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) ആഗ്രഹിച്ചിരുന്ന പല കാര്യങ്ങളിലും ഉണ്ടായിരുന്ന തടസ്സങ്ങൾ നീങ്ങി അനുകൂല ഫലങ്ങൾ ലഭിക്കും, അപ്രതീക്ഷിത ഭാഗ്യങ്ങൾ ഉണ്ടാവും, ദാമ്പത്യ കലഹത്തിന് സാധ്യത ഉള്ളതാനിൽ ദമ്പതികൾ കരുതലോടെ ഇടപെടണം. ശിരോ രോഗവും ഉദരരോഗവും ഉള്ളവർ തക്ക സമയത്ത് വൈദ്യസഹായം തേടണം. ജൂൺ 3, 4 ദിവസങ്ങൾ അനുകൂലമല്ല. ദേവീ ക്ഷേത്ര ദർശ്ശനവും ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും വേണം.



തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) വിദ്യാർത്ഥികൾക്ക് .വിദ്യാഭ്യാസ വിഷയങ്ങളിൽ ഭാഗ്യാനുഭവങ്ങൾ ഉണ്ടാകാം. അശ്രദ്ധമായ പണമിടപാടുകൾ നഷ്ടവും ശത്രുതയും ഉണ്ടാക്കാം. നേത്രരോഗവും ഉദരരോഗവും ഉള്ളവർ രോഗം മൂർഛിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ജൂൺ 5 6 തിയതികൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. .വൈഷ്ണവ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(വൃശ്ചികക്കൂർ വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട ) പൊതുവേ മാസം അനുകൂലമായിരിക്കും. ദീർഘകാലമായി ആഗ്രഹിക്കുന്നതും എന്നാൽ അവിചാരിതമായ കാരണങ്ങളാൽനടക്കാതെ പോയതും ആയ പല ആഗ്രഹങ്ങളും സഫലമാകാം. വിവാഹം കർമ്മ പുരോഗതി വാഹന ഗൃഹ ലാഭം തുടങ്ങിയ വിഷയങ്ങളിൽ അനുകൂലമായ ഫലങ്ങൾ പ്രതീക്ഷിക്കാം. ജൂൺ 8 9 ദിവസങ്ങളിൽ ശ്രീകൃഷ്ണക്ഷേത്ര ദർശ്ശനവും ദേവ പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) തൊഴിൽ പരമായും ദാമ്പത്യപരമായും ഉള്ള പ്രശ്നങ്ങളെ ശ്രദ്ധയോടെ ബുദ്ധിപൂർവ്വം പരിഹരിക്കുവാൻ സാധിക്കും. എല്ലാ മേഖലയിലും ശത്രുക്കൾ വർദ്ധിക്കുമെങ്കിലും ഈശ്വരാനുഗ്രഹം കൊണ്ട് ശത്രു വിജയം നേടും. സന്താനങ്ങളെ കുറിച്ചുള്ള ചിന്തകളും വസ്തു സംബന്ധമായ പ്രശ്നങ്ങളും മനസിനെ അലട്ടും മെയ് 15 ജൂൺ 10 ,11 ദിയതി അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിർക്കുന്നതാണ് ഉത്തമം. സർപ്പ പ്രീതികരമായ വഴി പാടുകൾ നടത്തുക



(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) പൊതുവെ മാസം അതുകൂലമായിരിക്കും. ബന്ധുക്കളുമായുള്ള അഭിപ്രായ വ്യത്യാസം മാറും. പുതിയ വാഹനം വാങ്ങിക്കുന്നതിനെ കുറിച്ചും ഗൃഹനിർമ്മാണത്തിനെ കുറിച്ചുമുള്ള ചിന്തകൾ പരിശ്രമത്തിലേക്ക് എത്തും. മെയ് 16 ,17 ജൂൺ 12, 13 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാ വെള്ളി ദിവസങ്ങളിമെയ് ദേവീക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) പ്രവൃത്തി രംഗത്ത് ഉണ്ടായ തടസ്സങ്ങൾ നീങ്ങും ബുദ്ധിപരമായും സാമർത്ഥ്യതോടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് ഫലത്തിലെത്തും. ബസുക്കളുമായി അകൽച്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. മെയ് 19, 20 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ദേവിക്കും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) പങ്കാളികൾ മുഖാന്തരവും കുടുബത്തിൽ നിന്നും ധന ലാഭം പ്രതീക്ഷിക്കാം.കർമ്മരംഗത്ത് കഠിന പ്രയത്നം വേണ്ടിവരും ധനം വാക്ക് എന്നിവ മൂലം ദാമ്പത്യ കലഹം ഉണ്ടാകാതിരിക്കുവാൻ ബുദ്ധിപൂർവ്വം പരിശ്രമിക്കേണ്ടി വരും. ശിരോരോഗ സാധ്യത കരുതിയിരിക്കുക. മെയ് 20, 21 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക

*ശുഭമസ്തു ശംഭോമഹാദേവ!*
*എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 29yrs,181cm,Pooyam, B.Tech, MBA,Product Manager, Mob. 7780518091, 8008811194,

Email:urunnithan@gmail.com
Date of Birth:20-12-1994(11.55pm)
Sishta Dasa:

സ ശു ര കു ബു

| | | | |
|---|---|---|---|
| | ശി | | മാ |
| മ | ഗ്രഹനില & അംശകം | | ച |
| | | | കു ല |
| ര ബു | ഗു | ശു സ | |

മ മാ · ച · ല · ഗു ശി

Contact Address:
MR.UNNIKRISHNAN
FLAT NO.301,
SESH NESTLE,
HYDERABAD

Nair Boy, 29/182cm,Makam, B.Tech (Mech), Pursuing Masters , Msc in Insurance and Risk, Student, MOB:9061349162

Email:see.mas@live.com
Date of Birth: 15-6-1994(4.05pm)
Sishta Dasa:

| | | | |
|---|---|---|---|
| | കു ശി | | ര ബു |
| | ഗ്രഹനില & അംശകം | | ശു |
| | | | ച മാ മ |
| | | ഗു ല സ | |

Contact Address:
MR.HARINDRAN NAIR
HARINANDANAM
ATHANI,
NANTHIATTUKUNNAM
AVOOTTIL ROAD
NORTH PARAVUR

Nair Boy, 37Yrs/ 177cm, Chithira 1/2 (Kanni) , BSE.IT, Owner of Travancore system, Divorced, Mob: 9820446371, 9947819960

Email:rovan7986@gmail.com
Date of Birth:7-9-1986 (9.50 am)
Sishta Dasa:Jupiter:1-8-13

സ ഗു

| | | | |
|---|---|---|---|
| സ | | | |
| ഗു | ഗ്രഹനില & അംശകം | | |
| മാ | | | ര ബു |
| കു | മ | ശു ല | ച ശി |

മാ · ച · ല · ശി
ശു ര ബു മ കു

Contact Address:
MR.HARESH PILLAI
MALAD WEST
MUMBAI

# പുലരി

വിദ്വൽപ്രഭ. ജെ.എസ്. 9847537007

കമനീയമാക്കുന്ന പ്രപഞ്ചമെന്നും
കതിരോൻ പ്രഭാതമീജീവിതം
ദൈവത്തിൻ പ്രഭയെങ്ങും പരക്കുന്നു
നിത്യജീവിതം ചൈതന്യമാക്കുന്നു
പുലരിദേവത വെളിച്ചം വീശുന്നു
ശാന്തിയും സമാധാനവുമേകീടുന്നു
ജീവിതം കഥയും കവിതയുമല്ല
തരുന്നു രവി വിവിധ നിറങ്ങൾ
പൂത്തു നില്ക്കുന്ന ചെടിപോലെ
പതിയെനല്കുന്ന പ്രഭാതരശ്മികൽ
സ്വർണ്ണരശ്മികൾ തൂകിത്തൂകി
പുലരിയെത്തുന്നു ഉണർത്താനായ്
ഉണർത്തുപാട്ടുമായ് കിളികൾ
കൊഞ്ചിക്കൊഞ്ചി പാടുന്നു
എവിടെയാണേലും ദിവാകരൻ

തമസ്സെല്ലാം തട്ടിമാറ്റി വന്നീട്ടും
പുലരിദേവൻ പൊൻകതിർ
വീശവേ പ്രത്യാശയേറീടും
പുത്തനുണർവ്വു നൽകീടും
കാവ്യഭംഗി തുളുമ്പി പോരുന്നു
മർത്ത്യജീവിതത്തെ തൊട്ടുണർത്താൻ
കത്തിജ്ജ്വലിക്കുന്നു ആദിത്യൻ
കൈയ്യെത്തും ദൂരത്തെ മലരുപോലെ
സുഗന്ധംപോൽ വെളിച്ചമേകി
പ്രപഞ്ചത്തെ മനോഹരിയാക്കാൻ
പൂങ്കാറ്റും പൊൻപുലരിയും
ആഗതമാകുന്നൂ മാനവഹൃത്തിന്
സുഖം പകരാൻ സാന്ത്വനമായ്
ആമോദത്തോടെ അരുണൻ




2024ലെ വിഷു വിപണന മേള എറണാകുളം കരയോഗം ജനറൽ സെക്രട്ടറി
ശ്രീ. പി. രാമചന്ദ്രൻ (വേണു) ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.


# ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്

എറണാകുളം കരയോഗത്തിന്റെ ഗുരുവായൂർ
രാധേയം ഗസ്റ്റ് ഹൗസിൽ സൗകര്യപ്രദമായ 38 മുറികൾ,
വിശാലമായ പാർക്കിംഗ് സൗകര്യം,വിവാഹാവശ്യങ്ങൾക്കും
മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ



**ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്**

**തെക്കേ നട, കാരക്കാട്ട് റോഡ്, ഗുരുവായൂർ - 680101**

**ബുക്കിങ്ങിനായി വിളിക്കുക. -**

**0487-2504700, 8547871161, 9446365116**

**DATE OF PUBLICATION: 10-05-2024**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2022-24**
**LICENSE NO. KL/CR/EKM/WPP-7/2022-24**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 16 | MAY 2024 | Issue No.5

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

വയലി ഫോക് ലോർ ഗ്രൂപ്പ്, ഫ്രണ്ട്സ് ഓഫ് ഭാരതപ്പുഴ എന്ന സംഘടനയുടെ ഡയറക്ടറായ ശ്രീ വിനോദ് നമ്പ്യാർ, 'പൈതൃകം പഠനത്തിൽ നദികളുടെ പങ്ക്' എന്ന വിഷയത്തെ അധികരിച്ച് മെയ് 18ന് വൈകീട്ട് 4 മണി മുതൽ 6 മണി വരെ. ടി.ഡി.എം. ഹാളിൽ സംസാരിക്കുന്നു.

## എറണാകുളം കരയോഗം സാഹിതിയോഗം

മെയ് 26 ഞായറാഴ്ച വൈകിട്ട് 3.30ന്



**മലയാറ്റൂരിന്റെ വേരുകൾ.**

അവതരണം:

ശ്രീമതി വിദ്വൽ പ്രഭ. ജെ.എസ്.

## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

### അകായിലെ സംഗീതം



19-05-2024 വൈകിട്ട് 4 മണിക്ക്
ടി.ഡി.എം. ഹാളിൽ

വേണു നാഗവള്ളി അഭിനച്ചതും, ഡയറക്ട് ചെയ്തതുമായ സിനിമയിലെ പാട്ടുകൾ

ഏവർക്കും സ്വാഗതം.

## ബീം മെയ് മാസ പരിപാടി

### കുച്ചിപ്പുടി

അവതരണം

ശ്രീമതി. ഗീത പത്മകുമാർ

24-05-2024 വെള്ളിയാഴ്ച വൈകുന്നേരം 6.30ന്
ടി.ഡി.എം. ഹാളിൽ

ഏവർക്കും സ്വാഗതം.

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

**സേവനം ജീവിതസാഫല്യം**